
# TAB Trichur Archdiocesan Bulletin

2021 ഒക്ടോബർ വാല്യം: 88 ലക്കം: 10

ARCHDIOCESE OF TRICHUR
Estd. 1887




കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു (മത്തായി 8: 23-27)

# മിഷൻ ഞായർ

**24 ഒക്ടോബർ 2021**



**നിങ്ങൾ ലോകമെങ്ങും പോയി,**
**എല്ലാ സൃഷ്ടികളോടും  സുവിശേഷം പ്രസംഗിക്കുവിൻ**
**(മർക്കോസ് 16: 15)**



Trichur Archdiocesan Bulletin
TAB
ESTD: 1934

**ഒക്ടോബർ 2021**
ലക്കം:10 വാല്യം: 88

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

| | |
|---|---|
| ഇടയലേഖനം | 04 |
| മിഷൻ ഞായർ സന്ദേശം | 18 |
| കച്ചേരിക്കാര്യം | 26 |
| നാളാഗമം | 28 |
| നാമകരണ നടപടികൾ | 35 |
| വൈദികർ | 39 |
| സന്യസ്തർ | 42 |
| മതബോധനം | 47 |
| സ്ഥാപനങ്ങൾ | 52 |
| സംഘടനകൾ | 79 |

# ഇടയലേഖനം

**മാർ ആൻഡ്രൂസ് താഴത്ത്**

1694/2021 P- 2
20.09.2021

## ജപമാല – പ്രേഷിത മാസം

യേശു നൽകിയ പ്രേഷിതദൗത്യം തുടരുവാൻ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം തേടുന്ന പ്രേഷിത-ജപമാല മാസത്തേക്ക് നാം പ്രവേശിക്കുകയാണ്. ഒക്ടോബർ മാസത്തിലെ അവസാനത്തേതിന് തൊട്ടുമുൻപുള്ള ഞായറാഴ്ചയായ 24-ാം തിയ്യതിയാണ് ഈ വർഷം ലോക മിഷൻ ഞായർ ദിനമായി നാം ആചരിക്കുന്നത്. സെഹിയോൻ ശാലയിൽ പരിശുദ്ധ അമ്മയുടെ നേതൃത്വത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശിഷ്യന്മാരുടെ മേൽ (അപ്പ1:14) പരിശുദ്ധാത്മാവ് വന്നുകഴിഞ്ഞപ്പോൾ, അവർ യേശു നൽകിയ പ്രേഷിതദൗത്യത്തിന് (മത്തായി 28:19-20; മർക്കോസ്16:15) സാക്ഷികളായി ലോകത്തിന്റെ അതിർത്തികളിലേക്ക് ഇറങ്ങിത്തിരിച്ചു (അപ്പ. 1 : 8). ഈ സഭാദൗത്യം കാലഘട്ടത്തിനനുസരിച്ച് പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് മാർപ്പാപ്പ 2021ലെ മിഷൻ ഞായർ സന്ദേശത്തിൽ, പ്രേഷിതമാസ വിഷയമായി തിരഞ്ഞെടുത്തിരിക്കുന്നത് അപ്പസ്തോലന്മാരുടെ വാക്കുകളാണ്: ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതിനെ സംബന്ധിച്ച് നിശബ്ദരായിരിക്കാൻ

ഞങ്ങൾക്ക് സാധ്യമല്ല (അപ്പ.4:20). മാർപാപ്പ പറയുന്നു: രോഗി കളെ ശുശ്രൂഷിക്കുകയും പാപിക ളോടുകൂടി ഭക്ഷിക്കുക യും ദരിദ്രരെ തീറ്റി പ്പോറ്റുകയും ഭ്രഷ്ടരാക്കപ്പെട്ടവരെ സമീപിക്കുകയും അശുദ്ധിയുള്ളവരെ സ്പർശിക്കുകയും ആവ ശ്യത്തിൽ ഞെരുങ്ങുന്നവരു മായി സ്വയം താദാത്മ്യപ്പെടുത്തുകയും സൗഭാഗ്യങ്ങളിലേക്കു ക്ഷണിക്കുകയും പുതിയ രീതിയിലും പൂർണ മായ അധികാരത്തോടും കൂടി പഠിപ്പിക്കുകയും ചെയ്ത കർത്താവുമാ യുള്ള സൗഹൃദബന്ധം മായ്ക്കാനാവാത്ത മുദ്ര പതിപ്പിക്കുന്നു. ദരിദ്ര ർക്ക് സുവിശേഷവും ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിച്ച (ലൂക്കാ 4:18– 19) യേശുവിനോടുകൂടെയുള്ള അനുഭവമാണ് അവരെ പ്രേഷിത ദൗത്യ ത്തിലേക്ക് തള്ളിവിട്ടത്. ദൈവ സ്നേഹത്തിന്റെ ശക്തിയാണ് യേശുവിൽ കാണുന്നത് (യോഹ. 3:16). ഈ സ്നേഹം എപ്പോഴും ചലിച്ചുകൊണ്ടിരി ക്കുന്നതാണ്. ഞങ്ങൾ മിശിഹായെ കണ്ടു (യോഹ. 1:40) എന്നതായിരുന്നു ശിഷ്യരുടെ പ്രഘോഷണം.

മിഷൻ ഞായർ സന്ദേശത്തിൽ നാം വായിക്കുന്നതുപോലെ ആദിമക്രൈസ്തവർ തങ്ങളുടെ വിശ്വാസജീവിതം ശത്രുതയുള്ളതും കഠിനവുമായ സാഹചര്യത്തിലാണ് തുടങ്ങിയത്. എന്നാൽ ഇത് പിന്നോട്ടു മാറാനോ അടച്ചുപൂട്ടി ഇരിക്കാനോ പ്രേരിപ്പിക്കുന്ന പ്രയാസമോ തടസ്സമോ ആയിത്തീർന്നില്ല. ഓരോ അസൗകര്യത്തെയും എതിർപ്പി നെയും പ്രയാസത്തെയും മിഷനുവേണ്ടിയുള്ള അവസരമാക്കി. പരിധി കളും തടസ്സങ്ങളും കർത്താവിന്റെ പരിശുദ്ധാത്മാവിനെകൊണ്ട് എല്ലാറ്റിനെയും എല്ലാവരെയും മയപ്പെടുത്തുവാനുള്ള അനുയോജ്യമായ അവസരങ്ങളാക്കി തീർത്തു. അത് അവർക്ക് യഥാർത്ഥ സന്തോഷമായി മാറി (cf. സുവിശേഷത്തിന്റെ സന്തോഷം, നമ്പർ 279, യോഹ. 15:5–11). സഭയും സഭാതനയരും പല തരത്തിലുള്ള വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ മാർപാപ്പയുടെ വാക്കുകൾ പ്രത്യാശയും ധൈര്യവും പകരുന്നതാണ്. അതിനാൽ, ആദിമക്രൈസ്തവരെപ്പോലെ നമ്മളും ക്രിസ്തുവിൽ കാണുകയും കേൾക്കുകയും ചെയ്തവയെപ്പറ്റി നിശബ്ദരായി ഇരിക്കാതെ തികഞ്ഞ തീക്ഷ്ണതയോടുംകൂടി പ്രഘോഷിക്കണം. യേശു നൽകിയ പ്രേഷിതദൗത്യം പ്രാവർത്തികമാക്കാനുള്ള ഏതാനും രീതികൾ താഴെ കൊടുക്കുന്നു.

1) വിശുദ്ധ പോൾ ആറാമൻ പാപ്പ പറയുന്നതുപോലെ ജീവിതസാക്ഷ്യമാണ് ഏറ്റവും വലിയ സുവിശേഷപ്രഘോഷണം.

2) പിതാവിന്റെ ഹിതം മാത്രം നിർവഹിച്ച യേശുവിന്റെ മാതൃകയിൽ പ്രാർത്ഥനയാണ് പ്രേഷിതവിജയത്തിന്റെ ശക്തി. കൊയ്ത്തിന് വേല ക്കാരെ അയക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കാൻ (ലൂക്കാ 10:2) യേശു ആവശ്യപ്പെട്ടതുപോലെ ഈ മാസത്തിൽ നമുക്ക് ദൈവ വിളിക്കായി പ്രത്യേകം പ്രാർത്ഥിക്കാം; സഹിച്ചു പ്രാർത്ഥിച്ച വിശുദ്ധ കൊച്ചുത്രേസ്യായുടെ മാധ്യസ്ഥ്യം നമുക്ക് തേടാം. വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കേണ്ടത് വളരെ പ്രധാനപ്പെട്ടതാണ്. യേശുവിനും സഭയ്ക്കുവേണ്ടി ഇറങ്ങിത്തിരിക്കാൻ യുവജനങ്ങളെ ഞാൻ പ്രത്യേകം ക്ഷണിക്കുന്നു.

3) പ്രേഷിതദൗത്യം ആരംഭിക്കുന്നത് കുടുംബത്തിലാണ്. കോവിഡ് പശ്ചാത്തലത്തിൽ ഇന്ന് വളരെയേറെ വെല്ലുവിളികൾ നേരിടുന്ന കുടും ബങ്ങളെ ശക്തിപ്പെടുത്താൻ നാം തയ്യാറാകണം. അതിരൂപതയിലെ കുടുംബപ്രേഷിതത്ത്വത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന പാരന്റിങ്ങ് കോഴ്സുകൾ, കപ്പിൾസ് മിനിസ്ട്രി, LOAF ധ്യാനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുവാൻ ആഹ്വാനം ചെയ്യുന്നു.

4) നമ്മുടെ സഭയിൽ പ്രേഷിതതീക്ഷ്ണതയുള്ള അജപാലന നേതൃത്വം വളർന്നു വരണം എന്ന ലക്ഷ്യത്തോടെ ജഅഞ്ചഒഋ ഗവേഷണ കേന്ദ്രം ഒരു വർഷം നീണ്ടുനിൽക്കുന്ന Diploma Course in Pastoral Leadership സംഘടിപ്പിക്കുന്നുണ്ട്. നേതൃത്വത്തിലേക്ക് വരാൻ സാധ്യ തകളും കഴിവുകളും ഉള്ളവരെ കണ്ടെത്തി ഈ കോഴ്സിൽ പങ്കെടു പ്പിക്കുവാൻ ശ്രമിക്കുമല്ലോ.

5) കോവിഡ് മഹാമാരിയുടെ ഈ കാലഘട്ടത്തിൽ നമ്മുടെ പ്രേഷിത ചൈതന്യം പ്രകടമാക്കാൻ പലതരത്തിൽ പരിശ്രമിക്കാം. സുവിശേ ഷം ആഹ്വാനം ചെയ്യുന്നതുപോലെ വേദനിക്കുന്നവരിൽ യേശുവിനെ കണ്ട് (മത്താ. 25:40) അവരെ സഹായിക്കുക, മിഷൻ പ്രവർത്തനങ്ങ ളുടെ വിജയത്തിനായി പ്രാർത്ഥനയിലൂടെയും വ്യക്തിപരമായും സാമ്പത്തികമായും സഹായിക്കുക തുടങ്ങിയവ ഈ പ്രേഷിത ചൈത്യം നിലനിർത്താൻ സഹായകമാണ്.

### ജപമാലഭക്തി

നമ്മുടെ കുടുംബങ്ങളുടെ ആദ്ധ്യാത്മികജീവിതം കെട്ടിപ്പടു ക്കുന്നത് പ്രധാനമായും ജപമാലയോടുകൂടിയ കുടുംബപ്രാർത്ഥനയിലൂ ടെയും പരിശുദ്ധ കുർബാനയിലൂടെയും വിശ്വാസപരിശീലനത്തിലൂ ടെയും ആണ്. സഭ ജപമാലഭക്തിയെ വളരെയേറെ പ്രോത്സാഹിപ്പിക്കു

ന്നുണ്ട്. അത് a) ക്രിസ്തുകേന്ദ്രീകൃതവും b) തിരുവചനാധിഷ്ഠിതവും c) കുടുംബകേന്ദ്രീകൃതവും d) പ്രേഷിതാഭിമുഖ്യമുള്ളതും e) വിശുദ്ധി യിലേക്ക് നമ്മെ നയിക്കുന്നതുമായ ഭക്തിയാണ്. നമ്മുടെ സഭയിലെ വിശുദ്ധർ കാണിച്ചുതരുന്ന ഈ ഭക്തി എല്ലാവരും പ്രോത്സാ ഹിപ്പിക്കേ ണ്ടതാണ്. കോവിഡ് സാഹചര്യമായിരുന്നിട്ടും ഒക്ടോബർ മാസത്തിൽ ജപമാലഭക്തിയിൽ വളരുന്നതിന് കഴിഞ്ഞവർഷം ഇടവകതലത്തിൽ വൈദികർ നേതൃത്വം കൊടുത്ത എല്ലാ കാര്യങ്ങളെയും ഞാൻ പ്രത്യേ കം അനുസ്മരിക്കുന്നു. ഈ വർഷവും ജപമാലചൊല്ലി പ്രത്യേകം പ്രാർത്ഥിക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു.

## കാരുണ്യപ്രവർത്തനങ്ങൾ

ക്രൈസ്തവസഭയുടെ അടിത്തറ സുവിശേഷപ്രഘോഷണ ത്തോടൊപ്പമുള്ള കാരുണ്യ പ്രവർത്തികളും കൂടിചേർന്നിട്ടുള്ളതാണ്. അതുകൊണ്ടാണ് സഭാപ്രവർത്തനങ്ങളിൽ വിശ്വാസ പരിശീലനവും ആരാധനാക്രമവും കൂട്ടായ്മപ്രവർത്തനങ്ങളും പരിപോഷിപ്പിക്കുന്നതോ ടൊപ്പം ആതുരശുശ്രൂഷ, സാമൂഹ്യസേവനം, വിദ്യാഭ്യാസം തുടങ്ങിയവ യ്ക്ക് നാം വലിയ പ്രാധാന്യം കൊടുക്കുന്നത്. നമ്മുടെ അതിരൂപത യിൽ വിവിധങ്ങളായ കാരുണ്യപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഈ കാരുണ്യപ്രവർത്തനങ്ങൾക്കായി നേതൃത്വം കൊടുക്കുന്ന എല്ലാ വൈദി കരെയും അത്മായപ്രേഷിതരെയും വിശ്വാസിസമൂഹത്തെയും ഞാൻ പ്രത്യേകം കൃതജ്ഞതയോടെ ഓർക്കുന്നു.

## മിഷൻപ്രവർത്തനങ്ങൾക്കായുള്ള സഹായനിധി

യേശുവിന്റെ പ്രേഷിതദൗത്യം തുടരുന്നതിന് ദൈവവിളികൾ പ്രോത്സാഹിപ്പിക്കുക, മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുക, കാരുണ്യപ്രവർത്തികൾ നടത്തുക എന്നിവ അനിവാര്യമാണ്. നമ്മുടെ അതിരൂപത മിഷൻ പ്രവർത്തനങ്ങൾക്കും കാരുണ്യപ്രവർത്തനങ്ങൾക്കു മായി വളരെയധികം സംഭാവന നൽകുന്നുണ്ട്. അതിരൂപതയിൽ മിഷൻ പ്രവർത്തനങ്ങൾക്കും കാരുണ്യപ്രവർത്തനങ്ങൾക്കുമായി 3 സംഭാവന കവർ പിരിവുകളാണ് നടത്തുന്നത്.

1. പെസഹാവ്യാഴപ്പിരിവ് 2. മിഷൻ ഞായർ പിരിവ് 3. കാരുണ്യനിധി

1) യേശു സെഹിയോൻ ശാലയിൽ വച്ച് പുതിയ നിയമം നൽകുകയും ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുകയും പരിശുദ്ധ കുർബാനയും പൗരോഹിത്യവും സ്ഥാപിക്കുകയും പിന്നീട് പരിശുദ്ധാത്മാവിനെ നൽകുകയും സഭ സ്ഥാപിക്കുകയും ചെയ്തതിന്റെ ഓർമ്മയിൽ

പെസഹാവ്യാഴാഴ്ച്ചയോടനുബന്ധിച്ച് കുടുംബങ്ങളിലേക്ക് നൽകുന്ന പ്രത്യേക കവറുകളിലൂടെ ലഭിക്കുന്ന സംഖ്യ ദൈവവിളി പരിപോഷണത്തിന്, വളരെ പ്രത്യേകിച്ച്, വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിന് വേണ്ടിയാണ് നാം ഉപയോഗിക്കുന്നത്.

2) മിഷൻ ഞായർ പിരിവ് പണ്ടുകാലം മുതലേ നമ്മുടെ അതിരൂപതയിൽ വളരെ നല്ല രീതിയിൽ നടന്നു വരുന്ന ഒന്നാണ്. മൂന്ന് ഉദ്ദേശലക്ഷ്യങ്ങൾക്കു വേണ്ടിയാണ് ഈ കവർ പിരിവിലൂടെ ലഭിക്കുന്ന സംഖ്യ ഉപയോഗിക്കുന്നത്. a) സാർവത്രിക സഭയുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കാനായി മാർപാപ്പയുടെ പൊന്തിഫിക്കൽ മിഷൻ സൊസൈറ്റി വഴി ഈ സംഖ്യയുടെ ഒരു ഭാഗം നാം അയക്കുന്നു. b) സീറോ മലബാർ സഭയുടെ പ്രത്യേക മിഷൻ ഞായർ ദനഹാതിരുനാൾ കഴിഞ്ഞു വരുന്ന ഞായറാഴ്ചയാണ് ആചരിക്കുന്നതെങ്കിലും നമ്മുടെ അതിരൂപതയിൽ ഒക്ടോബറിലെ സാർവത്രിക മിഷൻ ഞായറോടനുബന്ധിച്ച് ശേഖരിക്കുന്ന സംഖ്യയുടെ ഒരു ഭാഗമാണ് നാം അയച്ചുകൊടുക്കുന്നത്. c) തൃശ്ശൂർ അതിരൂപതയുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കാനാണ് മിഷൻ ഞായറോടനുബന്ധിച്ചുള്ള പിരിവിന്റെ മൂന്നാമത്തെ ഭാഗം ഉപയോഗിക്കുന്നത്.

നമ്മുടെ അതിരൂപതയിലും മറ്റു മിഷൻ രൂപതകളിലുമുള്ള ചുരുക്കം ചില പ്രവർത്തനങ്ങളെ നാം സഹായിക്കുന്നുണ്ടെങ്കിലും ഇപ്പോൾ ഷംഷാബാദ് രൂപതയിലെ പ്രവർത്തനങ്ങളെയാണ് മുഖ്യമായും നാം സഹായിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ അതിരൂപതയിൽ നിന്ന് ഇപ്പോൾ 9 വൈദികർ ഷംഷാബാദ് രൂപതയിലും 5 വൈദികർ രാമനാഥപുരം രൂപതയിലും ഒരോ വൈദികർ വീതം ഛാന്ദാ, അദിലാബാദ് രൂപതകളിലും  പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ വൈദികർ പ്രവർത്തിക്കുന്ന ഷംഷാബാദ് രൂപതയിലെ പാർവ്വതിപുരം, വിശാഖപട്ടണം, രാജമണ്ഡ്രി, തുടങ്ങിയവ തികച്ചും മിഷൻ പ്രദേശങ്ങൾ തന്നെയാണ്. അവിടത്തെ ഒരു മിഷൻ പ്രദേശത്തുള്ള വൈദികരുടെ  ചിലവുകൾ വഹിക്കാൻ തയ്യാറായ മരിയാപുരം ഇടവകയെ പ്രത്യേകം അഭിനന്ദിക്കുന്നു. മറ്റു മിഷൻ കേന്ദ്രങ്ങളെയും ദത്തെടുക്കാൻ നമ്മുടെ ഇടവകകളെ ക്ഷണിക്കുന്നു. അദിലാബാദ് രൂപതയിൽ ദേവാലയ നിർമാണത്തിന് സഹായിച്ച നെല്ലങ്കര, നെല്ലിക്കുന്ന്, കുരിയച്ചിറ, അരിമ്പൂർ, കൊളങ്ങാട്ടുകര, പുതുക്കാട്, ലൂർദ് കത്തീഡ്രൽ തുടങ്ങിയ ഇടവകകളെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു. വിശാഖപട്ടണത്ത് നാം വാങ്ങിയ സ്ഥലത്ത് പള്ളി പണിയുന്നതിന് സുമനസ്സുകളുടെ സഹായം ആവശ്യമാണ്.

**കാരുണ്യ നിധി**

അതിരൂപതയിൽ നിന്ന് നിശ്ചയിക്കുന്ന പ്രത്യേക പദ്ധതികളെയും പാവപ്പെട്ടവരെയും സഹായിക്കുന്നതിനായി ഡിസംബർ മാസത്തിൽ കാരുണ്യ കവർ പിരിവ് നാം നടത്താറുണ്ടായിരുന്നു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞവർഷം ഒരു കവർ പിരിവ് മാത്രമേ നടത്തിയിരുന്നുള്ളൂ. ഈ വർഷം മിഷൻ ഞായർ പിരിവും കാരുണ്യനിധി പിരിവും ഒന്നിച്ച് ഒരു കവർ പിരിവ് മാത്രമായാണ് നടത്തുന്നത്. ഈ പിരിവുകൾ അതിരൂപതയിൽ നിന്നും കൊടുത്തുവിടുന്ന മിഷൻ ഞായർ കവറിലൂടെ കുടുംബകൂട്ടായ്മകൾ വഴി പള്ളിയിൽ എത്തിച്ച് 2021 ക്രിസ്തുമസ്സിനു മുമ്പ് അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കുവാൻ താല്പര്യപ്പെടുന്നു. നേരിട്ട് സംഖ്യ അയക്കുവാൻ താല്പര്യമുള്ളവർക്ക് താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേക്ക് അയക്കാവുന്നതാണ്.

മാർപാപ്പയുടെ സന്ദേശത്തിൽ പരിശുദ്ധ കന്യകാമറിയത്തെ വിശേഷിപ്പിക്കുന്നത് ആദ്യത്തെ മിഷനറിശിഷ്യ എന്നാണ്. മാമ്മോദീസ മുങ്ങിയ എല്ലാവരിലും നമ്മുടെ പ്രദേശങ്ങളിലെ ഉപ്പും പ്രകാശവുമായിരിക്കാനുള്ള ആഗ്രഹം വളർത്താൻ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം പരിശുദ്ധ പിതാവിനോട് ചേർന്ന് നമുക്ക് യാചിക്കാം. കോവിഡ് മഹാമാരിയിൽ നിന്നുള്ള സംരക്ഷണത്തിനായി തിരുകുടുംബപാലകനായ യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യം നമുക്ക് തേടാം. കുടുംബ പ്രാർത്ഥന നമുക്ക് ശക്തി പകരട്ടെ. ദിവ്യകാരുണ്യനാഥൻ നമ്മെ അനുഗ്രഹിക്കട്ടെ. പരിശുദ്ധാത്മാവ് പ്രേഷിതദൗത്യത്തിൽ നമ്മെ നയിക്കട്ടെ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB.1. ഈ ഇടയലേഖനം 2021 ഒക്ടോബർ 10–ാം തിയ്യതി ഞായറാഴ്ച്ച പള്ളികളിലും സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും വായിക്കു

കയും സാമൂഹ്യമാധ്യമങ്ങളിലൂടെ നമ്മുടെ എല്ലാ കുടുംബങ്ങളിലേക്കും അയക്കുകയും വേണം.

2. കഴിഞ്ഞ വർഷങ്ങളിൽ ക്രിസ്തുമസ്സിനോടനുബന്ധിച്ച് കുടുംബങ്ങൾക്ക് കത്തെഴുതുന്ന പതിവുണ്ടായിരുന്നെങ്കിലും കോവിഡിന്റെ സാഹചര്യത്തിൽ ഈ ഇടയലേഖനംതന്നെ കുടുംബങ്ങൾക്കുള്ള സന്ദേശമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

3. മിഷൻ പ്രവർത്തനങ്ങളെയും അതിരൂപതയിലെ സാമൂഹ്യപ്രവർത്തനങ്ങളെയും സഹായിക്കുവാൻ നേരിട്ട് അയക്കണമെന്ന് ആഗ്രഹിക്കുന്നവർ താഴെ പറയുന്ന അക്കൗണ്ടിലേക്ക് അയക്കേണ്ടതാണ്.

*A/C Name:* **Catholic Archbishop's House,**
General Account, Church Collection Fund
*A/C Number:* 083405300000745;
*IFSC Code:* SIBL0000834; *SWIFT Code*: SOININ55XXX

നേരിട്ട് സംഖ്യ ബാങ്കിലേക്ക് അയക്കുന്നവർ കത്തുവഴിയോ ഇ–മെയിൽ വഴിയോ (procuratortcr@gmail.com, curiatcr@gmail.com) ആ വിവരം അറിയിക്കുവാൻ അഭ്യർത്ഥിക്കുന്നു.

# ഇടയലേഖനം

## കർദിനാൾ ജോർജ് ആലഞ്ചേരി

Prot.No.0923/2021

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!

പുതിയ റാസകുർബാന തക്സയ്ക്ക് അംഗീകാരം നൽകുന്ന സന്ദർഭം ഉപയോഗിച്ചു നിങ്ങളുടെ സഭ യുടെ ഐക്യത്തിനും ഉപരി നന്മയ്ക്കുമായി വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം ഉടനടി നടപ്പിലാക്കാൻ എല്ലാ വൈദികരെയും സമർപ്പിത രെയും അല്മായ വിശ്വാസികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. സിനഡിന്റെ തീരുമാനം നിങ്ങൾ നടപ്പിലാക്കുമ്പോൾ പരിശുദ്ധാത്മാവു നിങ്ങളുടെ സഭയിലെ എല്ലാ അംഗങ്ങളും തമ്മിലുള്ള ഐക്യവും യോജിപ്പും സാഹോദര്യവും പരിപോഷിപ്പിക്കട്ടെ.

–ഫ്രാൻസിസ് മാർപാപ്പാ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

1934 മുതൽ നമ്മുടെ സഭ ആരാധനക്രമ നവീകരണത്തിന്റെ പാതയിലായിരുന്നു. 1986–ൽ പുനരുദ്ധരി ക്കപ്പെട്ട റാസക്രമം നിലവിൽ വന്നതോടെ സഭയുടെ പൈതൃകങ്ങളുടെയും തനിമയുടെയും അടിസ്ഥാനത്തിൽ പുതിയ ഉൾക്കാഴ്ചകൾ സ്വീകരിക്കാൻ സഹായക മായ ആഴമേറിയ പഠനങ്ങൾ ആരംഭിച്ചു. അതി ന്റെ ഫലമായി വിവിധ കൂദാശകളുടെ കർമക്രമങ്ങളും തിരുപ്പട്ടകൂദാശക്രമവും മറ്റു ആരാധ നക്രമകർമങ്ങളും ഏകീകൃത രൂപത്തിലാക്കാൻ കഴിഞ്ഞു. എന്നാൽ, വിശുദ്ധ കുർബാനയർപ്പണരീതി ഏകീകൃതരൂപത്തിലാക്കാൻ നാം നടത്തിയ പരിശ്രമങ്ങൾ പലകാരണങ്ങളാൽ പൂർണ ഫലപ്രാപ്തിയിലെ ത്തിയില്ല. 1999–ലെ സിനഡ് ഇതിനായി ഒരു ഏകീകൃതരൂപം നൽകിയെ ങ്കിലും അത് എല്ലാ രൂപതകളിലും നടപ്പിൽ വരുത്താൻ കഴിഞ്ഞില്ല. എങ്കിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐക്യത്തി നായി സഭയുടെ തലത്തിൽ നിരന്തരം ആവശ്യമുയർന്നു കൊണ്ടിരുന്നു. സഭാമക്കൾ അതിനായി പ്രാർഥിച്ചു കൊണ്ടേയിരുന്നു. ഈ കാലഘട്ട ത്തിൽ നടന്ന എല്ലാ സഭാഅസംബ്ലികളിലും വിശുദ്ധ കുർബാനയർപ്പ ണരീതിയിലെ ഏകീകരണത്തിനായി എല്ലാവരും ഒരേ സ്വരത്തിൽ വാദി ച്ചിരുന്നു. മെത്രാന്മാരുടെ സിനഡൽ സമ്മേളനങ്ങളും അർപ്പണരീതി യിലെ ഏകീകരണത്തിനായി പരിശ്രമിച്ചുകൊണ്ടിരുന്നു. 2019 ആഗസ്റ്റിലെ സിനഡ് സമ്മേളനത്തിനിടയിൽ മെത്രാന്മാരോടൊപ്പം രൂപത കളിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ ഒരുമിച്ചു കൂടിയപ്പോൾ അവരും വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണത്തിനായി ശക്തമായി ആവശ്യപ്പെട്ടു. 2020 ആഗസ്റ്റിലെ മെത്രാന്മാരുടെ സിനഡ് അതുവരെ വിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പിലാ ക്കാതിരുന്ന രൂപതകളിൽ അപ്രകാരം ചെയ്യണമെന്നു നിർദ്ദേശിച്ചു.

കൊറോണക്കാലത്ത് ഓൺലൈൻ കുർബാനകളിൽ പ്രത്യക്ഷ പ്പെട്ട വിവിധ രൂപതകളിലെ അർപ്പണരീതികളുടെ വൈവിധ്യവും വൈരു ദ്ധ്യവും സഭാംഗങ്ങളെ കൂടുതൽ അസ്വസ്ഥരാക്കി. പരിശുദ്ധ സിംഹാസ നത്തെയും കുർബാനയർപ്പണരീതികളിലെ അനൈക്യം അത്ഭുതപ്പെ ടുത്തി. ഐകരൂപ്യം കൊണ്ടുവരേണ്ടത് സഭയുടെ ഐക്യത്തിന് അത്യാ വശ്യമാണെന്ന നിഗമനത്തിൽ പൗരസ്ത്യസഭകൾ ക്കായുള്ള കാര്യാ ലയം എത്തിച്ചേർന്നു. അതിൻപ്രകാരം 2020 മെയ് 4–ന് അപ്പസ് തോലിക് നുൺഷ്യോ മേജർ ആർച്ചുബിഷപ്പിനു കത്തെഴുതി. നവീകരിച്ച വിശുദ്ധ കുർബാനയുടെ തക്സ അംഗീകാരത്തിനു സമർപ്പിച്ചപ്പോൾ അർപ്പണ രീതിയിൽ ഐക്യം ആവശ്യപ്പെട്ടുകൊണ്ടു 2020 നവംബർ 9–ന് പൗരസ്

ത്യസഭകൾക്കായുള്ള കാര്യാലയം നേരിട്ടു കത്തെഴുതി. നവീകരിച്ച തക്സയ്ക്ക് അംഗീകാരം നൽകിക്കൊണ്ട് 2021 ജൂൺ 9–ന് എഴുതിയ കത്തിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം വ്യക്തമാക്കുന്ന നിർദ്ദേശങ്ങൾ പൗരസ്ത്യസഭകൾക്കാ യുള്ള കാര്യാലയം നൽകി. ഇതിനെ തുടർന്നാണു പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ തന്നെ വളരെ ആധികാരികമായി 2021 ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയുടെ അർപ്പണ രീതിയിലെ ഐകരൂപ്യം ആവശ്യപ്പെട്ടുകൊണ്ടു മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ വിശ്വാസികൾക്കുമായി കത്തെഴുതിയത്. ഇതു സീറോമലബാർസഭ മുഴുവനും വേണ്ടി പരിശുദ്ധ പിതാവ് എഴുതിയ കത്താണ്. അതിനാൽ ഈ കത്തിലെ നിർദ്ദേശമനുസ രിച്ചു പ്രവർത്തിക്കാൻ ഓരോ സീറോമലബാർ വിശ്വാസിക്കും കടമയുണ്ട്. ഈ കത്തിൽ പരിശുദ്ധ പിതാവു നടത്തിയ ആഹ്വാനമാണ് ഈ ഇടയലേഖനത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. മാർപാപ്പ ഇപ്രകാരം നമ്മുടെ സഭയ്ക്ക് ഒരു കത്തെഴുതുന്നത് ഇതാദ്യമാണ്.

ഈ പശ്ചാത്തലത്തിൽ, 2021 ആഗസ്റ്റ് 16 മുതൽ 27 വരെ ഓൺ ലൈനായി സമ്മേളിച്ച സിനഡ് ഈ വിഷയം ആഴമായ പഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കി. രണ്ടായിരം വർഷത്തെ അനുസ്യൂതമായ കത്തോലിക്കാവിശ്വാസപാരമ്പര്യമുള്ള സീറോമലബാർസഭയുടെ ചരി ത്രത്തിലെ ഏറ്റവും വലിയ പ്രത്യേകത സാർവത്രിക സഭയോടും മാർപാ പ്പായോടും പുലർത്തിയ അചഞ്ചലമായ വിശ്വസ്തതയാണ്. പത്രോസി നോടൊപ്പവും പത്രോസിനോടുള്ള വിധേയത്വത്തിലും (*Cum Petro et sub Petro*) സഭാതലവനോടും രൂപതാ മെത്രാനോടുമുള്ള അനുസരണ ത്തിലും ജീവിച്ച പാരമ്പര്യമാണ് നമ്മുടെ പിതാമഹന്മാർ നമുക്കു പകർ ന്നു തന്നിട്ടുള്ളത്. 1934–ൽ സഭയുടെ ആരാധനക്രമം സംബന്ധിച്ചുണ്ടാ യ സമാനമായ പ്രതിസന്ധിയിൽ എറണാകുളം മെത്രാപ്പോലീത്തയാ യിരുന്ന ഭാഗ്യസ്മരണാർഹനായ അഗസ്റ്റിൻ കണ്ടത്തിൽ പിതാവു മാർ പാപ്പായ്ക്ക് എഴുതിയത് തിരുസിംഹാസനം എടുക്കുന്ന ഏതു തീരുമാ നവും ഞങ്ങൾക്കു പൂർണ്ണമായും സ്വീകാര്യമാണ് എന്നായിരുന്നു. ഈ മാതൃകയാണ് നാം സ്വീകരിക്കേണ്ടത്. പരിശുദ്ധാത്മാവ് തിരുസ്സഭയെ ഏറ്റവും വ്യക്തമായും കൃത്യമായും പഠിപ്പിക്കുന്നത് പരിശുദ്ധ പിതാവി ലൂടെയാണെന്ന് നാം വിശ്വസിക്കുന്നു. പരിശുദ്ധ പിതാവിന്റെ നിർദ്ദേശ ങ്ങൾ അനുസരിക്കാൻ വിശ്വാസികൾക്കുള്ള കടമയെക്കുറിച്ചു നമുക്ക് അറിവുള്ളതാണല്ലോ (*CCEO*, c. 45). ആരാധനക്രമത്തെ സംബന്ധിച്ച കാര്യങ്ങൾ അന്തിമതീർപ്പു കല്പിക്കേണ്ടതു മാർപാപ്പായാണെന്നു സഭാ

പ്രബോധനങ്ങളിൽ വ്യക്തമാക്കുന്നുണ്ട് (*SC*, 22). മാർപാപ്പ തീർപ്പുകല്പിച്ച ആരാധനക്രമത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കാനോ മാറ്റംവരുത്താനോ വൈദികർക്കോ മറ്റുള്ളവർക്കോ അവകാശമില്ല (*SC*, 22.3). അതിനാൽ, പരിശുദ്ധ പിതാവിന്റെ നിർദ്ദേശം നടപ്പിലാക്കാൻ നാം ബാധ്യസ്ഥരാണ്. വ്യത്യസ്തമായ ഒരു തീരുമാനമെടുക്കാൻ സിനഡിനോ ഏതെങ്കിലും രൂപതാധ്യക്ഷനോ അവകാശമില്ല. അനുസരണം ബലിയെക്കാൾ ശ്രേഷ്ഠമാണ് (1 സാമു 15:22) എന്നതു നാം മറക്കരുത്. പരിശുദ്ധ പിതാവു കാണിച്ചുതരുന്ന വഴിയാണു നമുക്കു ദൈവാനുഗ്രഹത്തിന്റെ വഴി. അതിനാൽ, സഭാമക്കൾ ആഗ്രഹിച്ചതും സിനഡ് അംഗീകരി ച്ചതും പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നതുമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതി അനുവർത്തിക്കുക എന്നതു കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലുള്ള നമ്മുടെ ഉത്തരവാദിത്വനിർവഹണവും പരിശുദ്ധ പിതാവിനോടുള്ള നമ്മുടെ വിധേയത്വത്തിന്റെ പ്രകാശനവുമാണ്.

ആരാധനക്രമത്തിൽ ഐകരൂപ്യമല്ല ഐക്യമാണ് വേണ്ടത് എന്നു ചിന്തിക്കുന്നവരുണ്ടാകാം. ഐക്യവും ഐകരൂപ്യവും ഒന്നല്ലെങ്കിലും പരസ്പരപൂരകങ്ങളാണ്. അടിസ്ഥാന ഘടകങ്ങ ളിലുള്ള ഐകരൂപ്യം ഐക്യത്തിന് ആവശ്യമാണ്. ആരാധനക്രമത്തിന്റെ അടിസ്ഥാനരൂപങ്ങളിൽ ഐകരൂപ്യമില്ലാതെ ഐക്യം സാധ്യമാവില്ല. ഇതിനു നമ്മുടെ സഭയുടെ ചരിത്രം തന്നെ സാക്ഷിയാണ്. വിശുദ്ധ കുർബാനയർപ്പണത്തിലെ ഐകരൂപ്യം ഇതാണ്: കാർമികൻ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും ഉൾപ്പെടെ വിശ്വാസപ്രമാണം കഴിയുന്നതുവരെ വചനവേദി (ബേമ്മ)യിൽ വച്ചു ജനാഭിമുഖമായും അനാഫൊറാ ഭാഗം അൾത്താരയ്ക്ക് അഭിമുഖമായും വി. കുർബ്ബാന സ്വീകരണത്തിനുശേഷമുള്ള സമാപനശുശ്രൂഷ ജനാഭിമുഖമായും നിർവഹിക്കുക. അർത്ഥപൂർണമായ ബലിയർപ്പണത്തിനു വചനത്തിന്റെ മേശയും (ബേമ്മ) അപ്പത്തിന്റെ മേശയും (ബലിപീഠം) ആവശ്യമാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (*DV,* 14). നമ്മുടെ സഭയിലെ പൗരാ ണികമായ പാരമ്പര്യവും ഇതുതന്നെയാണ്.

നമ്മുടെ വിശുദ്ധ കുർബാനയിൽ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും യഥാക്രമം ഈശോയുടെ ജനനത്തെയും പരസ്യജീവിതത്തെയുമാണ് അനുസ്മരിപ്പിക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് വിശുദ്ധ കുർബാനയുടെ ആദ്യഭാഗം വചനവേദിയിൽ ജനാഭിമുഖമായി അർപ്പിക്കുന്നത്. തുടർന്നു, കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസ്സാക്ഷിയോടും കൂടെ വിശ്വാസപ്രമാണത്തിനുശേഷം

വിശുദ്ധ മദ്ബഹായിൽ പ്രവേശിക്കുന്ന പുരോഹിതൻ സഭയുടെ നാമത്തിൽ മിശിഹായുടെ പ്രതിനിധിയായി പരമ പിതാവിനു ബലിയർപ്പിക്കുകയാണ്. അതിനാലാണു കൂദാശാഭാഗം മദ്ബഹായ്ക്ക് അഭിമുഖമായി അർപ്പിക്കണമെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. പാശ്ചാത്യ, പൗരസ്ത്യ സഭകളിലെല്ലാം 1965 വരെ അൾത്താരയ്ക്ക് അഭിമുഖമായാണ് വി. കുർബാന അർപ്പിച്ചിരുന്നത്. സഭയുടെ ആരംഭം മുതലേ നിലനിന്നിരുന്ന ഈ വിശുദ്ധ പാരമ്പര്യം വീണ്ടെടുക്കാനാണു പരിശുദ്ധ പിതാവു നമ്മോട് ആവശ്യപ്പെടുന്നത്. വിശുദ്ധ കുർബാനയുടെ അർപ്പണഭാഗം സമാപിക്കു ന്നതുകൊണ്ടാണു കുർബാനസ്വീകരണത്തിനു ശേഷമുള്ള കൃതജ്ഞതാപ്രാർഥനകളും സമാപനാശീർവാദവും ജനങ്ങളുടെ നേരെ തിരിഞ്ഞു ചൊല്ലേണ്ടതാണെന്നു നിർദേശിക്കപ്പെട്ടിരിക്കുന്നത്.

വിശുദ്ധ കുർബാനയെന്നതു മിശിഹായുടെ ശരീരമായ സഭശിരസ്സായ അവിടത്തോടു ചേർന്നു പിതാവായ ദൈവത്തിന് അർപ്പിക്കുന്ന ബലിയാണ്. അതിനാൽ സഭാഗാത്രമായ ദൈവജനവും ശിരസ്സായ മിശിഹായുടെ നാമത്തിൽ വിശുദ്ധ രഹസ്യങ്ങൾ പരികർമം ചെയ്യുന്ന വൈദികനും പിതാവായ ദൈവത്തിന്റെ സിംഹാസനമായ വിശുദ്ധ അൾത്താരയ്ക്ക് അഭിമുഖമായി ബലിയർപ്പണവേദിയിൽ വ്യാപരിക്കുന്നതു സമുചിതമാണെന്ന് ആദിമകാലം മുതലേ സഭ കരുതിയിരുന്നു. വിശുദ്ധ കുർബാനയർപ്പിക്കുന്ന കാർമികൻ ഒരേസമയം ക്രിസ്തുവിനെയും സഭയെയും പ്രതിനിധാനം ചെയ്യുന്നു (*alter Christus et altera Ecclesia*). ക്രിസ്തീയ ജീവിതം സ്വർഗത്തെ ലക്ഷ്യമാക്കിയുള്ള തീർത്ഥാടനമാണെന്ന വിശ്വാസവും ഈ അനുഷ്ഠാനത്തിലൂടെ തിരുസ്സഭ പ്രഘോഷിക്കുന്നുണ്ട്. മദ്ബഹാ പ്രതിനിധാനം ചെയ്യുന്ന സ്വർഗത്തെ ലക്ഷ്യമാക്കി ദൈവജനമൊന്നാകെ തീർത്ഥാടനം ചെയ്യുന്ന അനുഭവമാണു കുർബാനയിലൂടെ ലഭിക്കുന്നത്. ദൈവത്തിന്റെ സിംഹാസനമായ ബലിപീഠത്തിനു മുന്നിൽ കുമ്പിട്ടാരാധിക്കുന്ന മാലാഖവൃന്ദങ്ങളോടും സ്വർഗവാസികളായ വിശുദ്ധരോടും ചേർന്നു ഭൂവാസികളും ദൈവത്തെ ആരാധിക്കുന്ന രീതിയിലാണു നമ്മുടെ വിശുദ്ധ കുർബ്ബാനയിലെ പ്രാർത്ഥനകൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ഒരേ സമയം പരിശുദ്ധ ത്രിത്വത്തിന്റെ സിംഹാസനവും നമ്മുടെ കർത്താവിന്റെ കബറിടവുമായി പരിഗണിക്കപ്പെടുന്ന വിശുദ്ധ അൾത്താരയ്ക്കു നമ്മുടെ ആരാധനക്രമത്തിൽ വലിയ പ്രാധാന്യമുണ്ട്. അതിനാലാണ് അൾത്താരയിലേക്കു തിരിയുന്നതിനെ ‘‘കർത്താവിലേക്കു തിരിയുന്നതായി’’ (*conversi ad Dominum*) നമ്മുടെ പിതാക്കന്മാർ വിശേഷിപ്പിച്ചിരിക്കുന്നത്. അതിനാൽ നമ്മുടെ സഭയുടെ തനതായ പാരമ്പര്യം പരിഗണിച്ചു

വിശുദ്ധ കുർബാനയിലെ അനാഫൊറയുടെ ആരംഭം മുതൽ വിശുദ്ധ കുർബാനസ്വീകരണംവരെയുള്ള ഭാഗം മദ്ബഹായ്ക്കു അഭിമുഖമായി അർപ്പിക്കണമെന്ന സിനഡിന്റെ തീരുമാനം ഉടനടി (promptly) നടപ്പിലാക്കാൻ പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടിരിക്കുന്നത്.

ആരാധനക്രമത്തിലെ ഐക്യമാണു സഭയുടെ കൂട്ടായ്മയുടെ അടിസ്ഥാനം എന്ന സത്യം തിരിച്ചറിയാൻ നാം വൈകിയതും സഭാഗാത്രത്തിൽ ഏറെ മുറിവുകൾ സൃഷ്ടിക്കാൻ കാരണമായി. ഈ വീഴ്ചയെ എളിമയോടും അനുതാപത്തോടുംകൂടെ നമുക്കു ദൈവതിരുമുമ്പിൽ ഏറ്റു പറയാം. ''അൾത്താരയിൽ ഐക്യം ഇല്ലാതെ സഭയിൽ ഐക്യം സാധ്യമല്ല'' എന്ന ബെനഡിക്റ്റ് മാർപാപ്പയുടെ ചിന്ത നമുക്കു മാർഗദീപമാകട്ടെ. ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കുന്നതിലെ വൈഷമ്യങ്ങൾ ചൂണ്ടികാണിച്ചു വിവിധ തലങ്ങളിൽനിന്നുയർന്ന നിരീക്ഷണങ്ങളെക്കുറിച്ചും സിനഡ് പിതാക്കന്മാർ ആത്മാർത്ഥമായി ചർച്ച ചെയ്തു. ഏതാനും ദശകങ്ങളായി ശീലിച്ച പതിവു ശൈലി മാറ്റുമ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടിനെക്കുറിച്ച് ഉന്നയിക്കപ്പെട്ട ആശങ്കകൾ പിതാക്കന്മാർ ഹൃദയപൂർവം മനസ്സിലാക്കുന്നു. എന്നാൽ, കർത്താവിന്റെ അജഗണത്തെ ഒരുമയോടെ മുന്നോട്ടു നയിക്കാനുള്ള പരിശുദ്ധ പിതാവിന്റെ ആഹ്വാനം ശിരസ്സാവഹിക്കണമെന്നാണു സിനഡിലെ ചർച്ചകളിലൂടെ പരിശുദ്ധാത്മാവു പ്രചോദിപ്പിക്കുന്നതെന്നു പിതാക്കന്മാർക്കു ബോധ്യപ്പെട്ടു. സഭയിൽ ഏതെങ്കിലുമൊരു ആശയഗതിയുടെ വിജയമോ പരാജയമോ ആയി ഈ തീരുമാനത്തെ ആരും വിലയിരുത്തരുത്. ആരാധനക്രമാനുഷ്ഠാനത്തിൽ നിലവിലുണ്ടായിരുന്ന രണ്ടു വ്യത്യസ്ത ചിന്താധാരകളെ സംയോജിപ്പിച്ചു സിനഡു തീരുമാനിച്ച മധ്യമാർക്ഷമാണു പരിശുദ്ധ പിതാവു നടപ്പിലാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

അതിനാൽ, പരിശുദ്ധ പിതാവു നിർദ്ദേശിച്ച പ്രകാരമുള്ള ഏകീകൃത ബലിയർപ്പണരീതിയിൽ നവീകരിച്ച കുർബാനക്രമം (*editio typica*) അടുത്ത ആരാധനക്രമവത്സരം ആരംഭിക്കുന്ന 2021 നവംബർ 28-ാം തിയ്യതി മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ച മുതൽ നമ്മുടെ സഭയിൽ നടപ്പിലാക്കാൻ സിനഡു തീരുമാനിച്ചു. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവച്ചു സഭയുടെ പൊതുനന്മയെ ലക്ഷ്യമാക്കി ഒരുമനസ്സോടെ ഈ തീരുമാനം നടപ്പിലാക്കണമെന്നു സിനഡു പിതാക്കന്മാർ സഭാംഗങ്ങൾ എല്ലാവരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

സിനഡിന്റെ വിജയത്തിനുവേണ്ടി സഭ മുഴുവൻ കഴിഞ്ഞ ഒരു മാസം ഉപവസിച്ചു പ്രാർഥിക്കുകയായിരുന്നല്ലോ. സിനഡിൽ നല്ല തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ദൈവാനുഗ്രഹം ലഭിക്കു ന്നതിന്

ഈ പ്രാർഥന സഹായകമായി. സഭാമക്കളേവ രോടും ഹൃദയപൂർവം നന്ദി പറയുന്നു.

വി. കുർബാനയർപ്പണം ദൈവജനത്തിനു കൂട്ടായ്മയുടെ അനുഗ്രഹം സ്വന്തമാക്കാനുള്ള അവസരമാക്കി മാറ്റാൻ നമുക്ക് ഒരു മനസോടെ തീരുമാനമെടുക്കാം. ഇക്കാര്യത്തിൽ ഇനിയും വിയോജനസ്വരങ്ങൾ ഉണ്ടാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരുമാണ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് എന്നു സ്നേഹപൂർവം ഓർമിപ്പിക്കുന്നു. ലോക ത്തെ രക്ഷിക്കാൻ ഈശോ അർപ്പിച്ച ആത്മബലി അത് അർപ്പി ക്കുന്ന അവിടത്തെ മൗതികശരീരമായ നമ്മുടെയും ആത്മബലിയാ കട്ടെ. ഭിന്നതകളുടെ മതിലുകൾ തകർക്കുന്ന ദൈവാരൂപിയുടെ പ്രവർത്തനത്തിനായി നമുക്കു സഭയെ സമർപ്പിക്കാം. കാൽവരിയിലെ തിരുക്കുമാരന്റെ ബലിയിൽ ഏറ്റവും ആത്മാർത്ഥതയോടെ പങ്കെടുത്ത പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമ്മാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്ത പ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

*കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2021-ാം ആണ്ട് ആഗസ്റ്റ് മാസം 27-ാം തീയതി നല്കപ്പെട്ടത്.*

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB: ഈ ഇടയലേഖനം 2021 സെപ്റ്റംബർ 05-ാം തീയതി ഞായറാഴ്ച്ച കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് സാമൂഹിക മാധ്യമങ്ങളിലൂടെ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

# പരിശുദ്ധ പിതാവ്
# ഫ്രാൻസിസ് പാപ്പായുടെ
## മിഷൻ ഞായർ സന്ദേശം

Ref: 3574/KCBC/K-35/OL/DS
18.09.2021

## ലോകമിഷൻ ഞായർ 2021

*"ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതിനെ സംബന്ധിച്ച് നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല" (അപ്പ. 4:20)*

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവത്തിനുള്ള സ്നേഹത്തിന്റെ ശക്തി നാം അനുഭവിക്കുകയും നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ ഒരു പിതാവ് എന്ന നിലയിൽ അവിടത്തെ സാന്നിധ്യം തിരിച്ചറിയുകയും ചെയ്യുമ്പോൾ നമ്മൾ കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി പ്രഘോഷിക്കുകയും പങ്കുവയ്ക്കുകയും ചെയ്യാതിരിക്കാൻ നമുക്കു സാധ്യമല്ല. യേശുവിന് അവിടത്തെ ശിഷ്യരുമായിട്ടുള്ള ബന്ധം, മനുഷ്യാവതാര രഹസ്യത്തിലും അവിടത്തെ സുവിശേഷത്തിലും പെസഹായിലും വെളിപ്പെടുത്തിയ അവിടത്തെ മനുഷ്യത്വം, മനുഷ്യവർഗത്തെ ദൈവം എത്ര മാത്രം സ്നേഹിക്കുന്നുവെന്നും നമ്മുടെ സന്തോഷങ്ങളും സഹനങ്ങളും നമ്മുടെ ആഗ്രഹങ്ങളും ഉത്ക

ണ്ടകളും അവിടന്ന് തന്റേതാക്കുന്നുവെന്നും കാണിച്ചുതരുന്നു (2–ാം വത്തിക്കാൻ കൗൺസിൽ, *ഗാവുദിയും ഏത്ത് സ്പെസ്*, 22). ക്രിസ്തുവിലുള്ള സർവകാര്യങ്ങളും നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു; നമ്മൾ ജീവിക്കുന്ന ലോകവും വീണ്ടെടുക്കപ്പെടുകയെന്ന അതിന്റെ ആവശ്യവും അവിടത്തേക്ക് അപരിചിതമല്ല. അത് അവിടത്തെ മിഷനിൽ സജീവഭാഗഭാഗിത്വം വഹിക്കാൻ നമ്മെ ക്ഷണിക്കുന്നു: "നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം ക്ഷണിക്കുക" (മത്താ 22:9). ആരും അന്യനല്ല. ഒരുവനും അന്യനായിട്ടോ സഹാനുഭൂതിയുടെ ഈ സ്നേഹത്തിൽ നിന്ന് വിദൂരത്തായിട്ടോ തോന്നാനാവുകയില്ല.

## അപ്പസ്തോലന്മാരുടെ അനുഭവം

ഓരോ വ്യക്തിയെയും വിളിക്കുകയും അയാൾ എവിടെയായാലും അയാളുമായി ഒരു സൗഹൃദസംവാദം നടത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന കർത്താവിനെ വികാരാവേശത്തോടെ അന്വേഷിച്ചുകൊണ്ടാണ് സുവിശേഷവത്കരണത്തിന്റെ ചരിത്രം തുടങ്ങുന്നത് (രള. യോഹ 15:12–17). അപ്പസ്തോലന്മാരാണ് ഇക്കാര്യം ആദ്യമായി നമ്മോടു പറയുന്നത്. അവർ അവിടത്തെ സമീപിച്ച ദിവസവും സമയവും പോലും ഓർമ്മിച്ചുകൊണ്ട് അവർ അങ്ങനെ ചെയ്യുന്നു. "അപ്പോൾ ഉച്ചകഴിഞ്ഞ് ഏകദേശം പത്താം മണിക്കൂർ ആയിരുന്നു" (യോഹ 1, 39). രോഗികളെ ശുശ്രൂഷിക്കുകയും പാപികളോടുകൂടി ഭക്ഷിക്കുകയും ദരിദ്രരെ തീറ്റിപ്പോറ്റുകയും ഭ്രഷ്ടരാക്കപ്പെട്ടവരെ സമീപിക്കുകയും അശുദ്ധിയുള്ളവരെ സ്പർശിക്കുകയും ആവശ്യത്തിൽപ്പെട്ടവരുമായി സ്വയം താദാത്മ്യപ്പെടുത്തുകയും, സൗഭാഗ്യങ്ങളിലേക്കു ക്ഷണിക്കുകയും പുതിയ രീതിയിലും പൂർണമായ അധികാരത്തോടുകൂടിയും പഠിപ്പിക്കുകയും ചെയ്ത കർത്താവുമായുള്ള സൗഹൃദബന്ധം മായ്ക്കാനാവാത്ത മുദ്ര പതിപ്പിക്കുന്നു. അതാകട്ടെ, അളവറ്റ വിസ്മയത്തെയും വ്യാപകവും സ്വതന്ത്രവുമായ സന്തോഷത്തെയും ഉദ്ദീപിപ്പിക്കാൻ കഴിവുള്ളതാണ്. ജറമിയാ പ്രവാചകൻ പറഞ്ഞതുപോലെ ഈ അനുഭവം നമ്മെ മിഷനിലേക്കു തള്ളിവിടുന്നതും നമ്മുടെ ഹൃദയത്തിലുള്ളതുമായ അവിടത്തെ സജീവസാന്നിധ്യത്തിന്റെ ജ്വലിക്കുന്ന അഗ്നിയാണ്, അത് ചിലപ്പോൾ ത്യാഗങ്ങൾ ആവശ്യപ്പെടുന്നതും തെറ്റിധാരണകൾക്ക് ഇടയാക്കുന്നതുമാണെങ്കിലും (രള. യോഹ 20:7–9). സ്നേഹം എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നു; ഏറ്റവും സുന്ദരവും പ്രത്യാശാപൂർണവുമായ പ്രഘോഷണത്തിലേക്കു നീങ്ങാൻ നമ്മെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. "ഞങ്ങൾ മിശിഹായെ കണ്ടു" (യോഹ 1:41) എന്നതാണ് ആ പ്രഘോഷണം.

യേശുവിനോടുകൂടി വ്യത്യസ്തങ്ങളായ കാര്യങ്ങളെ നാം കാ

ണുകയും കേൾക്കുകയും തൊടുകയും ചെയ്തു. അവിടന്ന് ഭാവികാല ങ്ങളെ ഇന്ന് ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. നമ്മുടെ മനുഷ്യപ്രകൃതി യുടെ സത്താപരമായ ഒരു സവിശേഷതയെ നമ്മെ ഓർമ്മിപ്പിച്ചുകൊ ണ്ടാണ് അങ്ങനെ ചെയ്തത്. അതാകട്ടെ പലപ്പോഴും വിസ്മരിക്കപ്പെട്ട താണ്: "സ്നേഹത്തിൽ മാത്രം നേടാൻ കഴിയുന്ന പൂർണതയ്ക്കുവേ ണ്ടിയാണ് നമ്മൾ സൃഷ്ടിക്കപ്പെട്ടത്" (ചാക്രികലേഖനം, എല്ലാവരും സഹോദരങ്ങൾ, 68). പ്രാരംഭങ്ങൾക്ക് പ്രചോദനം നല്കാനും സമൂഹ ങ്ങളെ രൂപപ്പെടുത്താനും കഴിവുള്ള ഒരു വിശ്വാസത്തെ പ്രചോദിപ്പിക്കുന്ന പുതിയകാലം സ്വന്തം ദൗർബല്യത്തെയും മറ്റുള്ളവരെയും കൈകാര്യം ചെയ്യാൻ പഠിക്കുന്ന സ്ത്രീപുരുഷന്മാരെക്കൊണ്ടാണ് തുടങ്ങുന്നത്. അവർ സാഹോദര്യവും സാമൂഹിക സൗഹൃദവും വളർത്തുന്നവരാണ് (cf. ibid. 67). ആദ്യം കർത്താവു നമ്മെ സ്നേഹിച്ചുവെന്നു നന്ദിയോടെ ഓർമ്മിക്കുന്ന ഓരോ സമയത്തും സഭാത്മക സമൂഹം അതിന്റെ സൗന്ദര്യം പ്രദർശിപ്പിക്കുന്നു (cf. 1 യോഹ 4:19). "കർത്താവിന്റെ സ്നേഹ പൂർണമായ പ്രത്യേക താത്പര്യം നമ്മെ വിസ്മയിപ്പിക്കുന്നു. അതു സ്വന്തമാക്കാനോ അടിച്ചേല്പിക്കാനോ നമുക്കു സാധ്യമല്ല...ഈ രീതി യിൽ മാത്രമേ ഔദാര്യത്തിന്റെ സ്വതന്ത്രമായ ആത്മദാനത്തിന്റെ അദ്ഭു തകൃത്യം വർധിക്കുകയുള്ളൂ. മിഷണറി തീക്ഷ്ണതപോലും ചിന്തിക്ക ലിന്റെയും കണക്കുകൂട്ടലിന്റെയും ഫലമായി ഒരിക്കലും നേടാനാവുക യില്ല. പരസ്പരം "മിഷന്റെ അവസ്ഥയിൽ" പ്രതിഷ്ഠിക്കുകയെന്നത് കൃത ജ്ഞതയുടെ ഒരു വിചിന്തനമാണ്" (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റി കൾക്കുള്ള സന്ദേശം, 21 മേയ് 2020).

എന്നിരുന്നാലും കാലനിർണയം എളുപ്പമായിരുന്നില്ല. ആദിമ ക്രൈസ്തവർ തങ്ങളുടെ വിശ്വാസജീവിതം ശത്രുതയുള്ളതും കഠിന വുമായ സാഹചര്യത്തിലാണ് തുടങ്ങിയത്. അരികുകളിലാക്കലിന്റെയും തടവിലാക്കലിന്റെയും കഥകൾ ആന്തരികവും ബാഹ്യവുമായ എതിർപ്പു മായി കൂട്ടിച്ചേർത്തിരുന്നു. അവ കാണുകയും കേൾക്കുകയും ചെയ്ത തിനു അത് എതിരായി തോന്നി, നിഷേധിക്കലായിട്ടുപോലും തോന്നി. എന്നാൽ ഇത് പിന്നോട്ടു മാറാനോ അടച്ചുപൂട്ടിയിരിക്കാനോ പ്രേരിപ്പി ക്കുന്ന പ്രയാസമോ തടസ്സമോ ആയിത്തീർന്നില്ല. പകരം, ഓരോ അസൗ കര്യത്തെയും എതിർപ്പിനെയും പ്രയാസത്തെയും മിഷനുവേണ്ടിയുള്ള അവസരമാക്കി. പരിധികളും തടസ്സങ്ങളും കർത്താവിന്റെ പരിശുദ്ധാത്മാ വിനെക്കൊണ്ട് എല്ലാറ്റിനെയും എല്ലാവരെയും മയപ്പെടുത്താനുള്ള അനു യോജ്യമായ അവസരങ്ങളായിത്തീർന്നു. വിമോചനം നല്കുന്ന പ്രഘോ ഷണത്തോട് ബന്ധപ്പെടാതെ നിലകൊള്ളാൻ യാതൊന്നിനും, ഒരു

വ്യക്തിക്കും, സാധിച്ചില്ല.

അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽ ഇതിന്റെയെല്ലാം സജീവസാക്ഷ്യമുണ്ട്. മിഷണറിമാരായ ശിഷ്യന്മാർ എപ്പോഴും കൈയിൽ വച്ചുകൊണ്ടു നടക്കുന്ന ഒരു ഗ്രന്ഥമാണത്. സുവിശേഷത്തിന്റെ സുഗന്ധം അതു കടന്നുപോകുന്നിടത്ത്, പരിശുദ്ധാത്മാവിനു മാത്രം തരാൻ കഴിയുന്ന സന്തോഷത്തെ പ്രചോദിപ്പിച്ചുകൊണ്ട് എങ്ങനെ വ്യാപിച്ചുവെന്നും പറയുന്ന ഗ്രന്ഥമാണത്. അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകം ക്രിസ്തുവിനോട് ഒട്ടിച്ചേർന്നുകൊണ്ട് പരീക്ഷകളിൽ ജീവിക്കാൻ നമ്മെ പഠിപ്പിക്കുന്നു. "ഏതു സാഹചര്യത്തിലും, പരാജയങ്ങൾ എന്നു തോന്നിക്കുന്നവയുടെ മധ്യത്തിൽപോലും, ദൈവത്തിനു പ്രവർത്തിക്കാൻ കഴിയുമെന്ന അവബോധം പക്വത പ്രാപിക്കാൻ സഹായിക്കുന്നു. സ്നേഹത്തിനുവേണ്ടി സ്വയം സമർപ്പിക്കുകയും നല്കുകയും ചെയ്യുന്നവർ തീർച്ചയായും ഫലപൂർണരായിരിക്കും" എന്ന് ഉറപ്പുണ്ട് (cf. യോഹ 15:5) (ആഹ്വാനം സുവിശേഷത്തിന്റെ സന്തോഷം, 279).

നമ്മൾ അങ്ങനെയാണ്: ഇപ്പോഴത്തെ ചരിത്രപരമായ നിമിഷം പോലും എളുപ്പമുള്ളതല്ല. സർവവ്യാപകമായ സാംക്രമിക രോഗത്തിന്റെ അവസ്ഥ അനേകം ജനതകൾ പണ്ടേ സഹിച്ചുകൊണ്ടിരുന്ന വേദനയെയും ഏകാന്തതയെയും ദാരിദ്ര്യത്തെയും അനീതികളെയും ഉയർത്തിക്കാണിക്കുകയും വർധിപ്പിക്കുകയും ചെയ്തു. നമ്മുടെ മിഥ്യയായ സുരക്ഷിതത്വത്തെയും ഛിന്നഭിന്നമാക്കപ്പെടലിനെയും നമ്മെ നിശ്ശബ്ദതയോടെ വലിച്ചുകീറുന്ന ധ്രുവീകരണത്തെയും വെളിവാക്കുകയും ചെയ്തു. ഏറ്റവും ദുർബലരും മുറിവേല്ക്കപ്പെടാവുന്നവരും അവരുടെ ഭംഗുരതയും മുറിവേൽക്കപ്പെടാവുന്ന അവസ്ഥയും കൂടുതലായി അനുഭവിച്ചു. നമ്മൾ അധൈര്യപ്പെടലും താഴ്ത്തപ്പെടലും ക്ഷീണവും അനുഭവിച്ചു. പ്രത്യാശയെ എടുത്തുകളയുന്ന സമാനമായ കയ്പുപോലും നമ്മുടെ കണ്ണുകളെ മൂടി. എന്നാലും ഞങ്ങൾ ഉദ്ഘോഷിക്കുന്നത് "ഞങ്ങളെക്കുറിച്ചല്ല പ്രത്യുത, യേശുക്രിസതുവിനെ കർത്താവായും യേശുവിനുവേണ്ടി ഞങ്ങളെ നിങ്ങളുടെ ദാസന്മാരായും ആണ്" (2 കോറി 4:5). ഇതുകൊണ്ടാണ് "അവൻ ഇവിടെയില്ല, അവൻ ഉത്ഥാനം ചെയ്തു" (ലൂക്കാ 24:6) എന്നു നമ്മോടു പറഞ്ഞുകൊണ്ട് ജീവന്റെ വചനം നമ്മുടെ സമൂഹങ്ങളിലും കുടുംബങ്ങളിലും വീണ്ടും മുഴങ്ങുന്നതായും നമ്മുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കുന്നതായും നാം കേൾക്കുന്നത്. എല്ലാ നിയതിവാദത്തെയും തകർക്കുന്ന പ്രത്യാശയുടെ വചനമാണത്. സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നവർക്ക് ഉറച്ചു നിന്ന് സജീവമായ സഹാനുഭൂതിയുടെ സാധ്യമായ സകല മാർഗങ്ങളും സർഗാത്മകമായി

അന്വേഷിക്കാൻ അത്യാവശ്യമായ സ്വാതന്ത്ര്യവും ധീരതയും അതു നല്കുന്നു. ആരെയും വഴിയരുകിൽ ഉപേക്ഷിക്കാത്ത, ദൈവത്തിന്റെ നമ്മോടുള്ള സാമിപ്യത്തിന്റെ 'കൗദാശികത' ആണത്.

സാംക്രമിക രോഗത്തിന്റെ ഇക്കാലത്ത് ആരോഗ്യകരമായ സാമൂഹിക അകലത്തിന്റെ പേരിൽ ഉദാസീനതയെയും വികാരശൂന്യതയെയും പൊതിഞ്ഞുപിടിക്കാനും നീതിമത്കരിക്കാനുമുള്ള പ്രലോഭനം നേരിടുന്നു. അതുകൊണ്ട്, അത്യാവശ്യമായ അകല്ചയെ കണ്ടുമുട്ടാനും ശുശ്രൂഷിക്കാനും വളർത്താനുമുള്ള ഒരു സ്ഥാനമാക്കിത്തീർക്കുകയെന്നത് അടിയന്തരാവശ്യമാണ്. "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത്" (അപ്പ 4:20) നമ്മോടു പുലർത്തപ്പെട്ട കാരുണ്യമാണ്. "സമയവും സമർപ്പണവും വിഭവങ്ങളും നല്കി പരിപോഷിപ്പിക്കേണ്ട ഐക്യദാർഢ്യവും യോജിപ്പും ഉള്ള ഒരു സമൂഹം" (ചാക്രികലേഖനം എല്ലാവരും സഹോദരങ്ങൾ, 36) സൃഷ്ടിക്കാൻ ആവശ്യമായ സംഘാതാവേശം വീണ്ടെടുക്കാൻ നമ്മെ അനുവദിക്കുന്ന ഒരു പരാമർശകേന്ദ്രവും വിശ്വസനീയതയുടെ മാനദണ്ഡവുമായി പരിണമിച്ചിരിക്കുന്നതാണ് ആ കാരുണ്യം.

നമ്മെ അനുദിനം വീണ്ടെടുക്കുന്നതും "എല്ലാം അങ്ങനെ തന്നെ; ഒന്നും മാറാൻ പോകുന്നില്ല" എന്നു പറയുന്ന ഭീരുത്വം നിറഞ്ഞ സംശയവാദത്തിൽ നമ്മെ അടച്ചിടുന്ന ഒഴികഴിവുകളിൽ നിന്ന് നമ്മെ രക്ഷിക്കുന്നതും അവിടത്തെ വചനമാണ്. ഒരു ചോദ്യം നാം നേരിടുന്നുണ്ട്: സുപ്രധാനമായ അനന്തര ഫലമൊന്നും കാണാൻ കഴിയുന്നില്ലെങ്കിൽ എന്റെ സുരക്ഷിതത്വവും, ആശ്വാസവും സുഖങ്ങളും ഞാൻ എന്തിന് ഉപേക്ഷിക്കണം? എന്നതാണ് ആ ചോദ്യം. അതിനുള്ള ഉത്തരം എപ്പോഴും ഒന്നുതന്നെ."യേശുക്രിസ്തു പാപത്തെയും മരണത്തെയും കീഴടക്കി, അവിടന്നു ശക്തിപൂർണനാണ്" അവിടന്ന് സത്യമായും ജീവിക്കുന്നു (cf. സുവിശേഷത്തിന്റെ സന്തോഷം, 275). സജീവരായി സാഹോദര്യത്തോടെ ഈ പ്രത്യാശ സൂക്ഷിക്കാനും പങ്കുവയ്ക്കാനും ഇത് നമ്മോട് ആവശ്യപ്പെടുന്നു. ഇന്നത്തെ സാഹചര്യത്തിൽ, ഒരുവനും കർത്താവിനാൽ തന്നെത്തന്നെ രക്ഷിക്കുന്നില്ലെന്ന് പ്രവചനപരമായി ഓർമ്മിക്കാൻ കഴിവുള്ള, കർത്താവിനാൽ അഭിഷിക്തരായ പ്രത്യാശയുടെ മിഷണറിമാരുടെ അടിയന്തരമായ ആവശ്യമുണ്ട്.

അപ്പസ്തോലന്മാരെയും ആദിമ ക്രിസ്താനികളെയും പോലെ നമ്മളും നമ്മുടെ സർവശക്തിയോടുംകൂടി പറയുന്നു: "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തവയെപ്പറ്റി നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധിക്കുകയില്ല" (അപ്പ 4:20). നാം സ്വീകരിച്ചിട്ടുള്ളതെല്ലാം

കർത്താവ് ക്രമേണ നമ്മുടെമേൽ വർഷിച്ചിട്ടുള്ളതാണ്. നാം അവ സൂക്ഷിച്ചുവയ്ക്കുകയും വിലവാങ്ങാതെ മറ്റുള്ളവർക്കു നല്കുകയും ചെയ്യുന്നു. യേശു നല്കുന്ന രക്ഷയെ കാണുകയും ശ്രദ്ധിച്ചുകേൾക്കുകയും സ്പർശിക്കുകയും ചെയ്ത അപ്പസ്തോലന്മാരെപ്പോലെ (cf. 1 യോഹ 1:1–4) ഇന്ന് നമുക്ക് അനുദിനജീവിതത്തിന്റെ ചരിത്രത്തിൽ ക്രിസ്തുവിന്റെ സഹനത്തെയും മഹത്ത്വപൂർണമായ ശരീരത്തെയും സ്പർശിക്കാൻ കഴിയും. ഓരോ വ്യക്തിക്കും പ്രത്യാശയും എങ്ങനെ കർത്താവിന്റെ കൂടെ ആയിരിക്കണമെന്ന് അറിയുന്നതിൽ നിന്ന് ഉയരുന്ന സംശയരഹിതമായ വിവരവും പങ്കുവച്ചുകൊടുക്കാനുള്ള ധീരതയും കണ്ടെത്താൻ കഴിയും. ക്രിസ്ത്യാനികളെന്ന നിലയിൽ നമുക്കു മാത്രമായി കർത്താവിനെ സൂക്ഷിക്കാൻ സാധ്യമല്ല. ലോകത്തെ രൂപാന്തരപ്പെടുത്തലിലും സൃഷ്ടിയുടെ സംരക്ഷിക്കലിലും സഭയുടെ സുവിശേഷവത്കരണ മിഷൻ അതിന്റെ സമഗ്രവും പരസ്യവുമായ മൂല്യത്തെ പ്രകാശിപ്പിക്കുന്നു.

**നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണം**

ഈ വർഷത്തെ ലോകമിഷൻദിനത്തിന്റെ പ്രമേയം "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല" (അപ്പ 4:20). ഇത് നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണമാണ് – നമ്മൾ ഹൃദയത്തിൽ വഹിക്കുന്നതെന്തോ അതിന്റെ "ഉത്തരവാദിത്വം വഹിക്കാനും" അത് സുപ്രസിദ്ധമാക്കാനുമുള്ള ക്ഷണമാണ്. ഈ ദൗത്യം എന്നും സഭയുടെ തനിമയാണ്. എന്നും അങ്ങനെയായിരുന്നുതാനും. "അത് സുവിശേഷവത്കരിക്കാൻ വേണ്ടി നിലനില്ക്കുന്നു" (വിശുദ്ധ പോൾ 6–ാമൻ. ആഹ്വാനം, പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം, 14). നമ്മുടെ വിശ്വാസജീവിതം വ്യക്തിപരമായ ഏകാന്തതയിൽ കഴിയുന്നതുകൊണ്ടോ ചെറിയ ഗ്രൂപ്പുകളിൽ അടച്ചുപൂട്ടിക്കഴിയുന്നതുകൊണ്ടോ ദുർബലമാകുന്നു. പ്രവാചകത്വവും വിസ്മയിക്കാനും കൃതജ്ഞത പ്രകാശിപ്പിക്കാനുമുള്ള ശക്തിയും നഷ്ടപ്പെടുകയും ചെയ്യുന്നു. ഓരോ വ്യക്തിയിലേക്കും എത്തിച്ചേരുകയും ആശ്ലേഷിക്കുകയും ചെയ്യാൻ കഴിവുള്ള വർധമാനമായ തുറവി അത് അതിന്റെ ചലനശക്തികൊണ്ടുതന്നെ ആവശ്യപ്പെടുന്നുണ്ട്.

ആദിമ ക്രിസ്ത്യാനികൾ വിശിഷ്ടജനങ്ങൾക്കിടയിൽ അടച്ചുപൂട്ടിക്കഴിയാനുള്ള പ്രലോഭനത്തിനു കീഴടങ്ങിയില്ല. അവർ കർത്താവിലേക്കും അവിടന്നു നല്കുന്ന പുതിയ ജീവിതത്തിലേക്കും ആകർഷിക്കപ്പെട്ടു. ജനങ്ങളുടെയിടയിലേക്കു പോകാനും തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത "ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു" എന്ന യാഥാർത്ഥ്യത്തിന് സാക്ഷ്യം വഹിക്കാനും വേണ്ടിയാണ് ആ പുതുജീ

വിതം. തങ്ങളുടെ സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും ഫലം അപരർ ഭക്ഷിക്കുമെന്ന് അറിഞ്ഞുകൊണ്ട് വിതയ്ക്കുന്നവരെപ്പോലെ, ഔദാര്യത്തോടും കൃതജ്ഞതയോടും കുലീനതയോടും കൂടിയാണ് അവർ ഇതു ചെയ്തത്. അതുകൊണ്ട് ഇങ്ങനെ ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: "ഏറ്റവും ദുർബലരും ഏറ്റവും പരിമിതിയുള്ളവരും മുറിവേറ്റവരുമായവർക്കുപോലും തങ്ങളുടെ രീതിയിൽ (മിഷണറിമാർ) ആയിരിക്കാൻ സാധിക്കും. എന്തെന്നാൽ നന്മ പങ്കുവയ്ക്കപ്പെടാൻ നാം എപ്പോഴും അനുവദിക്കണം, അതിനോടൊപ്പം അനേകം ദൗർബല്യങ്ങളുണ്ടെങ്കിലും" (അപ്പസ്തോലിക ആഹ്വാനം, ക്രിസ്തു ജീവിക്കുന്നു, 239).

ഓരോവർഷവും ഒക്ടോബർ മാസത്തിലെ അവസാനത്തേതിന്റെ തൊട്ടുമുമ്പുള്ള ഞായറാഴ്ച ലോകമിഷൻ ദിനം ആഘോഷിക്കുന്നു. സുവിശേഷത്തിന്റെ ഉദാരതയും സന്തോഷവുമുള്ള അപ്പസ്തോലന്മാരായിരിക്കാനുള്ള നമ്മുടെ മാമ്മോദീസാപരമായ സമർപ്പണത്തെ നവീകരിക്കാൻ സ്വന്തം ജീവിതസാക്ഷ്യംകൊണ്ട് സഹായിക്കുന്ന എല്ലാ ആളുകളെയും അത് കൃതജ്ഞതയോടെ ഓർമ്മിക്കുന്നു. അനുഗ്രഹത്തിനുവേണ്ടി ഏറെ മനുഷ്യർ ദാഹിക്കുന്ന ജനതകളുടെ കോണുകളിലേക്കും നഗരങ്ങളിലേക്കും താമസവും ഭയവും കൂടാതെ സുവിശേഷം എത്തിച്ചേരാൻവേണ്ടി ജന്മനാടും കുടുംബവും ഉപേക്ഷിച്ച് യാത്ര ചെയ്യാൻ കഴിഞ്ഞവരെ നമുക്കു സവിശേഷമായി ഓർമ്മിക്കാം.

അവരുടെ മിഷണറി സാക്ഷ്യത്തെപ്പറ്റിയുള്ള ധ്യാനം ധീരതയുള്ളവരായിരിക്കാനും "കൊയ്ത്തിനു വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട്" (ലൂക്കാ 10:2) നിർബന്ധ ബുദ്ധിയോടെ പ്രാർത്ഥിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നു. മിഷനിലേക്കുള്ള ദൈവവിളി ഭൂതകാലത്തെ ഒരു കാര്യമോ മറ്റുകാലങ്ങളിലെ റൊമാന്റിക് സ്മരണയോ അല്ലെന്ന് നമുക്ക് അറിവുണ്ട്. ലോകത്തിന്റെ അതിരുകളിലേക്കുപോകാനും സഹാനുഭൂതിയുടെ സന്ദേശവാഹകരും ഉപകരണങ്ങളും ആയിത്തീരാനും കഴിയുന്ന വിധത്തിൽ ദൈവവിളി യഥാർത്ഥ പ്രണയകഥപോലെ ജീവിക്കാൻ കഴിവുള്ള ഹൃദയങ്ങളെ യേശുവിന് ഇന്ന് ആവശ്യമുണ്ട്. അവിടന്ന് ഈ വിളി എല്ലാവരോടും നടത്തുന്നുണ്ട്–ഒരേ വിധത്തിലല്ലെങ്കിലും. നമ്മുടെയടുത്ത്, നഗരകേന്ദ്രത്തിൽ അല്ലെങ്കിൽ നിങ്ങളുടെ കുടുംബത്തിൽ, പ്രാന്തപ്രദേശങ്ങളുണ്ടെന്ന കാര്യം ഓർമ്മിക്കണം. സ്നേഹത്തിന് സാർവത്രിക തുറവിയുടെ ഒരു വശംകൂടിയുണ്ട്. അത് ഭൂമിശാസ്ത്രപരമല്ല, പിന്നെയോ അസ്തിത്വപരമാണ്. എല്ലായ്പ്പോഴും, പ്രത്യേകിച്ച് സാംക്രമികരോഗത്തിന്റെ ഇക്കാലത്ത് നമ്മുടെ വലയത്തെ വിപുലീകരിക്കാൻ അനുദിന കഴിവ് വർധിപ്പിക്കുക എന്നത് സുപ്രധാനമാണ്. നമ്മുടെ അടു

ത്തുള്ളവരാണെങ്കിലും "എന്റെ താത്പര്യങ്ങളുടെ ലോകത്തിന്റെ" ഭാഗമാണെന്ന് സ്വാഭാവികമായി തോന്നാത്തവരിലേക്ക് എത്തിച്ചേരാനാണത് (cf. ചാക്രികലേഖനം, എല്ലാവരും സഹോദരർ, 97). മിഷൻ ജീവിക്കുകയെന്നത് യേശുക്രിസ്തുവിനുള്ള അതേ വികാരം വളർത്താൻ പരിശ്രമിക്കുകയും എന്റെ അടുത്തുള്ളവർ എന്റെ സഹോദരനും സഹോദരിയും ആണെന്ന് അവിടത്തെപ്പോലെ വിശ്വസിക്കുകയും ചെയ്യുകയെന്നതാണ്. നമ്മുടെ ഹൃദയങ്ങളെ അവിടത്തെ സഹതാപത്തിന്റെ സ്നേഹം ഉണർത്തുകയും നമ്മെ എല്ലാവരെയും മിഷനറി ശിഷ്യന്മാർ ആക്കുകയും ചെയ്യട്ടെ!

ആദ്യത്തെ മിഷ്യനറി ശിഷ്യയായ കന്യകാമറിയം മാമ്മോദീസാ മുങ്ങിയ എല്ലാവരിലും, നമ്മുടെ പ്രദേശങ്ങളിലെ ഉപ്പും പ്രകാശവുമായിരിക്കാനുള്ള ആഗ്രഹം വളർത്തട്ടെ (cf. മത്താ 5:13-14).

റോമിൽ നിന്ന്, വി.ജോൺ ലാറ്ററൻ, 6 ജനുവരി 2021

കർത്താവിന്റെ എപ്പിഫനിത്തിരുനാൾ

**ഫ്രാൻസിസ് പാപ്പ**

---

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

## കച്ചേരി വാർത്തകൾ



## 1. ഓർമിക്കേണ്ട ദിവസങ്ങൾ

: ആദ്യവെള്ളി
വി. കൊച്ചുത്രേസ്യ
2 : കാവൽ മാലാഖ
3 : **ഏലിയാ സ്ലീവ മൂശ ആറാം ഞായർ**
4 : വി. ഫ്രാൻസിസ് അസ്സീസി
10 : **ഏലിയാ സ്ലീവ മൂശ ഏഴാം ഞായർ**
15 : ആവിലായിലെ വി. ത്രേസ്യ
16 : വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ
17 : **ഏലിയാ സ്ലീവ മൂശ എട്ടാം ഞായർ**
18 : വി. ലൂക്കാ സുവിശേഷകൻ
22 : വി. ജോൺ പോൾ രണ്ടാമൻ
24 : **ഏലിയാ സ്ലീവ മൂശ ഒമ്പതാം ഞായർ**
**മിഷൻ ഞായർ**
28 : ശിമയോൻ, യൂദാ തദേവൂസ് ശ്ലീഹന്മാർ
31 : **പള്ളിക്കൂദാശ ഒന്നാം ഞായർ**

### 2. മിഷൻ ഞായർ

ഒക്ടോബർ മാസത്തിൽ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ഓരോ കുടുംബങ്ങളിൽ നിന്നും സംഭാവന സ്വീകരിക്കുന്നതിനായി മിഷൻ ഞായർ കലണ്ടറിനോടൊപ്പം സംഭാവനകവർ കൂടി പതിവായി നൽകാറുണ്ടല്ലോ. കൂടാതെ ഡിസംബർ മാസത്തിൽ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി കാരുണ്യനിധി

സംഭാവനകവറും നൽകാറുണ്ട്. ഇപ്പോഴത്തെ കോവിഡ് സാഹചര്യം കണക്കിലെടുത്ത് ഒക്ടോബർ മാസത്തെയും ഡിസംബർ മാസത്തെയും സംഭാവനപിരിവുകൾ ഒരു പിരിവാക്കി മാറ്റുകയാണ്. അതിനാൽ മിഷൻഞായർ സംഭാവനകവർ വീടുകളിലേക്ക് നൽകി, ഈ രണ്ടു കവർപിരിവുകളും ഒന്നിച്ച് സ്വീകരിച്ച് ആ സംഖ്യ 2021 ക്രിസ്തുമസ്സിന് മുമ്പ് അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ നൽകാൻ ബഹു. വൈദികർ ശ്രദ്ധിക്കുമല്ലോ.

**3. വൈദികനിയമനം:**

1. ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ – പഠനാവധി, സഹ വികാരി പുതുക്കാട് ഒഴിവായി; സാധുത 2021 ആഗസ്റ്റ് 17 മുതൽ.

2. ഫാ. അജിത്ത് തച്ചോത്ത് – അസി. ഡയറക്ടർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി കൂടി; സാധുത 2021 സെപ്തംബർ 1 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# നാളാഗമം

**ആഗസ്റ്റ് 2021**

1. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിച്ചു.
2. ആഗസ്റ്റ് 2 മുതൽ 6 വരെ ഓൺലൈനായി നടന്ന കെ.സി.ബി.സി. ധ്യാനത്തിലും മീറ്റിംഗിലും അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. ഹോളി ഫാമിലി സന്യാസസഭാംഗമായ സി. പൗളിൻ മൂഞ്ഞേലിയുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് അഭിവന്ദ്യ താഴത്ത് പിതാവ് കാർമ്മികത്വം വഹിച്ചു.
4. അഭിവന്ദ്യ താഴത്ത് പിതാവ് വിയാനി ഹോമിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് പുതുതായി നിർമ്മിച്ച പുല്ലംകണ്ടം സെന്റ് ജോർജ്ജ് ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് വിയാനിഡേയിൽ വൈദികരുടെ പൗരോഹിത്യ സുവർണ്ണ–രജത ജൂബിലിയോട് അനുബന്ധിച്ച് ഡി. ബി. സി. എൽസിയിൽ വച്ച് നടത്തിയ വി. ബലിയിൽ സഹകാർമ്മികനാകുകയും അതിന് ശേഷം നടന്ന ഓൺ

ലൈൻ അനുമോദന സമ്മേളനത്തിൽ ആശംസകൾ നേരുകയും ചെയ്തു. വൈകിട്ട് ചേറൂരിലെ വിയാനി ഹോം സന്ദർശിക്കുകയും ചെയ്തു.

5. അഭിവന്ദ്യ പിതാക്കന്മാർ ഫാ. സെബി കവലക്കാട്ടിന്റെ അമ്മയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു.
6. അഭിവന്ദ്യ ടോണി പിതാവ് അതിരൂപത കുടുംബ കൂട്ടായ്മ കേന്ദ്ര സമിതി കൺവീനർ ശ്രീ. പോൾ പാറക്കലിന്റെ അന്തരിച്ച അമ്മയുടെ പനമുക്കിലെ വസതിയിലെ മൃതസംസ്ക്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിക്കുകയും എൽ. ആർ. സി യുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ ഓൺലൈൻ മീറ്റിംങ്ങിലും പാക്ട് ഓൺലൈൻ മീറ്റിംങ്ങിലും സംബന്ധിക്കുകയും ചെയ്തു.
7. അഭിവന്ദ്യ താഴത്ത് പിതാവ് ഹോളി ഫാമിലി നവജ്യോതി പ്രോവിൻഷ്യലിലെ സന്യാസാർത്ഥികളുടെ സഭാവസ്ത്രസ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിച്ചു. മരിയാപുരത്ത് എം.എം.ബി. ബ്രദേഴ്സിന്റെ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് ചേറൂർ മൗണ്ട് കാൽവരി സിസ്റ്റേഴ്സിന്റെ നിത്യവ്രത വാഗ്ദാനത്തിലും വി. കുർബാനയിലും മുഖ്യ കാർമ്മികത്വം വഹിച്ചു. വൈകിട്ട് ജീസസ് യൂത്തിന്റെ പാരിഷ് മിനിസ്ട്രിയുടെ ഓൺലൈൻ മീറ്റിംങ്ങിൽ സന്ദേശം നൽകി.
8. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കൂർക്കഞ്ചേരിയിലുള്ള സി.എസ്.സി. പ്രോവിൻഷ്യൽ ഹൗസിൽ വി. ബലി അർപ്പിക്കുകയും സെന്റ് തോമസ് കോളേജിന്റെ ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് ഇ–ഫിൻ സോഫ്റ്റ്വെയറിന്റെ ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിക്കുകയും വൈകിട്ട് പാക്ട് സംഘടിപ്പിച്ച പാരന്റിംഗ് കെയർ ഓൺലൈൻ മീറ്റിംങ്ങിൽ സമാപന സന്ദേശം നൽകുകയും ചെയ്തു.
9. അഭിവന്ദ്യ താഴത്ത് പിതാവ് പറപ്പൂർ ദൈവാലയത്തിൽ വച്ച് പാണേങ്ങാടൻ ജിന്റോ–ടിന്റു ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് പാറോക് ഡിപ്ലോമ കോഴ്സ് റിസോഴ്സ് പേഴ്സൺസ് ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിച്ചു.

10. അഭിവന്ദ്യ താഴത്ത് പിതാവ് സി.എം.സി. സന്യാസസഭാംഗമായ സി. സൂസി സി.എം.സി. യുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കണിമംഗലം സി.എം.സി. കോൺവെന്റിൽ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നവീകരിച്ച മദ്ബഹ വെഞ്ചിരിക്കുകയും വി. ബലി അർപ്പിക്കുകയും സെന്റ് തോമസ് കോളേജിന് വേണ്ടി ഓണ സന്ദേശം നൽകുകയും ചെയ്തു.
11. അഭിവന്ദ്യ താഴത്ത് പിതാവ് തിരുവില്വാമല സെന്റ് പോൾ ഗുരുകുലം സന്ദർശിക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് മംഗലപ്പുഴയിലെ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിക്ക് വേണ്ടിയുള്ള ബിഷപ്സ് കമ്മീഷനിൽ പങ്കെടുത്തു.
12. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാതാ മേജർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന Permanent Synod ൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചിയ്യാരം വിജയമാതാ പള്ളിയിൽ വി. ബലി അർപ്പിക്കുകയും വി. കുരിശ് വെഞ്ചിരിക്കുയും ചെയ്തു. ഉച്ച കഴിഞ്ഞ് സെന്റ് തോമസ് കോളേജിലെ ഒരു വെബിനാറിൽ പങ്കെടുക്കുകയും പാറോക് ഡിപ്ലോമ കോഴ്സിന്റെ മീറ്റിംഗിലും പാക്ട് എക്സിക്യൂട്ടീവ് മീറ്റിംഗിലും സംബന്ധിച്ചു. വൈകിട്ട് ലൂർദ്ദ് ഫൊറോന പള്ളിയിൽ വൈദികർക്ക് വേണ്ടി സമർപ്പിച്ച മാസധ്യാനത്തിൽ സംബന്ധിക്കുകയും സിനഡൽ ഡോക്ട്രിനൽ കമ്മീഷന്റെ ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിക്കുകയും ചെയ്തു.
13. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാതാ മേജർ സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടന്ന MEPC International Webinar ൽ ആമുഖ പ്രസംഗം നടത്തി. വൈകിട്ട് അതിരൂപത സംഘടന ഏകോപനസമിതി യോഗത്തിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ബഹു. പോൾ പുളിക്കൻ അച്ചന്റെ അന്തരിച്ച സഹോദരിയുടെ ഭവനത്തിൽ പോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകിട്ട് മുളയം മേരീമാതാ മേജർ സെമിനാരിയിൽ നടന്ന ഇന്റനാഷണൽ സിമ്പോസിയത്തിലെ സ്ക്കോളേഴ്സ് സെമിനാറിൽ പങ്കെടുത്തു.
14. മേരീമാതാ മേജർ സെമിനാരിയിൽ നടന്ന MEPC International Webinar- Practioners Conference ൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് ജൂബിലി മിഷൻ ആശുപത്രിയി

ൽ പുതുതായി ആരംഭിച്ച സൂപ്പർമാർക്കറ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. അതിനുശേഷം, കൂർക്കഞ്ചേരിയിലുള്ള സി.എസ്.സി. മരിയ പ്രോവിൻഷ്യൽ ഹൗസിൽ വച്ച് സന്യാസാർത്ഥികളുടെ ആദ്യവ്രത വാഗ്ദാനം നടത്തി. ഉച്ചകഴിഞ്ഞ് ഡി.ബി.സി.എൽ.സി യിൽ വച്ച് കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള മീഡിയ സെല്ലിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിച്ചു. വൈകിട്ട് അഞ്ചേരി പള്ളിയിൽ കൂട് തുറക്കൽ ശുശ്രൂഷക്കും വി. ബലിക്കും മുഖ്യകാർമ്മികനാവുകയും ജൂബിലി മിഷ്യൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് ഭരത പരിശുദ്ധ ത്രിത്വത്തിന്റെ ദൈവാലയം പുനർകൂദാശ നിർവഹിച്ചു. വൈകിട്ട് അതിരൂപത പ്രോ–ലൈഫ് സമിതിയുടെ നേതൃത്വത്തിൽ നടന്ന Webinar ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചിറ്റിശ്ശേരി പള്ളിയിൽ വി. ബലി അർപ്പിക്കുകയും തലോർ സി.എം. ഐ. ബൈബിൾ ഗ്രാമത്തിൽ സന്ദേശം നൽകുകയും ചെയ്തു. വൈകിട്ട് ഒല്ലൂർ ഫൊറോന പള്ളിയിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റി സംഘടനയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നടത്തിയ മീറ്റിംങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും ഒ. ഐ. സി. അച്ചന്മാർക്ക് വേണ്ടി സുവിശേഷ വൽക്കരണം എന്ന വിഷയത്തെക്കുറച്ച് ഓൺലൈൻ സന്ദേശം നൽകുകയും ചെയ്തു.

16. അഭിവന്ദ്യ പിതാക്കന്മാർ ആഗസ്ത് 6 മുതൽ ആഗസ്ത് 27 വരെ ഓൺലൈനായി നടന്ന അഭിവന്ദ്യ പിതാക്കന്മാരുടെ സിനഡിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സെന്റ് തോമസ് കോളേജിലെ ബോട്ടണി വിഭാഗത്തിന്റെ ഓൺലൈൻ വെബിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ച കഴിഞ്ഞ് ജ്യോതി എൻജിനിയറിംഗ് കോളേജിന്റെ മീറ്റിംങ്ങിൽ സംബന്ധിച്ചു.

17. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കൺസൽട്ടേഴ്സ് മീറ്റിംങ്ങിൽ സംബന്ധിച്ചു. ഉച്ച കഴിഞ്ഞ് ഇ–ഫിൻ മീറ്റിംങ്ങിൽ പങ്കെടുത്തു.

18. അഭിവന്ദ്യ താഴത്ത് പിതാവ് വലപ്പാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയുടെ രജത ജൂബിലി സമാപനത്തോടനുബന്ധിച്ചു ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുല്ലംക്കണ്ടം പള്ളിയിൽ

ആദ്യകുർബാന സ്വീകരണത്തിനും സ്ഥൈര്യലേപനത്തിനും മുഖ്യ കാർമ്മികനായി. ഉച്ച കഴിഞ്ഞ് ഡി. ബി. സി. എൽ. സിയും സെന്റ് തോമസ് കോളേജും തമ്മിൽ നടത്തിയ എം.ഒ. യു. ഒപ്പിടുന്ന ചട ങ്ങിൽ സന്നിഹിതനായി.

19. അഭിവന്ദ്യ താഴത്ത് പിതാവ്  ചെങ്ങാലൂർ ഇടവകാംഗമായ ചെല്ലം കുടം ജോഷി + ഷൈനി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയുടെ (ജൂലിയ മേരി) മാമ്മോദീസ നടത്തി. ഉച്ചകഴിഞ്ഞ് സി. എം. ഐ. സന്യാസസഭാംഗമായ ഫാ. ജേക്കബ് സാവിയോ മേനാച്ചേരിയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.
20. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ജില്ലാ ആശുപത്രിയിലെ ഓണാ ഘോഷങ്ങളുടെ ഭാഗമായി ഭക്ഷണം വെഞ്ചിരിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. ഉച്ച കഴിഞ്ഞ് പറോക് ഡിപ്ലോമ കോഴ്സിന്റെ മീറ്റിംങ്ങിൽ പങ്കെടുത്തു.
21. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വി. എവുപ്രാസ്യമ്മയുടെ തിരു നാളിനോടനുബന്ധിച്ച് ഒല്ലൂരിലെ തീർത്ഥ കേന്ദ്രത്തിൽ വി. ബലി അർപ്പിക്കുകയും സന്ദേശം നൽകുകയും അന്തരിച്ച മുൻ അതിരൂ പത പാസ്റ്ററൽ കൗൺസിൽ അംഗം ശ്രീമതി സെലിൻ കാക്കശ്ശേ രിയുടെ പനമുക്കിലെ വസതിയിൽ പോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.
22. അഭിവന്ദ്യ താഴത്ത് പിതാവ് നവീകരിച്ച പൂത്തോൾ സെന്റ് ആന്റ ണീസ് ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് പല്ലിശ്ശേരി ശാന്തിഭവൻ ഹോസ്പിറ്റലിൽ വച്ച് വിൻസെന്റ് ഡി പോൾ സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ ഡയാലിസിസ് രോഗി കളെ ദത്തെടുക്കുന്ന പദ്ധതി ഉദ്ഘാടനം ചെയ്തു. വൈകിട്ട് അതി രൂപത ജീസസ്സ് യൂത്തിന്റെ നേതൃത്വത്തിൽ ഓൺലൈനായി നടന്ന ലീഡേഴ്സ് മീറ്റ് അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് ഉച്ച കഴിഞ്ഞ് ഡി.ബി.സി.എൽ.സി.യിലെ സർട്ടിഫി ക്കേറ്റ് കോഴ്സിൽ പരി. ത്രിത്വത്തെ കുറിച്ച് ഓൺലൈൻ ക്ലാസ്സ് എടു ത്തു.
23. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വടൂക്കര പള്ളിയിൽ ഒരു കുടും ബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.

24. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സി.എസ്.സി. സിസ്റ്റേഴ്സിന് വേണ്ടി ഓൺലൈൻ ക്ലാസ് നയിക്കുകയും കെ.എസ്.എഫും കാരിത്താസും സാന്ത്വനവും ഒരുമിച്ച് സംഘടിപ്പിച്ച ട്രയിനേഴ്സ് മീറ്റിൽ *ലൗദാത്തോ സി* എന്ന ചാക്രിക ലേഖനത്തെ കുറിച്ച് ക്ലാസ് നയിച്ചു. വൈകീട്ട് ഓണത്തോടനുബന്ധിച്ച് കൂടിയ ഓൺലൈൻ സൗഹൃദ വേദി ഉദ്ഘാടനം ചെയ്തു സംസാരിച്ചു.
25. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അരിമ്പൂർ പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകുകയും ദൈവശബ്ദം കൺവൻഷന്റെ ഭാഗമായി ഓൺലൈൻ സന്ദേശം നൽകുകയും ചെയ്തു.
26. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മുളയം പള്ളിയിൽ വി. ബലി അർപ്പിക്കുകയും അരണാട്ടുക്കര പള്ളിയിൽ വിവാഹം ആശീർവ്വദിക്കുകയും ചെയ്തു. അന്തരിച്ച ബഹു. സി. ബെനീസി എഫ്.സി.സി.യുടെ തൃശ്ശൂർ അസ്സീസി പ്രോവിൻഷ്യൽ കോൺവെന്റ് ചാപ്പലിൽ ഉച്ച കഴിഞ്ഞ് നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
27. അഭിവന്ദ്യ പിതാക്കന്മാർ വൈകിട്ട് സീറോ മലബാർ ഓൺലൈൻ സിനഡിന്റെ സമാപനത്തിൽ പങ്കെടുത്തു.
28. അഭിവന്ദ്യ താഴത്ത് പിതാവ് എഫ്.സി.സി സന്യാസസഭാംഗമായ സി. ക്ലെമന്റ് പുത്തൂർക്കരയുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ഉച്ചയ്ക്ക് ഫാ. ജോർജ്ജ് ഉക്രാൻ എസ്.ഡി.ബി. യുടെ സുവർണ്ണ ജൂബിലിയാഘോഷത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വെളപ്പായ പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. ഉച്ച കഴിഞ്ഞ് ഫാമിലി അപ്പോസ്റ്റലേറ്റിന്റെ എക്സിക്യൂട്ടീവ് മീറ്റിംങ്ങിൽ പങ്കെടുത്തു.
29. അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ ഏവുപ്രാസ്യയുടെ തിരുനാളിനോടനുബന്ധിച്ച് ഒല്ലൂരുള്ള വിശുദ്ധ ഏവുപ്രാസ്യയുടെ തീർത്ഥകേന്ദ്രത്തിൽ ദിവ്യബലിയർപ്പിച്ചു. അന്തരിച്ച ബഹു. സി. കലിസ്റ്റ സി.എസ്.സി.യുടെ കൂർക്കഞ്ചേരി പ്രോവിൻഷ്യൽ കോൺവെന്റ് ചാപ്പലിൽ ഉച്ചക്ക് നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ച കഴിഞ്ഞ് ഫാമിലി അപ്പോസ്റ്റലേറ്റിന്റെ

ആഭിമുഖ്യത്തിൽ നടക്കുന്ന ട്രിന്റ്റി കപ്പിളിന്റെ ഓൺലൈൻ മീറ്റിംങ്ങിൽ സന്ദേശം നൽകി.

30. അഭിവന്ദ്യ താഴത്ത് പിതാവ് ചെവ്വൂർ ഇടവകയിൽ വച്ച് കണിമംഗലത്തുകാരൻ ബാബു + ലിയ ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് (ഇസ മറിയം) മാമ്മോദീസ നൽകി. അഭിവന്ദ്യ ടോണി പിതാവ് തിരുവിലാമലയിലെ സെന്റ് പോൾ ഗുരുകുലം സന്ദർശിക്കുകയും വി. ബലി അർപ്പിക്കുകയും വൈദിക വിദ്യാർത്ഥികളുമായി സംവദിക്കുകയും ചെയ്തു. വൈകിട്ട് പറോക് എക്സ്പ്പേർട്ട് കമ്മിറ്റിയുടെ ഓൺലൈൻ മീറ്റിംങ്ങിലും കെ.സി.ബി.സി.യുടെ ഡോക്ട്രിനൽ കമ്മീഷന്റെ ഓൺലൈൻ മീറ്റിംങ്ങിലും സംബന്ധിച്ചു.


31. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഷൊർണൂരിലെ സി.എം.ഐ. ഹൗസിൽ വി. ബലി അർപ്പിച്ചു. വൈകിട്ട് പൂത്തോൾ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു.

## നാമകരണനടപടികൾ

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**രണ്ടാം ശനിയാചരണം**

കോവിഡ് 19 മൂലം മുടങ്ങിക്കിടന്നിരുന്ന ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ രണ്ടാം ശനിയാഴ്ചാ ചരണം അദ്ദേഹത്തിന്റെ കബറിടം സ്ഥിതി ചെയ്യുന്ന ചൊവ്വന്നൂർ സെന്റ് തോമസ് പള്ളിയിൽ പുനരാരംഭിച്ചു. 2021 സെപ്റ്റംബർ 11 ന് രാവിലെ 10.00 മണിക്ക് കോലഴി മരിയഭവൻ ജനറലേറ്റിലെ ജൂനിയർ സിസ്റ്റേഴ്സ് നടത്തിയ ജപമാലയോടെയായിരുന്നു കർമ്മങ്ങൾ തുടങ്ങിയത്. രാവിലെ 10.30 ന് ആരംഭിച്ച വി.കുർബ്ബാനക്ക് കാർമ്മികത്വം വഹിച്ചത് ബഹു. വികാരി ഫാ. ജോജോ എടത്തിരുത്തിയാണ്. വളരെ സ്നേഹോഷ്മളതയോടെ അദ്ദേഹം ഏവരേയും തിരുകർമ്മങ്ങളിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് ഇപ്രാവശ്യത്തെ ആചരണം ഏറ്റെടുത്ത് നടത്തുന്ന അന്ന ജോൺ വടക്കൻ കുടുംബത്തെ പ്രതിനിധീകരിച്ച് കുടുംബാംഗം ബഹു വികാരിയച്ചനോടൊപ്പം കബറിടത്തിനരികെ തിരിതെളിച്ചു. വി. ബലിക്കിടെ നടത്തിയ പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങൾ:



ശതാധിപന്റെ ആഴമായ വിശ്വാസവും തന്റെ ഭൃത്യനു വേണ്ടി മാധ്യസ്ഥം തേടാനുള്ള എളിമയും നമ്മളും സ്വന്തമാക്കണം.

പ്രതിസന്ധികളിൽ തളരാതെ ദൈവത്തിലുള്ള ഉറച്ച വിശ്വാസം ഏറ്റുപറഞ്ഞ് രക്തസാക്ഷികളായിത്തീർന്ന വിശുദ്ധരെ അനുകരിക്കുന്ന വരാകണം.

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ തന്റെ ജീവിതത്തി ലുണ്ടായ കുരിശുകളെ ദൈവ സ്നേഹത്തിന്റെ അടയാളങ്ങളായി കണ്ട് സന്തോഷത്തോടെ സ്വീകരിച്ചവനാണ്.

കുരിശുകളെ സ്നേഹിക്കുകയാണ് വിശുദ്ധിയുടെ ആരംഭം എന്ന് ഏറ്റുപറയുകയും വിശുദ്ധിയാർന്ന ജീവിതം നയിക്കുകയും ചെയ്ത ഊക്കനച്ചന്റെ മാതൃക നമുക്കും അനുകരണീയമായിത്തീരണം. കുരിശിന്റെ പുകഴ്ചയുടെ തിരുനാളിന് നാം ഒരുങ്ങുകയാണ്. രക്ഷയുടെ അടയാളമായി കുരിശിനെ നമുക്ക് സ്വീകരിക്കാം.


ആകുലതകളിലും വേദനകളിലും വിശ്വാസത്തോടെ നീങ്ങിയ പ. അമ്മയുടെ സഹായം നമുക്ക് തേടാം. ഏറെ പ്രത്യേകമായി നമ്മോ ടൊപ്പമായിരിക്കുന്ന ഊക്കനച്ചന്റെ മാധ്യസ്ഥവും നമുക്ക് തേടാം. അതുപോലെ തന്നെ ഒക്ടോബർ മാസത്തിൽ നടത്തുവാനിരിക്കുന്ന അദ്ദേഹത്തിന്റെ അനുസ്മരണ ദിനത്തിനായി നമുക്ക് ഒരുങ്ങാം.

ആഘോഷമായ വി. ബലിയർപ്പണത്തിനു ശേഷം ജൂനിയർ സിസ്റ്റേഴ്സ് ആരാധന നയിച്ചു. ഭക്തി നിർഭരമായ ആരാധനയെ ത്തുടർന്ന് ഈ ദിനത്തിലെ ചടങ്ങുകൾക്ക് പരിസമാപ്തിയായി.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

ഭക്തിപൂർവ്വം ജപമാല ചൊല്ലിക്കൊണ്ട് വിശ്വാസികളെ നിത്യവും ജപമാല ചൊല്ലാൻ പ്രേരിപ്പിച്ചവനായിരുന്നു ബഹുമാനപ്പെട്ട അന്തോണിയച്ചൻ. ചേലക്കര ലിറ്റിൽ ഫ്ളവർ കോൺവെന്റ് ചാപ്പലിലും 1962ൽ അച്ചൻ തന്നെ പണിത ചേലക്കര ഇടവക ദേവാലയത്തിലും ദീർഘനേരം പ്രാർത്ഥിക്കുകയും ജപമാല ചൊല്ലുകയും ചെയ്തിരുന്ന അച്ചന്റെ ദൃശ്യം പഴമക്കാർ ഓർമ്മിച്ചെടുക്കുന്നു.



പരിശുദ്ധ അമ്മയെപ്പറ്റി അച്ചൻ നല്കുന്ന വിചിന്തനങ്ങൾ ഈ മാസം നമുക്ക് ഓർമ്മിക്കാം. മറിയത്തിന്റെ തിരുന്നാൾ ദിനത്തിലെ സുവിശേഷവായനയിൽ ദാവീദ് വഴി അബ്രാഹമിൽ എത്തിനില്ക്കുന്ന നമ്മുടെ അമ്മയുടെ വംശപരമ്പരയെക്കുറിച്ച് അച്ചൻ പറയുന്നു. അമ്മ പഴയ നിയമം മുഴുവൻ വ്യാപിച്ചിരിക്കുന്നുവെന്നും അതിൽ അവൾ എങ്ങനെ ജീവിക്കുന്നുവെന്നും

ഈ സുവിശേഷവായന കാണിക്കുന്നു. മറിയത്തിന്റെ അമലോത്ഭവത്തെ അച്ചൻ വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്. ഒരു ബുദ്ധിയുള്ള പണിക്കാരൻ താൻ ഉണ്ടാക്കുന്ന ഒരു സാധനം നശിച്ചാൽ തൽസ്ഥാനത്തു വെക്കുന്നതിനായി വേറൊന്നിനെ കരുതി വെക്കുന്നു. വിതക്കുന്നവൻ ഒരു വെത നശിച്ചാൽ വീണ്ടും വിതക്കുന്നതിനായി വിത്തുകൾ നടുന്നു. ഇതുപോലെ ആദത്തിന്റെ പാപം വഴി മലിനപ്പെടാതെ ഒരു സൃഷ്ടിയെ ദൈവം കരുതിവെച്ചതാണ് മറിയം. പരിശുദ്ധ അമ്മ സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ സൃഷ്ടിക്കപ്പെട്ടവളാണെന്ന് അച്ചൻ എഴുതുന്നു.

ആദത്തിന്റെ പാപത്തിനു ശേഷം ദൈവം രക്ഷ വാഗ്ദാനം ചെയ്യുന്നു. വാഗ്ദാനം നിറവേറുന്ന സമയം കാത്ത് ദീർഘദർശികൾ അശ്രാന്തം കാത്തിരിക്കുന്നു. എന്നാൽ ദൈവദൃഷ്ടിയിൽ സമയത്തിനു പ്രസക്തിയില്ല. കർത്താവിന്റെ മുമ്പിൽ ഒരു ദിവസം ആയിരം വർഷങ്ങൾ പോലെയും ആയിരം വർഷങ്ങൾ ഒരു ദിവസങ്ങൾ പോലെയുമാണ്. (2 പത്രോസ് 3:8).

എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുവാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന് (ലൂക്ക 1:43). എലിസബത്തിന് ഇതു പറഞ്ഞുകൊടുത്തത് പരിശുദ്ധാത്മാവാണ്. എന്നിട്ടും പ്രൊട്ടസ്റ്റന്റുകാർ മറിയത്തെ ദൈവമാതാവ് എന്നു വിളിക്കുന്നില്ലെന്ന് അച്ചൻ വേദനയോടെ ഓർക്കുന്നു.

മറിയത്തിന്റെ പിറവി ഏറെ സന്തോഷദായകമാണ്. കാരണം ഇതിൽ നമ്മുടെ പ്രതീക്ഷ ആദ്യമായി അനുഭവപ്പെട്ടു. മറിയം വന്നപ്പോൾ കർത്താവ് ഉടനെ എന്നു തീർച്ചയായി.

രക്ഷാകരചരിത്രത്തിലെ പരിശുദ്ധ അമ്മയുടെ സ്ഥാനം ബഹുമാനപ്പെട്ട അന്തോണിയച്ചനോടൊപ്പം ധ്യാനിച്ചുകൊണ്ട് നമുക്കും ഭക്തിപൂർവ്വം ജപമാല ചൊല്ലാം.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. വിൻസെന്റ് ചെറുവത്തൂർ | 01 |
| ഫാ. ജെൻസ് തട്ടിൽ | 02 |
| ഫാ. ഷിന്റോ മാറോക്കി | 03 |
| ഫാ. ജിക്സൻ താഴത്ത് | 03 |
| ഫാ. ജോഷി ആളൂർ | 04 |
| ഫാ. ആന്റോ ചിറയത്ത് | 05 |
| ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ | 06 |
| ഫാ. ഷിജോ ചിരിയങ്കണ്ടത്ത് | 08 |
| ഫാ. ആന്റണി ഐനിക്കൽ | 08 |
| ഫാ. ജോൺസൻ അരിമ്പൂർ | 10 |
| ഫാ. ഫ്രാൻസിസ് ആലപ്പാട്ട് | 10 |
| ഫാ. ചാക്കോ പാറയിൽ | 11 |
| ഫാ. റാഫേൽ പുല്ലോക്കാരൻ | 12 |
| ഫാ. ലൂവീസ് എടക്കളത്തൂർ | 12 |
| ഫാ. സഞ്ജയ് തൈക്കാട്ടിൽ | 12 |
| ഫാ. ജോയ് കിടങ്ങൻ | 13 |
| ഫാ. ജോൺസൻ ഐനിക്കൽ | 13 |
| ഫാ. ജോസ് ചാലക്കൽ | 17 |
| ഫാ. ഡഗ്ലസ് പീറ്റർ ചെറുവത്തൂർ | 17 |
| മോൺ. ജോർജ്ജ് മാനാടൻ | 18 |
| ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ | 18 |
| ഫാ. ജിയോ ചിരിയങ്കണ്ടത്ത് | 18 |
| ഫാ. സിജോ പുത്തൂർ | 19 |
| ഫാ. ജോസ് അറങ്ങാശ്ശേരി | 19 |
| ഫാ. ജിജോ പിടിയത്ത് | 20 |

| | |
|---|---|
| ഫാ. ജെയ്സൻ പുലിക്കോട്ടിൽ | 22 |
| ഫാ. മിഥുൻ ചുങ്കത്ത് | 22 |
| ഫാ. ഡിറ്റോ കൂള | 23 |
| ഫാ. ജോൺ പാവറട്ടിക്കാരൻ | 24 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 24 |
| ഫാ. ജിബി വാഴപ്പിള്ളി | 24 |
| ഫാ. ലാസർ താണിക്കൽ | 24 |
| ഫാ. സിംസൺ ചിറമ്മൽ | 25 |
| ഫാ. ട്രെജിൻ തട്ടിൽ | 25 |
| ഫാ. ജോജു പൊറുത്തൂർ | 26 |
| ഫാ. സജിൽ കണ്ണനായ്ക്കൽ | 27 |
| ഫാ. സുനിൽ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 28 |

# FEAST DAY



## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് ആളൂർ | 04 |
| ഫാ. ലിജോ ചിരിയങ്കണ്ടത്ത് | 04 |
| ഫാ. ഫ്രാൻസിസ് എടക്കളത്തൂർ | 04 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 04 |
| ഫാ. അൽജോ കരേരക്കാട്ടിൽ | 04 |
| ഫാ. സ്റ്റിഷിൻ കുണ്ടുകുളം | 04 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 04 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 04 |
| ഫാ. ജിബിൻ താഴേക്കാടൻ | 04 |
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി Sr. | 04 |
| ഫാ. അജീഷ് പെരിഞ്ചേരി | 09 |
| ഫാ. ജെയ്സൻ തെക്കുംപുറം | 09 |
| ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 22 |
| ഫാ. ജോൺ പോൾ തൈക്കാടൻ | 22 |
| ഫാ. അജിത്ത് കൊള്ളന്നൂർ | 28 |

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. കടവി ജേക്കബ് | 27–10–1828 |
| ഫാ. അറക്കൽ ഗീവർഗ്ഗീസ് | 13–10–1895 |
| ഫാ. അക്കര പയസ് | 31–10–1948 |
| ഫാ. മാളിയേക്കൽ തോമസ് Jr. | 18–10–1950 |
| ഫാ. ഊക്കൻ ജോൺ | 13–10–1956 |
| ഫാ. ഇരിമ്പൻ തോമസ് | 28–10–1957 |
| ഫാ. ചെറുനിലം മാത്യു | 13–10–1965 |
| ഫാ. വാലിക്കോടത്ത് ജോർജ്ജ് | 17–10–1968 |
| ഫാ. ആട്ടോക്കാരൻ ജോസഫ് | 29–10–1970 |
| ഫാ. പൊറത്തൂർ ജോൺ | 17–10–1972 |
| ഫാ. കാളച്ചേരി തോമസ് | 05–10–1977 |
| ഫാ. മണ്ടുംപാല പീറ്റർ | 09–10–1987 |
| ഫാ. ചെറുവത്തൂർ ജോൺ | 11–10–1990 |
| ഫാ. കാഞ്ഞിരത്തിങ്കിൽ ഡേവിസ് | 04–10–1991 |
| ഫാ.പല്ലിശ്ശേരി പോൾ | 02–10–1997 |
| ഫാ. ചൊവ്വല്ലൂർ ജേക്കബ് | 24–10–1999 |
| ഫാ. പാലത്തിങ്കൽ തോമസ് | 26–10–2004 |
| ഫാ. തെക്കിനിയത്ത് ജോസഫ് | 19–10–2008 |
| മോൺ. വിളങ്ങാടൻ ജോസഫ് | 09–10–2011 |
| ഫാ. ചീരൻ സിജോ | 13–10–2014 |



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

ആഗസ്റ്റ് 2021

**1. എം.എം.ബി.**

മലബാർ മിഷനറി ബ്രദേഴ്സും സബർമതി ചാരിറ്റബിൾ ട്രസ്റ്റും സംയുക്തമായി മിഷൻ ഹോം എൽ.പി. സ്ക്കൂളിൽവെച്ച് മെഗാവാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. വാക്സിനേഷൻ ക്യാമ്പ് ചാലക്കുടി എം.എൽ.എ. സനീഷ്കുമാർ ജോസഫ് ഉദ്ഘാടനം ചെയ്തു. മലബാർ മിഷനറി ബ്രദേഴ്സിന്റെ സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ മുഖ്യപ്രഭാഷണം നടത്തി. പ്രോവിഷ്യൽസുപ്പീരിയർ ബ്രദർ ജോസ് ചുങ്കത്ത് അദ്ധ്യക്ഷത വഹിച്ചു. തൃശ്ശൂർ ജില്ലാ സഹകരണ ആശുപത്രി പ്രസിഡന്റ് ടി.കെ. പൊറിഞ്ചു, മിഷൻ ഹോം സുപ്പീരിയർ ബ്രദർ സാവിയോ ഒലക്കേങ്കിൽ, ജോസ് അക്കര, ട്രസ്റ്റ് വൈസ്ചെയർമാൻ ശശി പോട്ടയിൽ, ശോഭന പുഷ്പാംഗദൻ എന്നിവർ ആശംസകൾ അർപ്പിച്ചു. ട്രസ്റ്റ് ചെയർമാൻ ജോസ് പറമ്പൻ സ്വാഗതവും ട്രഷറർ രതീഷ് ജോണി നന്ദിയും പറഞ്ഞു. നിർദ്ധനരായ വ്യക്തികൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് 650 രൂപ നിരക്കിലുമാണ് വാക്സിൻ നൽകിയത്.

**2. സി.എം.സി.**

പുതുക്കി പണിത മണ ലൂർ, സെന്റ് തെരേസാസ് സ്കൂളിന്റെ ഉദ്ഘാടനം സ്ഥലം MLA ശ്രീ മുരളി പെരുനെല്ലി നടത്തി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ, എജുക്കേഷ്യൻ കൗൺസിലർ സി. സ്റ്റെല്ലാറോസ് കോർപ്പറേറ്റ് മാനേജർ സി. ആത്മ എന്നിവർ പങ്കെടുത്തു. ഓൺലൈനിലൂടെ കുട്ടികളും ഇതിൽ പങ്കുചേർന്നു. കണിമംഗലം, സെന്റ് ജോർജ്ജ് മഠത്തിന്റെ പ്ലാറ്റിനം ജൂബിലിയും പുതുക്കി പണിത പള്ളിയുടെ ആശീർവാദകർമ്മവും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവ്വഹിച്ചു. പ്രൊവിഷ്യൽ സുപ്പീരിയർ സി. അനിജയും കൗൺസിലും ഈ അനുഗ്രഹീത നിമിഷങ്ങൾക്ക് സാക്ഷ്യം വഹിച്ചു. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 21-മത് പ്രൊവിഷ്യൽ സിനാക്സിസിന്റെ ഒന്നാം സെഷൻ 15 മുതൽ 17വരെയുള്ള ദിവസങ്ങളിൽ നടത്തപ്പെട്ടു. വി. എവുപ്രാസ്യയുടെ തിരുനാളിനോടനുബന്ധിച്ച് ഒല്ലൂർ വി.എവുപ്രാസ്യ തീർത്ഥാടനകേന്ദ്രത്തിൽ നടന്ന ദിവ്യബലിയ്ക്ക് തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലിത്താ മാർ ആൻഡ്രൂസ് താഴത്ത് മുഖ്യകാർമ്മികത്വം വഹിച്ചു. ധാരാളം വിശ്വാസികൾ ഓൺലൈനായി തിരുകർമ്മങ്ങളിൽ പങ്കെടുക്കുകയും എവുപ്രാസ്യമ്മയുടെ മാദ്ധ്യസ്ഥ്യം യാചിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. സി. ചൈതന്യ എഴുതിയ ബഥേൽ എന്ന പുസ്തകം പ്രകാശനം ചെയ്തു. അന്നേ ദിനം മഠങ്ങളിൽ സൂപ്പർ സീനിയേഴ്സ് ഡേ ആഘോഷിക്കുകയും, പ്രൊവിൻസ് ഡേ പരിപാടികൾ ഓൺലൈനായി നടത്തുകയും ചെയ്തു.

**3. എഫ്.സി.സി.**

ആഗസ്റ്റ് 1 -ാം തീയതി ഞായറാഴ്ച 9.30 am മുതൽ 1.00 pm വരെ Online ആയി നടത്തിയ FCC Health Fraternity യുടെ മീറ്റിംഗിൽ റവ. ഫാ. ജെയ്സൻ കാളൻ OFM Cap ക്ലാസ്സെടുത്തു. അന്നുതന്നെ ഉച്ചയ്ക്ക് 2 മണി മുതൽ ലോക്കൽ സുപ്പീരിയേഴ്സ് കോൺഫറൻസ് നടത്തി. ബ. പ്രൊവിൻഷ്യാളമ്മയുടെ ക്ലാസിനുശേഷം ലോക്കൽ സുപ്പീരിയേഴ്സിനോടൊപ്പം ലോക്കൽ ട്രഷറർ, ഫാം സൂപ്പർവൈസർ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. ആഗസറ്റ് 6-ാം തീയതി വന്ന TDSനെ സംബന്ധിച്ചുള്ള ഹൈക്കോടതി വിധിയെ ക്കുറിച്ച് അവലോകനം ചെയ്യാൻ കെ.സി.എം. എസ് ആഗസറ്റ് 16-ാം തീയതി Zoom Meet വഴി മേജർ സുപ്പീരിയേഴ്സിനായി നടത്തിയ മീറ്റിംഗിൽ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരി പങ്കെടുത്തു. ആഗസ്റ്റ് 24-ാം തീയതി ജൂനിയർ സിസ്റ്റേഴ്സിനുവേണ്ടി ഫാ. ലിജോയ് ചിരിയങ്കണ്ടത്ത് OFM Capന്റെ നേതൃത്യത്തിൽ Google Meet വഴി

നടത്തിയ Empowerment programme ൽ 43 ജൂനിയർ സിസ്റ്റേഴ്സ് സംബന്ധിച്ചു.

**4. എസ്.എ.ബി.എസ്.**

ജൂനിയർ സിസ്റ്റേഴ്സിന്റെ പ്രത്യേക മധ്യസ്ഥനായ വി. പീറ്റർ ജൂലിയൻ എയ്മാർഡിന്റെ തിരുന്നാൾ 3–ാം തിയ്യതി എല്ലാ ഭവനങ്ങളിലും ആഘോഷിച്ചു. തിരുമണിക്കൂർ, സ്നേഹവിരുന്ന്, കലാപരിപാടികൾ എന്നിവയ്ക്ക് സീനിയർ സിസ്റ്റേഴ്സ് നേതൃത്വം നൽകി. 12 ന് പോസ്റ്റുലൻസിന്റെ പ്രത്യേക മധ്യസ്ഥനായ വി. ജോൺ ബെർക്കുമെൻസിന്റെ തിരുനാൾ, *Postulants Day* വിവിധ പരിപാടികളോടെ പടവരാട് S.H. ഭവനത്തിൽ ആഘോഷിച്ചു. ബഹു. പ്രൊവിൻഷ്യാളമ്മ പരിപാടികളിൽ പങ്കെടുത്ത് പോസ്റ്റുലൻസിന് ആശംസകൾ അർപ്പിച്ചു. 16 –ാംതിയ്യതി ലോക്കൽ കൗൺസിൽ അംഗങ്ങളെ ഉൾപ്പെടുത്തി ഗൂഗിൾ മീറ്റ് നടത്തി. 18 മുതൽ 23 വരെ കുറുമാൽ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽനിന്നും കപ്പൂച്ചിൻ വൈദികർ സിസ്റ്റേഴ്സിനായി നയിച്ച Online ധ്യാനത്തിൽ പ്രോവിൻസിലെ എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു. 28 ന് പുതുക്കാട് പ്രജ്യോതി അഡോറേഷൻ ഹോസ്റ്റലിന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ പ്രൊവിൻഷ്യൽ ടീമും ഈ വർഷത്തെ ഗോൾഡൻ, സിൽവർ ജൂബിലേറിയൻസും പങ്കെടുത്തു. ജനറൽ കൗൺസിലർ സി. അനറ്റ് ചാലങ്ങാടി പടവരാട്, പുതുക്കാട്, നെന്മണിക്കര, വേലൂപ്പാടം, ചെന്നായ്പാറ, കൂനംമൂച്ചി, പങ്ങാരപ്പിള്ളി എന്നീ ഭവനസമൂഹങ്ങളിൽ ഔദ്യോഗിക സന്ദർശനം നടത്തി. 28, 29 തിയ്യതികളിൽ ജൂനിയേഴ്സ് ഗാതറിങ്ങ് നടത്തി. റവ. ഫാ. ലിജോയ് OFM Cap. ക്ലാസ്സുകൾ നയിച്ചു. 30 ന് ആലുവ സെനക്കിൾ – ജനറലേറ്റിനോടനുബന്ധിച്ചുള്ള പ്രാർത്ഥനാഭവന്റെ (ക്ലോയിസ്റ്റർ) സുവർണ്ണ ജൂബിലി ആഘോഷത്തിലും തുടർന്ന് നടന്ന മീറ്റിംഗിലും ബഹു.പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടനും കൗൺസിലർ സി.അൽഫോൻസ മൂഞ്ഞേലിയും പങ്കെടുത്തു. ക്ലോയിസ്റ്ററിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് എല്ലാ ഭവന സമൂഹങ്ങളിലും തിരുമണിക്കൂർ നടത്തുകയും സ്തോത്രഗീതം ആലപിക്കുകയും ചെയ്തു.

# ആദരാഞ്ജലികൾ



**01.08.2021 – എഫ്.സി.സി.** നെല്ലിക്കുന്ന് ഭവനാംഗമായ ബ. സി. മെറി ജോസ് നിര്യാതയായി. 2–ാം തീയതി റവ. ഫാ. ഫിനോഷ് കീറ്റിക്കയുടെ മുഖ്യകാർമ്മികത്വത്തിൽ തിരൂർ സീയോൺ റിന്യുവൽ സെന്ററിന്റെ ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം സംസ്കരിച്ചു.



**10.08.2021 – സി.എം.സി.** ഒല്ലൂർ സെന്റ് മേരീസ് ഭവനാംഗമായ സി. മരിയ സൂസി നിര്യാതയായി. തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും ഒല്ലൂർ മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



**25.08.2021 – എഫ്.സി.സി** തൃശൂർ അസ്സീസി ഭവനാംഗമായ ബ.സി. ബെനീസി നിര്യാതയായി. 26–ാം തീയതി തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അസ്സീസി മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം സംസ്കരിച്ചു.

## ആദരാഞ്ജലികൾ



**27.08.2021 – എഫ്.സി.സി.** മരത്താക്കര ബ്ലസഡ് സാക്രമെന്റ് ഭവനാംഗമായ ബ. സി. ക്ലെമന്റ് നിര്യാതയായി. 28–ാം തീയതി തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മരത്താക്കര മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം സംസ്കരിച്ചു.



**28.08.2021 – സി.എസ്.സി.** മരിയ പ്രോവിൻസിലെ ക്രൈസ്റ്റ് കിങ് മഠാംഗമായ സി. കലിസ്റ്റ (78) നിര്യാതയായി. സംസ്കാരം 29ന് അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ചു നടത്തി.

**സി. റോസ് അനിത എഫ്.സി.സി.**
പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ സ്നേഹം നിറഞ്ഞ കുട്ടികളേ,

പരിശുദ്ധ ജപമാല രാജ്ഞിയോട് പ്രത്യേകം ഭക്തി പ്രകടിപ്പിക്കുന്ന മാസമാണല്ലോ ഒക്ടോബർ. വ്യക്തിപരമായും കൂട്ടായും ജപമാല ചൊല്ലിയും ഒക്ടോബർ മാസത്തിന്റെ അവസാനം ജപമാല റാലികൾ സംഘടിപ്പിച്ചും നമ്മൾ ജപമാല ഭക്തി പ്രചരിപ്പിക്കുകയും പ്രഘോഷിക്കുകയും ചെയ്യാറുണ്ട്. പരിശുദ്ധ അമ്മയോടുള്ള പ്രത്യേക ഭക്തി പ്രകടിപ്പിക്കാൻ നമുക്ക് ജപമാല ചൊല്ലുന്നവരാകാം. ഈ കൊറോണ ക്കാലത്ത് നിങ്ങൾ വ്യക്തിപരമായും വീട്ടുകാർ ഒന്നിച്ചും അനുദിനവും ജപമാല ചൊല്ലുന്നുണ്ടെന്ന് കരുതുന്നു. നമ്മുടെ കുടുംബത്തിന്റെ ആത്മീയശക്തി ജപമാലയോടുകൂടിയ കുടുംബപ്രാർത്ഥനയാണ്. ജപമാല മാസം പരി. അമ്മയുടെ മധ്യസ്ഥതയിൽ വളരെയധികം ദൈവാനുഗ്രഹം പ്രാപിക്കാൻ പറ്റിയ അവസരമാണ്.

പരി. അമ്മ പ്രത്യക്ഷപ്പെട്ട പല അവസരങ്ങളിലും ജപമാല ചൊല്ലാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. 1858–ൽ ലൂർദ്ദിൽ ബർണാദീത്തയ്ക്ക് പ്രത്യക്ഷപ്പെട്ടപ്പോഴും 1917–ൽ ഫാത്തിമായിൽ ലൂസി, ജെസീന്ത, ഫ്രാൻചെസ്കോ എന്നീ കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ടപ്പോഴും ജപമാല ചൊല്ലാൻ ആഹ്വാനം ചെയ്യുകയുണ്ടായി. വി. ജോൺ പോൾ രണ്ടാമൻ പാപ്പ പറയുന്നു. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രാർത്ഥന ജപമാലയാണ്. വി. പത്താം പിയൂസ് പറയുന്നു: ജപമാല ഏറ്റവും നല്ല ആയുധമാണ്. വാഴ്ത്തപ്പെട്ട 9–ാം പിയൂസ് പാപ്പ പറയുന്നത് കൊന്ത ചൊല്ലുന്ന ഒരു സൈന്യത്തെ തരൂ, ഞാൻ ഈ ലോകത്തെ കീഴടക്കാം എന്നാണ്. അത്രയ്ക്കും പ്രാധാന്യമുള്ള പ്രാർത്ഥനാരീതിയായാണ് സഭ ജപമാലയെ നോക്കി കാണുന്നത്.

എന്തുകൊണ്ടാണ് പ്രിയ കുട്ടികളേ, ജപമാല ഭക്തിക്ക് ഇത്രയും പ്രാധാന്യം ലഭിക്കുന്നത്? സാധാരണക്കാരൻ യേശുവിന്റെ ജീവിതത്തെ ധ്യാനിക്കുന്ന വഴിയാണ് ജപമാല പ്രാർത്ഥനകൾ. പരി. അമ്മയുടെ കണ്ണുകളിലൂടെ ഈശോയുടെ ജീവിതത്തെ നോക്കികൊണ്ടുള്ള ധ്യാനമായാണ് വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ജപമാല ഭക്തിയെ വിശദീകരിക്കുന്നത്. പരി. കന്യകാമറിയം യേശുവിന്റെ മനു

ഷ്യാവതാരം മുതൽ മരണവും ഉത്ഥാനത്തിന് ശേഷം അവളെ ത്രിലോക രാജ്ഞിയായി മുടിയണിയിപ്പിച്ചതു വരെയുള്ള ഈശോയുടെ ജീവിതത്തിന്റെ ധ്യാനമാണ് ജപമാല. യേശു പഠിപ്പിച്ച സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയും ഗബ്രിയേൽ ദൂതനും എലിസബത്തും മറിയത്തെ അഭിസംബോധന ചെയ്ത നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയും ജപിച്ചുകൊണ്ടാണ് ഈ ധ്യാനം നടത്തുന്നത്.

ജപമാലയിൽ 20 രഹസ്യങ്ങളുണ്ട്. യേശുവിന്റെ ജനനത്തെ കുറിച്ച് ഗബ്രിയേൽ ദൂതൻ പറഞ്ഞ കാര്യങ്ങളാണ് മറിയത്തിന്റെ മനസ്സിൽ യേശുവിനെ നോക്കികാണുമ്പോൾ ആദ്യം വരിക. അതാണ് സന്തോഷത്തിന്റെ ഒന്നാം രഹസ്യം. പരിശുദ്ധാത്മാവ് മറിയത്തിൽ നിറഞ്ഞ് യേശുവിനെ ഗർഭം ധരിച്ചതും യേശുവിനെ സംവഹിച്ചുകൊണ്ട് ചാർച്ചക്കാരിയായ എലിസബത്തിനെ സന്ദർശിച്ചതും അവിടെ വച്ച് എലിസബത്ത് പറഞ്ഞ വാക്കുകളും രണ്ടുപേരും കൂടെ സ്തോത്രഗീതം പാടിയതും മറിയത്തിന് ഓർമ്മയുണ്ട്. പ്രസവസമയമായപ്പോൾ യൗസേപ്പും മറിയവും കൂടി രാജാവിന്റെ കല്പനപ്രകാരം ബത്‌ലെഹമിലേക്ക് പോയതും സത്രത്തിൽ സ്ഥലം കിട്ടാത്തതിനാൽ കാലിതൊഴുത്തിൽ യേശുവിനെ പ്രസവിച്ചതും മാലാഖമാർ പാടിയതും ഇടയന്മാരും രാജാക്കന്മാരും വന്നതും മറിയത്തിന്റെ മനസ്സിൽ തെളിഞ്ഞ് നിന്നിട്ടുമുണ്ട്. യേശുവിനെ രക്ഷിക്കാൻ ഈജിപ്തിലേക്ക് ഓടിപ്പോയതും ദൈവാലയത്തിൽ ശെമയോന്റെ കരങ്ങളിൽ യേശുവിനെ കാഴ്ചവച്ചതും 12-ാം വയസ്സിൽ യേശുവിനെ നഷ്ടപ്പെട്ടതും പിന്നീട് ദൈവാലയത്തിൽ കണ്ടെത്തിയതും മറിയം ഓർക്കുന്നുണ്ട്. യേശുവിന്റെ 30 വർഷത്തെ രഹസ്യ ജീവിത്തെ ഏറ്റവും ഹ്രസ്വമായി പരി. മറിയം ധ്യാനിച്ചതാണ് സന്തോഷത്തിന്റെ രഹസ്യം.

മൂന്ന് വർഷത്തെ യേശുവിന്റെ പരസ്യജീവിതത്തെ കുറിച്ചുള്ള മറിയത്തിന്റെ ധ്യാനമായി പ്രകാശത്തിന്റെ രഹസ്യത്തെ നോക്കി കാണാം. യേശു മാമ്മോദീസ സ്വീകരിച്ചതും കാനായിലെ വെള്ളം വീഞ്ഞാക്കിയതും ദൈവരാജ്യം പ്രസംഗിച്ചതും താബോറിൽ രൂപാന്തരപ്പെട്ടതും ഒടുവിലത്തെ അത്താഴത്തിൽ വി. കുർബാന സ്ഥാപിച്ചതും യേശുവിന്റെ രക്ഷാകര ചരിത്രത്തിലെ നാഴികകല്ലുകളാണ്.

മനുഷ്യനെ രക്ഷിക്കാൻ വേണ്ടി യേശു പീഡകൾ സഹിച്ചതിനെ കുറിച്ചുള്ള ധ്യാനമാണ് ദുഃഖരഹസ്യങ്ങൾ. ഗദ്സമെനിൽ രക്തം വിയർത്തതും പീലാത്തോസിന്റെ കല്പനയാൽ ചമ്മട്ടിയടിയേറ്റതും പട്ടാളക്കാർ മുൾക്കിരീടം യേശുവിന്റെ ശിരസ്സിലമർത്തിയതും ഭാരമേറിയ കുരിശ് ചുമലിൽ ഏറ്റിയതും കുരിശിന്റെ വഴിയെ നടന്ന, കീഴിൽ നിന്ന,

മൃതനായ യേശുവിനെ മടിയിൽ കിടത്തിയ മറിയത്തിന് ഒരിക്കലും മറക്കാനാകില്ല. എന്നാൽ പരി. അമ്മ ഒരിക്കലും നിരാശപ്പെട്ടില്ല. യേശു മൂന്നുപ്രാവശ്യം പീഡാനുഭവ പ്രവചനം നടത്തിയപ്പോഴും യേശു മരണത്തെ തോല്പിച്ച് മൂന്നം ദിവസം ഉയിർക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആ പ്രത്യാശയുടെ മുഹൂർത്തങ്ങളാണ് മഹിമയുടെ രഹസ്യങ്ങളിൽ മറിയത്തോടൊപ്പം നമ്മൾ ധ്യാനിക്കുന്നത്. യേശു ഉത്ഥാനം ചെയ്തതും നാല്പതാം നാൾ സ്വർഗ്ഗാരോഹണം ചെയ്തതും ശിഷ്യരും മറിയവും പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ പരിശുദ്ധാത്മാവ് തീനാവുകളുടെ രൂപത്തിൽ എഴുന്നള്ളി വന്ന് അവരിൽ നിറഞ്ഞതും മഹിമയുടെ രഹസ്യത്തിൽ നാം ധ്യാനിക്കുന്ന പ്രധാന സംഭവങ്ങളാണ്. യേശുവിന്റെ കൂടെ നിന്ന മറിയത്തെ യേശു സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി ത്രിലോകരാജ്ഞിയായി മുടി ധരിപ്പിച്ചതും നാം മഹിമയുടെ രഹസ്യത്തിൽ ധ്യാനിക്കുന്നു.

പ്രിയ കുട്ടികളേ, ജപമാലയെന്ന് പറഞ്ഞാൽ, ചുരുക്കത്തിൽ, മറിയത്തോട് ചേർന്ന് ഈശോയുടെ ജീവചരിത്രം ധ്യാനിക്കലാണ്. അതിന് യേശു പഠിപ്പിച്ച പ്രാർത്ഥനയും മംഗളവാർത്തയും നമ്മുടെ യാചനകളും ആവർത്തന സൂക്തങ്ങളാക്കുന്നു. നന്നായി ജപമാല ചൊല്ലാൻ സാധിച്ചാൽ തീർച്ചയായും പരി. അമ്മയുടെ മധ്യസ്ഥതവഴി ദൈവാനുഗ്രഹങ്ങൾ നമുക്ക് ലഭിക്കാതിരിക്കില്ല. അതുകൊണ്ട് മുടങ്ങാതെ ജപമാല ചൊല്ലാൻ നിങ്ങൾ പ്രതിജ്ഞയെടുക്കുക. നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കുമല്ലോ?

മിശിഹായിൽ സ്നേഹപൂർവ്വം

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

പള്ളിയിൽ പോയി വിശ്വാസപരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളതെങ്കിലും വീട്ടിലിരുന്നുകൊണ്ട് തന്നെ വിശ്വാസപരിശീലന ക്ലാസ്സുകളിൽ മുടങ്ങാതെ പങ്കെടുക്കുന്നുണ്ടല്ലോ. അർദ്ധവാർഷികപരീക്ഷക്കു നന്നായി ഒരുങ്ങുകയും പരീക്ഷയിൽ പങ്കെടുക്കുകയും ചെയ്യുക. പരി. മാതാവിനോടുള്ള ബന്ധം ദൈവാനുഭവത്തിനും വിശ്വാസവളർച്ചയ്ക്കും വളരെയേറെ ആവശ്യ

മാണ്. ഈ ജപമാലമാസത്തിൽ മരിയഭക്തിയിൽ വളരാനും ഈ ലോക ത്തെ മുഴുവൻ പിടിമുറുക്കിയിരിക്കുന്ന കൊറോണാവൈറസിനെ തുര ത്താനും പ്രത്യേകം ജപമാലകൾ ചൊല്ലി നമുക്ക് മരിയൻ പടയാളിക ളാകാം.

**1. അർദ്ധവാർഷികപരീക്ഷകൾ**

ഒക്ടോബർ 10 – Std. I, III, V, VII, IX, XI

ഒക്ടോബർ 17 – Std. II, IV, VI, VIII, X, XII, ACC

- 1 മുതൽ 11 വരെയുള്ള ക്ലാസ്സുകൾക്ക് യൂണിറ്റുകളുടെ നേതൃത്വത്തിൽ ചോദ്യപേപ്പറുകൾ തയ്യാറാക്കി മുകളിൽ കൊടുത്തിട്ടുള്ള തിയതിക ളിൽ തന്നെ പരീക്ഷകൾ നടത്തേണ്ടതാണ്. പ്രസ്തുത പരീക്ഷക്ക് ഓരോ സ്ഥലത്തേയും സാഹചര്യം പരിഗണിച്ച് ഓൺലൈൻ വാചിക പരീക്ഷ/ എഴുത്തുപരീക്ഷ, നേരിട്ടുള്ള വാചിക പരീക്ഷ/എഴുത്തുപ രീക്ഷ തുടങ്ങിയ രീതികൾ അവലംബിക്കാവുന്നതാണ്.
- XII, ACC ക്ലാസ്സുകൾക്ക് കേന്ദ്രീകൃത പരീക്ഷാപേപ്പറുകളോടുകൂടി യുള്ള എഴുത്തുപരീക്ഷ. ഒക്ടോബർ 17 നു 2 മണിക്കു തന്നെ നടത്തേ ണ്ടതാണ്.

  ഏതെങ്കിലും കാരണവശാൽ പ്രസ്തുത പരീക്ഷകൾ എഴുതാൻ സാധിക്കാത്ത വിദ്യാർത്ഥികളുണ്ടെങ്കിൽ ആ വിവരം ഒക്ടോബർ 24 നുള്ളിൽ വിശ്വാസപരിശീലന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**2. സ്കോളർഷിപ്പ് പരീക്ഷ:** കേന്ദ്രീകൃത എഴുത്തുപരീക്ഷകൾ നട ത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ 2021–22 സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കുന്നതല്ല.

**3. മാർക്ക് എൻട്രിയും ഹാജരും:** അർദ്ധവാർഷിക പരീക്ഷയുടെ മാർക്കു കളും **നവംബർ 7** ഉൾപ്പെടെയുള്ള ഹാജരുകളും സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ട അവസാന തിയ്യതി **നവംബർ 14** ആണ്. നവം ബർ 14നു ശേഷം നവംബർ 7 വരെയുള്ള ഹാജർ രേഖപ്പെടുത്താൻ സാധിക്കുന്നതല്ല. എല്ലാ യൂണിറ്റുകളും ഇത് പ്രത്യേകം ശ്രദ്ധിക്കുകയും ഹാജരും മാർക്ക് എൻട്രിയും ചെയ്യേണ്ടതുമാണ്. ചെയ്യാത്തവർക്ക് വേറെ ഒരു അവസരം ഉണ്ടായിരിക്കുന്നതല്ല.

**4. Std. XII ലെ വിദ്യാർത്ഥികളുടെ ബയോഡാറ്റയും ഫോട്ടോയും**

1. ഈ വർഷം Std. XII ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ബയോഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)

2. അവരുടെ ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്‌ലോഡ് ചെയ്യുക. (വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ (150 x 200 pix) ആണ് അപ്‌ലോഡ് ചെയ്യേണ്ടത്.)

**5. സർവ്വീസ് അവാർഡ്**

സർവീസ് അവാർഡിന് അർഹരായവരെ തിരഞ്ഞെടുക്കുന്നത് സോഫ്റ്റ് വെയറിൽ ചേർത്തിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിനായി മറ്റു ഫോമുകളോ ലിസ്റ്റുകളോ നൽകേണ്ടതില്ല. സോഫ്റ്റ് വെയറിൽ അധ്യാപകരുടെ സർവ്വീസ് വിവരങ്ങൾ ഇനിയും പൂർണ്ണമായും ചേർക്കാത്ത യൂണിറ്റുകൾ ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതാണ്. സർവീസ് അവാർഡിനുള്ള അർഹത ഉണ്ടായിരുന്നിട്ടും മുൻവർഷങ്ങളിൽ അവ ലഭിക്കാതിരുന്നവർ ഉണ്ടെങ്കിൽ കാരണസഹിതമുള്ള അപേക്ഷ ബഹു. വികാരിയച്ചന്റെ ശിപാർശയോടുകൂടി വിശ്വാസപരിശീലനകേന്ദ്രത്തിൽ ഡിസംബർ 6 നു മുമ്പ് ഏൽപിക്കേണ്ടതാണ്.

**6. ആപ്റ്റിറ്റ്യൂഡ് പരീക്ഷ 2021 – 22**

യൂണിറ്റ് തലം – **2021 ഡിസംബർ 5, ഞായർ – 03.00 PM - 04.30 PM**

**വിശ്വാസവഴിയിലെ സംശയങ്ങൾ ഭാഗം 7,8,9,10,11 പേജ് (203 –277)**

അതിരൂപതാതലം – **2022 ജനുവരി 2, ഞായർ– 02.30 PM - 04.30 PM**

അധിക പാഠ്യ ഭാഗം – **വെളിപാട് 1,2,3 അധ്യായങ്ങൾ**

**7. യൂണിറ്റ് വിസിറ്റ്:** ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ഓഫീസ് വിസിറ്റ് മാത്രമായി നവംബർ മാസത്തിൽ നടത്തപ്പെടുന്നു. യൂണിറ്റുകൾ ഓഫീസ് സംബന്ധമായ കാര്യങ്ങൾ കൃത്യമാക്കണം.

**8. വിശ്വാസപരിശീനലനക്ലാസ്സുകൾ**

സ്കൂൾ തുറക്കാനുള്ള അനുമതി ഗവൺമെന്റ് നൽകുകയാണെങ്കിൽ ഗവൺമെന്റ് നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.

പ്രാർത്ഥനയോടെ

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
*അസി. ഡയറക്ടർമാർ*

**ഫാ. ഫ്രാൻസിസ് ആളൂർ**
*ഡയറക്ടർ*

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

## 1. B.A. in Theology and Religious Studies

(affiliated to Katholicke Universiteit, Leuven, Belgium):

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- ഈ കോഴ്സിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചകളിലും 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PM വരെയും നടത്തപ്പെടുന്നു. 2021 –2022 അദ്ധ്യായനവർഷത്തിലെ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു. ഈ വർഷം B.A. Theology കോഴ്സിന് 29 പേരാണ് റെജിസ്റ്റർ ചെയ്തിട്ടുള്ളത്. Family Counceling (Dr. Sijohn Kuzhikatt-umyalil), Catechetics (Rev. Dr. Sajan Pindiyan) എന്നീ ക്ലാസ്സുകൾ കഴിഞ്ഞ മാസം നടന്നു.
- **B.A. Thesis Defense:**

  ലുവൈൻ യൂണിവേഴ്സിററിയിൽ സമർപ്പിച്ച B.A. Thesis കളുടെ Defense Josamma Joseph, Nina P. Augustine, Sunny K. P. എന്നിവർ വിജയകരമായി പൂർത്തികരിച്ചു. പ്രത്യേക അഭിനന്ദനങ്ങൾ!

## 2. Certificate Course in Theology

(affiliated to Chair for Christian Studies and Research, Calicut University)

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- 24 വിഷയങ്ങളുള്ള കോഴ്സാണിത്.
- ബോധന മാദ്ധ്യമം: മലയാളം
- മാസംതോറും രണ്ടു ഞായറാഴ്ചകളിലായി രണ്ടു ക്ലാസ്സുകൾ.
- ഒരു വർഷംകൊണ്ട് പൂർത്തിയാക്കുന്നു.

ഈ വർഷത്തെ Certificate Course-ൽ 75 പേരാണ് പങ്കെടുക്കുന്നത്. ധാർമ്മികദൈവശാസ്ത്രത്തിനൊരാമുഖം (Rev. Fr. Jiso

Kuttikkat), വിശ്വാസപ്രമാണം (Rev. Dr. Lijo Chalissery) എന്നീ ക്ലാസ്സുകൾ സെപ്റ്റംബർ മാസത്തിൽ നടന്നു.

## 3. Advanced Certificate Course in Theology

(affiliated to Chair for Christian Studies and Research, Calicut University):

സന്യാസിനികൾക്കായി Theology Course ന്റെ ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ നടക്കുന്നു.

- ആറുമാസം നീണ്ടുനിൽക്കുന്നു.
- ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ നടക്കുന്നു.
- സന്യാസിനികൾക്കു മാത്രം.

## 4. Catechumenate Course

പുതിയതായി കത്തോലിക്കാ സഭയിൽ ചേരുന്നവർക്കുള്ള വിശ്വാസപരിശീലന കോഴ്സുകൾ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. വിവാഹത്തോടനുബന്ധിച്ച് കത്തോലിക്കവിശ്വാസം സ്വീകരിച്ചവർക്ക് കൂടുതൽ ആഴമുള്ള വിശ്വാസരൂപീകരണത്തിന് ഈ കോഴ്സ് ഉപകരിക്കും. ഇടവകകളിൽനിന്ന് അത്തരക്കാരെ ഈ കോഴ്സിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

## 5. Basic CTC

നിയമിക്കപ്പെട്ടിട്ടുള്ള ആദ്യത്തെ 3 വർഷത്തിനുള്ളിൽ എല്ലാ വിശ്വാസപരിശീലകരും അതിരൂപതാ ദൈവശാസ്ത്രവിദ്യാപീഠം ഒരുക്കിയിട്ടുള്ള വിശ്വാസപരിശീലകർക്കുള്ള അടിസ്ഥാനപരിശീലനകോഴ്സിൽ (Basic CTC) പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടണം. ഒക്ടോബർ മാസത്തിൽ 5 ബാച്ചുകളായി നടത്തുന്നു.

## 6. Advanced CTC

വിശ്വാസവിഷയങ്ങൾ പഠിപ്പിക്കുന്നതിന് കുറെകൂടി ആഴമായ പരിശീലനം വിശ്വാസപരിശീലകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള കോഴ്സ് ആണിത്. TTC, B.Ed എന്നീ കോഴ്സുകൾ ചെയ്തിട്ടില്ലാത്ത വിശ്വാസപരിശീലകരെയാണ് പ്രധാനമായും ഈ കോഴ്സിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് ഊന്നൽ കൊടുത്തിട്ടുള്ളതാണ് ഇത്. ഇതിന് Institute of Theology യുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കും. നവംബർ മാസത്തിൽ നടത്തുന്നു.

## 7. Course on Theology of Family

- തൃശ്ശൂർ അതിരൂപതയിലെ ദമ്പതികൾക്കുവേണ്ടി കുടുംബ ദൈവശാസ്ത്രത്തെകുറിച്ചുള്ള ആറുമാസത്തെ കോഴ്സ് ഡിസംബറിൽ ആരംഭിക്കുന്നു.
- ആദ്യം റെജിസ്റ്റർ ചെയ്യുന്ന 50 ദമ്പതികൾക്ക് അവസരം.
- കൂടുതൽ വിവരങ്ങൾ വൈകാതെ അറിയിക്കുന്നതാണ്.

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

**1. ഓണാഘോഷം**

സന്തോഷത്തിൻെറയും സമൃദ്ധിയുടെയും ഉത്സവമായ ഓണം ആഗസ്റ്റ് 21–ാം തിയതി സെമിനാരികുടുബം സമുചിതമായി ആഘോഷിച്ചു. പൂക്കളവും ഓണക്കളികളും വടംവലി മത്സരവും ഓണസദ്യയും മറ്റും ഓണാഘോഷങ്ങൾക്ക് മാറ്റ് കൂട്ടി.

**2. പരീക്ഷകൾ**

2021–2022 അദ്ധ്യയനവർഷത്തിലെ ഒന്നാം സെമസ്റ്റർ പരീക്ഷകൾ ആഗസ്റ്റ് 27 മുതൽ സെപ്റ്റംബർ 11 വരെയുള്ള ദിവസങ്ങളിൽ നടന്നു. ഈ അദ്ധ്യയനവർഷം ദൈവശാസ്ത്ര പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ BA/STB Research Papers ഡിഫൻസ് സെപ്റ്റംബർ 3, 4 തിയതികളിലും comprehensive written & oral പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 16, 27 തിയ്യതികളിലുമായി നടത്തപ്പെട്ടു.

**3. അവധി ദിനങ്ങൾ**

സെപ്റ്റംബർ 12 മുതൽ 27 വരെ അവധി ദിനങ്ങളായിരുന്നു.

കൊറോണ കാലഘട്ടമായതിനാൽ വൈദികവിദ്യാർത്ഥികൾ അവധിക്കാലം സെമിനാരിയിൽ തന്നെയാണ് ചെലവഴിച്ചത്.

**4. ഹോം ഡേ മത്സരങ്ങൾ**

ഈ അധ്യയനവർഷത്തിലെ ഹോം ഡേ മത്സരങ്ങളുടെ ഉദ്ഘാടനം സെപ്റ്റംബർ 14–ാം തിയ്യതി ബഹു. ഡേവിസ് തെക്കേക്കരയച്ചൻ നിർവഹിച്ചു. **ഉദയം 2K21** എന്നാണ് ഈ വർഷത്തെ ഹോം ഡേയ്ക്ക് പേരു നൽകിയിരിക്കുന്നത്. **"ഒന്നിക്കാം, ഉദിച്ചുയരാം, മികവോടെ"** എന്നതാണ് ഈ വർഷത്തെ ഹോം ഡേ ആഘോഷങ്ങളുടെ ആദർശവാക്യം.

**5. ബേഴ്സ് സ്ഥാപിച്ചവർ**

**Benefactor Membership**

1. കാറ്റിക്കിസം സ്റ്റാഫ്, കുരിയച്ചിറ യൂണിറ്റ്, സെന്റ് ജോസഫ്സ് ചർച്ച്, കുരിയച്ചിറ, തൃശൂർ.
2. ശ്രീ. ഫ്രാൻസിസ് ആലപ്പാട്ട് & ഫാമിലി, ആലപ്പാട്ട് ഹൗസ്, സെന്റ് ആന്റണീസ് സ്ട്രീറ്റ്, കുരിയച്ചിറ, തൃശൂർ.
3. ശ്രീ ജോർജ് & ശ്രീമതി ലിസി വലിയവീട്ടിൽ, വലിയവീട്ടിൽ ഹൗസ്, സെന്റ് തോമാസ് സ്ട്രീറ്റ്, കുരിയച്ചിറ, തൃശൂർ.
4. ശ്രീമതി മാളിയേക്കൽ ദേവസ്സി കൊച്ചുമേരി, മാളിയേക്കൽ ഹൗസ്, സെന്റ് തോമാസ് സ്ട്രീറ്റ്, കുരിയച്ചിറ, തൃശൂർ.
5. ശ്രീ. വിൻസെന്റ് ചിറ്റിലപ്പിള്ളി, ചിറ്റിലപ്പിള്ളി ഹൗസ്, കാരിക്കാട്ടുക്കര ലെയ്ൻ, കുരിയച്ചിറ, തൃശൂർ.
6. ശ്രീമതി ഷൈബി വിൻസെന്റ് ചിറ്റിലപ്പിള്ളി, ചിറ്റിലപ്പിള്ളി ഹൗസ്, കാരിക്കാട്ടുക്കര ലെയ്ൻ, കുരിയച്ചിറ, തൃശൂർ.
7. ശ്രീമതി പ്രേമ മൈക്കിൾ, കുന്നംകുടത്ത് ഹൗസ്, എം. ഒ. റോഡ്, കുരിയച്ചിറ, തൃശൂർ.
8. ശ്രീ. ടോജോ ടോമി, ചിറമ്മൽ കുഞ്ഞാവു ഹൗസ്, മെയിൻ റോഡ്, കുരിയച്ചിറ, തൃശൂർ.
9. ശ്രീ. പോൾ ആലുക്ക, ആലുക്ക ഹൗസ്, കാരിക്കാട്ടുക്കര ലെയ്ൻ, കുരിയച്ചിറ, തൃശൂർ.

പ്രിയമുള്ള ഉപകാരികളേ, "... ദൈവം തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽ നിന്ന് യേശുക്രിസ്തുവഴി നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം നല്കും" (ഫിലിപ്പി 4:19). എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ. ഹൃദയംനിറഞ്ഞ നന്ദി.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**1. കേരള ആരോഗ്യ സർവ്വകലാശാല പരീക്ഷയിൽ ഉന്നതവിജയം**

കേരള ആരോഗ്യ സർവ്വകലാശാലയുടെ എം. ബി. ബി. എസ്. പരീക്ഷയിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് 98.95 ശതമാനം വിജയം നേടി. 96 പേർ പരീക്ഷയെഴുതിയതിൽ 95 പേരും വിജയിച്ചു. യൂണിവേഴ്സിറ്റി തലത്തിൽ ഏറ്റവും ഉയർന്ന വിജയശതമാനമാണ് ഇതെന്ന് പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ അറിയിച്ചു. ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിലെ ബി.എസ്.സി. നേഴ്സിങ്ങ് വിദ്യാർത്ഥികളും നൂറ് ശതമാനം വിജയം കൈവരിച്ചു. ഇതിൽ 8 പേർ ഡിസ്റ്റിങ്ങ്ഷൻ നേടിയതായി നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ. ഏഞ്ജല ജ്ഞാനദുരൈ അറിയിച്ചു. ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അഭിനന്ദിച്ചു.

**2. ജൂബിലി മിഷൻ ആശുപത്രിയിൽ ഓണാഘോഷം**

ജൂബിലി മിഷൻ ആശുപത്രിയിലെ മെയിന്റനൻസ് വിഭാഗത്തിലെ ജീവനക്കാർക്ക് ഓണക്കോടിയും, പായസവും ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് വിതരണം ചെയ്തു. ഫാ. പോൾ പേരാമംഗലത്ത്, ഫാ. റെന്നി മുണ്ടൻകുരിയൻ, ഫാ. ജിമ്മി എടക്കളത്തൂർ, ഫാ. ഷിജോ മാപ്രാണത്തുക്കാരൻ, ഫാ. ഡെമിൻ തറയിൽ എന്നിവർ സിഹിതരായിരുന്നു. ജോൺ ടി. വെള്ളറ, ജോബി ചീരൻ, ജയൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**3. ഫോക്കസ് – ബിരുദാനന്തര ബിരുദ മെഡിക്കൽ വിദ്യാർത്ഥികളുടെ പരിശീലന പരിപാടി**

ഗൈനക്കോളജി ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കായി അഖിലേന്ത്യാതലത്തിൽ വർഷംതോറും ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സംഘടിപ്പിക്കുന്ന ശിൽപശാല ഫോക്കസ് 2021 ആരംഭിച്ചു. 2006 ആഗസ്റ്റ് മുതൽ തുടങ്ങിയ ഈ പരിപാടി അതിന്റെ 16–ാം വർഷത്തിലെത്തി നിൽക്കുമ്പോൾ ഇന്ത്യയിലെ തന്നെ സമാനപരിപാടി

കളുടെ ഒന്നാം നിരയിലെത്തിക്കഴിഞ്ഞിരിക്കുന്നു. കാശ്മീർ മുതൽ ഇങ്ങോട്ട് ഏതാണ്ട് അഞ്ഞൂറോളം വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഈ സപ്തദിന പരിപാടി നടത്തുന്നത് ഡോ. വി. പി പൈലി, ഡോ. സറീന ഗിൽവാസ് എന്നിവർ നേതൃത്വം നൽകുന്ന ജൂബിലി മിഷനിലെ ഗൈനക്കോളജി വിഭാഗമാണ്. കൊറോണ മഹാമാരി മൂലം ഈ വർഷം ഓൺലൈനായാണ് ക്ലാസുകൾ നടത്തിയത്.

മെഡിക്കൽ കോളേജുകളുടെ എണ്ണം കൂടുകയും വിദ്യാഭ്യാസം യാന്ത്രികമാവുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ സ്വാഭാവികമായും പഠനനിലവാരം താഴുന്നുവോ എന്ന ആശങ്ക പരക്കെ നിലനിൽക്കുന്നുണ്ട്. അഖിലേന്ത്യാതലത്തിലെ ഏറ്റവും മികച്ച കോളേജുകളിൽ നിന്നുള്ള പ്രഗത്ഭരായ അദ്ധ്യാപകരെ ഒരുമിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവന്ന് വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുക്കാനുള്ള ഒരു അവസരം ഉണ്ടാക്കുക എന്ന ആശയത്തിൽ നിന്നാണ് ഫോക്കസിന്റെ പിറവി. ഡൽഹി, ചെന്നൈ, അഹമ്മദാബാദ്, ബാംഗ്ലൂർ, വെല്ലൂർ, ജിപ്മർ എന്നിവിടങ്ങളിലെ പ്രഗത്ഭരായ പ്രൊഫസർമാർക്കൊപ്പം കേരളത്തിലെ മെഡിക്കൽ കോളേജുകളിലെ ഗൈനക്കോളജി വിഭാഗം മേധാവികളും കൂടി അണിനിരക്കുന്ന ഈ ശിൽപശാല രോഗലക്ഷണങ്ങൾ, ചികിത്സാരീതികൾ എന്നിവയിലെ പരമ്പരാഗതവും നൂതനവുമായ എല്ലാ പ്രവണതകളേയും വിശകലനം ചെയ്യുന്നു. ഡോ. ജയ വിജയരാഘവൻ (ചെന്നൈ), ഡോ. ലില്ലി വർഗ്ഗീസ് (വെല്ലൂർ), ഡോ. ശോഭ ഗുഡ്ഡി (ബാംഗ്ലൂർ), ഡോ അരുണ കേക്റേ, ഡോ. ഹബീബുള്ള (ജിപ്മർ പോണ്ടിച്ചേരി), ഡോ. മുരളീധർ പൈ (മണിപാൽ), ഡോ. രാമമൂർത്തി, ഡോ. എൻ. സുന്ദർ, ഡോ. ലില്ലി വർഗ്ഗീസ്, ഡോ. കവിത സുകുമാർ, ഡോ. ഹബീബുള്ള, ഡോ. ശുക്ല ഷെട്ടി, ഡോ. സീത പണിക്കർ, ഡോ. ഹരീഷ് ദോഷി, ലത ചതുർവേതുല, ഡോ. അൽകാ കൃപാലിനി. ഡോ. പ്രതാപ്കുമാർ, ഡോ. പളനിയപ്പൻ, ഡോ. ലക്ഷ്മി ശേഷാദ്രി തുടങ്ങിയ പ്രമുഖ ഡോക്ടർമാർ ക്ലാസുകൾ എടുത്തു.

**4. ഡയാലിസിസിന് സംഭാവന നൽകിയവർ**

- പ്രൊവിൻഷ്യൽ, നവജ്യോതി പ്രൊവിൻസ്, തൃശ്ശൂർ (150 ഡയാലിസിസ്)
- റെക്ടർ & വികാരി, സേക്രട്ട് ഹാർട്ട് ലാറ്റിൻ ചർച്ച്, തൃശ്ശൂർ (142 ഡയാലിസിസ്)
- റവ. സിസ്റ്റർ പ്രൊവിൻഷ്യൽ, മരിയ പ്രൊവിൻഷ്യൽ ഹൗസ്, കൂർക്കഞ്ചേരി, തൃശ്ശൂർ (142 ഡയാലിസിസ്)
- ബേബി പോൾ, ചേറുക്കാട്ടിൽ ഹൗസ്, നെല്ലിക്കുന്ന്, തൃശ്ശൂർ (100 ഡയാലിസിസ്)

- ലീജിയൻ ഓഫ് മേരി, ലൂർദ്ദ് കത്തീഡ്രൽ ചർച്ച്, തൃശ്ശൂർ (100 ഡയാലിസിസ്)

**5. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ജസ്റ്റിൻ ടി. എസ്, തൈക്കാട്ടിൽ ഹൗസ് ചുവന്നമണ്ണ്, തൃശ്ശൂർ
- ജോൺ ജോർജ്ജ്, ചേലക്കര
- എഫ്. സി. സി. ക്വാർട്ടേഴ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ.
- സ്നേഹ ഏയ്ഞ്ചൽ ജോയ്, ചെറുവത്തൂർ ഹൗസ്, മുല്ലശ്ശേരി, തൃശ്ശൂർ
- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- സെന്റ് ജോസഫ്സ് ചർച്ച്, കുരിയിച്ചിറ, തൃശ്ശൂർ
- എ. എൻ. ലൂവീസ്, കുത്തൂർ ഹൗസ്, പറവട്ടാനി, തൃശ്ശൂർ
- മഞ്ചു മനോജ്, അന്തിക്കാട്ട് ഹൗസ്, അമലനഗർ, തൃശ്ശൂർ
- ബാബു പോൾ, കാന്റീൻ സ്റ്റാഫ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ.
- അലീഷ ബേബി, കൊക്കൻ ഹൗസ്, തൃശ്ശൂർ
- ആൻ വർഗ്ഗീസ്, ചീരോത്ത് ഹൗസ്, പാലക്കൽ, തൃശ്ശൂർ
- ചിഞ്ചു, മെഡിക്കൽ ഐ.സി.യു, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ബഷീറ, ഇ.സി.എച്ച്.എസ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഡോ. സുശീല ജെ. ഇന്ന, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- അന്റോണിയോ, കാരത്ര ഹൗസ് പുതുക്കാട്, തൃശ്ശൂർ
- വിനോദ്
- നോയൽ ജോൺ
- വിനോ ജേക്കബ്
- അഭ്യുദയകാംക്ഷി
- ഡോ. ഡേവിഡ് പുതുക്കാടൻ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ.

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. എൻ. ഐ. ആർ. എഫ് റാങ്ക്**

ദേശീയതലത്തിൽ നടന്ന (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിങ്ങ് ഫ്രെയിം വർക്ക്) എൻ. ഐ. ആർ. എഫ് റാങ്കിങ്ങിൽ, കോളേജ് ഇന്ത്യയിൽ 64–ാം സ്ഥാനം കരസ്ഥമാക്കി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഒന്നാം സ്ഥാനവും, കേരളത്തിലെ 7–ാം സ്ഥാനവും നേടാൻ കഴിഞ്ഞത് അദ്ധ്യാപകരുടേയും, വിദ്യാർഥികളുടേയും, അനദ്ധ്യാപകരുടേയും, മാനേജ്മെന്റിന്റേയും ഉൾചേർന്ന പ്രവർത്തന മികവിനുള്ള അംഗീകാരമാണ്. അതിനായി പരിശ്രമിച്ച എല്ലാ സെന്റ് തോമസ് അംഗങ്ങൾക്കും അഭിന്ദനങ്ങൾ.

**2. അനുദിന ദിവ്യബലിയർപ്പണം**

സെപ്റ്റംബർ ഒന്നു മുതൽ സെന്റ് തോമസ് കോളേജിൽ അനുദിന വിശുദ്ധകുർബാന ആരംഭിച്ചു. എല്ലാദിവസവും ഉച്ചക്ക് 1 മണിക്ക് കോളേജ് ചാപ്പലിൽ വിശുദ്ധകുർബാനയുണ്ടായിരിക്കും.

**3. അഭിനന്ദനങ്ങൾ**

മലയാള വിഭാഗം അദ്ധ്യാപിക സി. ഷാരോൺ സി.എം.സി യെ ജീസസ് യൂത്തിന്റെ കേരള കാമ്പസ് മിനിസ്ട്രി 2021–23 വർഷത്തെ പുതിയ ആനിമേറ്റർ ആയി തെരഞ്ഞെടുത്തതിൽ അഭിനന്ദനങ്ങൾ.

സി. ഷാരോൺ എഡിറ്റ് ചെയ്ത 'വി. എവുപ്രാസിയ' എന്ന പുസ്തകം തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പ്രകാശനം ചെയ്തു. കേരള റവന്യു വകുപ്പ് മന്ത്രി ശ്രീ കെ. രാജൻ പ്രകാശന കർമ്മത്തിൽ പങ്കെടുത്ത് പുസ്തകം ഏറ്റുവാങ്ങി.

- രസതന്ത്ര വിഭാഗം തലവൻ ഡോ. സി.എൽ ജോഷിയെ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ പരീക്ഷ പരിഷ്ക്കരണ സമിതിയിലേക്ക് അംഗമായി ഗവൺമെന്റ് നാമനിർദ്ദേശം ചെയ്തു. മുൻ കാലിക്കറ്റ് യൂണിവേഴ്സിറ്റി രജിസ്ട്രാർ ആയിരുന്ന ഈ അദ്ധ്യാപകന് കേരളത്തിന്റെ പരീക്ഷ പരിഷ്ക്കരണ സമിതി അംഗമാക്കിയതിൽ അഭിന്ദനങ്ങൾ.
- റോയൽ തായ് കോൺസുലേറ്റ് സംഘടിപ്പിച്ച തായ്ലന്റ് ഓൺലൈൻ

ആർട്ട് മത്സരത്തിൽ കോമേഴ്സ് ഡിപ്പാർട്ട്മെന്റിലെ മിസ്. എയ്ഞ്ചൽ മരിയ 5000 രൂപയുടെ ഒന്നാം സമ്മാനം നേടി.

**4. വെബിനാർ**

കോളേജ് ഫിനിഷിങ്ങ് സ്ക്കൂളിന്റെ ആഭിമുഖ്യത്തിൽ 'ഇമോഷനൽ ഇന്റലിജൻസ്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. പുതുക്കാട് പ്രജോതി നികേതൻ കോളേജിലെ ഡോ. നൈസ് മേരി ക്ലാസ്സ് നയിച്ചു.

- റിസർച്ച് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 'ക്വാളിറ്റി ഓഫ് അക്കാദമിക് പബ്ലിഷിംഗ് ഇൻ സോഷ്യൽ സയൻസ്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കോളേജ് ലൈബ്രേറിയൻ ശ്രീ സാൻജൊ ജോസ് ക്ലാസ്സുകൾ നയിച്ചു.
- ഇന്നൊവേഷൻ സെല്ലിന്റെ ആഭിമുഖ്യത്തിൽ 'ഇന്റലക്ചൽ പ്രോപ്പർട്ടി റൈറ്റ്സ്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കോളേജ് ലൈബ്രേറിയൻ ശ്രീ സാൻജൊ ജോസ് ക്ലാസ്സുകൾ നയിച്ചു.
- ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് 'ഗുരുവന്ദനം' എന്ന മൂന്നു ദിവസത്തെ അന്തർദേശീയ സെമിനാറിൽ മൺമറഞ്ഞ പൂർവ്വ അദ്ധ്യാപകരെ അനുസ്മരിച്ച് പ്രൊഫ. അജയ്കുമാർ കുന്നുമക്കര (ഐ.ഐ.റ്റി, ഗോഹത്തി) ഡോ. ശിവകുമാർ പട്ടത്തിൽ (ജോർജ്ജിയ യൂണിവേഴ്സിറ്റി, യു.എസ്.എ), പ്രൊഫ. ജോസ് പുത്തൂർ (എച്ച്.ഒ.ഡി, കാലിക്കറ്റ് യൂണിവേഴ്സിറ്റി) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വിരമിച്ച അദ്ധ്യാപകർ ആശംസകൾ നേർന്നു. കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കെ.എ. ഉത്ഘാടനം ചെയ്തു.
- ഒ.എസ്.ഒ യുടെ ആഭിമുഖ്യത്തിൽ അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് 'അറിവ്, പഠനം, അദ്ധ്യാപനം: ഇ–ലേണിംഗ് കാലത്തെ ചിന്തകൾ' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കോഴിക്കോട് വി.ആർ. അംബേദ്കർ മെമ്മോറിയൽ കോളേജ് പ്രിൻസിപ്പാൾ ഡോ. സി.ജെ. ജോർജ്ജ് ക്ലാസ്സു നയിച്ചു.
- റിസർച്ച് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 'പബ്ലിക്കേഷൻ ഇൻ ക്രഡിബിൾ ജേർണൽസ്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. മാനേജർ മാർ ടോണി നീലങ്കാവിൽ ഉത്ഘാടനം ചെയ്തു. ലൈബ്രേറിയൻ ശ്രീ സാൻജൊ ജോസ് ക്ലാസ് നയിച്ചു.

**5. സംഭാവന നൽകി**

ബി. കോം 1994 വർഷം പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ കൂട്ടായ്മ പുതിയ സെന്റിനറി കാമ്പസ് നിർമ്മാണത്തിന് ഒരു ല

ക്ഷം രൂപ സംഭാവന നൽകി.

- ബികോം ഫിനാൻസ് 2012-15 ലെ പൂർവ്വ വിദ്യാർത്ഥികൾ എസ്.റ്റി.ഐ.സി ഇൻക്യുബേഷൻ സെന്ററിലേക്ക് സ്ക്രീൻ പ്രിന്റിംഗ് മെഷ്യൻ സംഭാവന ചെയ്തു.

**6. ഫൈനാൻസ്ഡ് സെൽ**

ഫൈനാൻസ്ഡ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ഓണത്തോടനുബന്ധിച്ച് നടത്തപ്പെട്ട മത്സരങ്ങളായ മലയാളിമങ്ക, ഓണപ്പാട്ട്, പുരുഷ കേസരി എന്നീ വിഭാഗങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവരെ അഭിനന്ദിച്ചു.

**7. പ്ലെയ്സ്മെന്റ് ലഭിച്ചു**

പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ 'സുരേട്ടി ഐ.എം. എഫ്'ൽ 4 വിദ്യാർത്ഥികൾക്കും, 'ഇൻഫോസിസിൽ' 4 വിദ്യാർത്ഥികൾക്കും പ്ലെയ്സ്മെന്റ് ലഭിച്ചു

**8. ഓൺലൈൻ ഓണാഘോഷം**

ടീച്ചേഴ്സ് ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപക, അനദ്ധ്യാപക ഓാണാഘോഷം ഓൺലൈനായി സംഘടിപ്പിച്ചു. കലാപരിപാടികളും, മത്സരങ്ങളും സംഘടിപ്പിച്ചു.

**9. എൻ.സി.സി.**

എൻ.സി.സി യൂണീറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഇന്റർ കോളേജിയേറ്റ് ദേശഭക്തിഗാന മത്സരത്തിൽ അശ്വതി പി. നായർ (വടക്കാഞ്ചേരി വ്യാസ എൻ.എസ്.എസ് കോളേജും), ശ്രേയ കെ. രാജ് (ആലുവ യു.സി. കോളേജും) വിജയികളായി.

**10. ഡിജിറ്റൽ ഫ്ളോറ**

ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ കോളേജിലെ മുഴുവൻ ചെടികളെകുറിച്ച് അറിവു നൽകുന്ന ഡിജിറ്റൽ ഫ്ളോറ മാനേജർ മാർ ടോണി നീലങ്കാവിൽ പൊതു സമൂഹത്തിനു സമർപ്പിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു. കോളേജിലെ 300-ൽ പരം ചെടികളുടെ ഡിജിറ്റൽ ഫോട്ടോസും, ടാക്സോണമിയും, അവയുടെ വിവരണങ്ങളും ഉപയോഗവും ഉൾപ്പെടുത്തിയാണ് ഡിജിറ്റൽ ഫ്ളോറ തയ്യാറാക്കിയത്. ഓൺലൈൻ ഉദ്ഘാടനത്തിനു ശേഷം പത്തനംതിട്ട തുരുത്തിക്കാട് ബി.എ.എം. കോളേജ് അദ്ധ്യാപകൻ ഡോ. റോബി എ.ജെ. 'ഫ്ളോറസ്റ്റിക്സ്' എന്ന വിഷയത്തിൽ വെബിനാർ നയിച്ചു.

**11. ഇൻക്യുബേഷൻ സെന്റർ (എസ്.റ്റി.ഐസി)**

കോളേജ് സ്റ്റാർട്ടപ്പ് ആന്റ് ഇന്നോവേഷൻ സെല്ലിന്റെ ആഭിമു

ഖ്യത്തിൽ ആരംഭിച്ച ഇൻക്യുബേഷൻ സെന്ററിലെ ആദ്യത്തെ സ്റ്റാർട്ട പ്പ് കമ്പനിയായി 'പ്രോഗ്രസീവ് ഇ കാർട്ട് പ്രൈവറ്റ് ലിമിറ്റഡ്' പ്രവർത്തനം ആരംഭിച്ചു.

**12. ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവന നൽകി**

കോളേജിലെ അനദ്ധ്യാപകർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് 1 ലക്ഷം രൂപ സംഭാവന നൽകി. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു തുക ഏറ്റു വാങ്ങി.

**13. അഡ്മിഷൻ**

25 ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ എട്ട് അലോ ട്ട്മെന്റോടുകൂടി പൂർത്തീകരിച്ചു. പൂർണ്ണമായും ഓൺലൈൻ സംവിധാ നത്തോടെ നടത്തിയ അഡ്മിഷൻ വിജയകരമായി പൂർത്തീകരിച്ച അ ഡ്മിഷൻ സെല്ലിന് അഭിനന്ദനങ്ങൾ.

**14. അദ്ധ്യാപകദിനാഘോഷം**

അദ്ധ്യാപകദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾ ഓൺലൈ നായും ഓഫ്ലൈനായും അദ്ധ്യാപകർക്ക് ആശംസകൾ നേർന്നു. ഒ.എ സ്.എ, എൻ.എസ്.എസ്, എൻ.സി.സി മറ്റു ഡിപ്പാർട്ട്മെന്റുകളും വെബി നാറുകൾ സംഘടിപ്പിച്ചു.

**15. എൻ.സി.സി. വെബിനാർ**

എൻ.സി.സി യുടെ നേതൃത്വത്തിൽ ഐ.ക്യു.എ.സി യുടെ സ ഹായത്തോടെ 'പേർസണൽ ഇൻഫോർമേഷൻ ക്വസ്റ്റിനെയർ ഡൂറിം ഗ് എസ്.എസ്.ബി' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. റിട്ട. കേണൽ പ്രതീപ് വാലിയ ക്ലാസ്സ് നയിച്ചു.

**16. എൻ.എസ്.എസ്**

എൻ.എസ്.എസ് യൂണീറ്റിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപക ദിനം, സ്ത്രീ തുല്യതാദിനം, ദേശീയ കായിക ദിനം എന്നിവ ആഘോ ഷിച്ചു.

ജ്വാല എന്ന വിശേഷണത്തോടെ കോളേജിലെ വിദ്യാർത്ഥിനി കൾക്ക് കുറഞ്ഞ ചിലവിൽ ഡ്രൈവിംഗ് പഠിക്കുവാൻ എൻ.എസ്.എസ് യൂണീറ്റ് നേതൃത്വം നൽകുന്നു.

എൻ.എസ്.എസ് ന്റെ നേതൃത്വത്തിൽ ഓണത്തോടനുബന്ധി ച്ച് അശരണരായി വഴിയോരങ്ങളിൽ കഴിയുന്നവർക്ക് ഓണനാളുകളിൽ തിരുവോണ സദ്യ നടത്തി.

**17. സഹപാഠിയ്ക്ക് ഒരു വീട്**

സഹപാഠിയ്ക്ക് ഒരു വീട് എന്ന പ്രവർത്തനത്തിന്റെ ഭാഗമായി

ഈ വർഷം സുവോളജി ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥിയെ തെരഞ്ഞെടുത്തു. വീടുപണിക്കുള്ള സഹായം ഡിപ്പാർട്ട്മെന്റ് തലവൻ ഡോ സി.വി. ഡേവിഡ് പ്രിൻസിപ്പാളിൽ നിന്നും ഏറ്റു വാങ്ങി.

**18. റിസർച്ച് എത്തിക്സ് കോഴ്സ്**

റിസർച്ച് കൗൺസിലിന്റേയും, ലൈബ്രറി ആന്റ് ഇൻഫോർമേഷൻ ഡിപ്പാർട്ട്മെന്റിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ എല്ലാ യൂണിവേഴ്സിറ്റികൾക്കും ഉപകാരപ്രദമായ 'റിസർച്ച് ആന്റ് പബ്ലിക്കേഷൻ എത്തിക്സ്' എന്ന കോഴ്സ് ഈ വർഷവും ആരംഭിച്ചു. മഹാത്മാഗാന്ധി, കാലിക്കറ്റ് യണിവേഴ്സിറ്റി അംഗീകരിച്ച ഈ കോഴ്സ് ഗവേഷണ വിദ്യാർത്ഥികൾക്ക് ഏറെ ഉപകാരപ്രദമാണ്. ഉദ്ഘാടന ചടങ്ങിൽ മാനേജർ, പ്രിൻസിപ്പാൾ എന്നിവർക്ക് പുറമേ കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രൊ. വൈസ് ചാൻസലർ ഡോ. എം. നാസർ, ഡോ. ബേബി ഷാരി (ഡി.ഒ.ആർ) എന്നിവർ പങ്കെടുത്തു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**1. സിനർജി സംഘടിപ്പിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ പതിനൊന്നാമത് സിനർജി സീരിസ് 31–08–2021 എന്ന തിയ്യതിയിൽ നടന്നു. രാവിലെ 9 മണി മുതൽ 10 മണി വരെ സംഘടിപ്പിച്ച സിനർജിയിൽ ലേണിംഗ് ഡിസബിലിറ്റീസ്, ഏൻ ഓവർ വ്യൂ എന്ന വിഷയം അവതരിപ്പിച്ചത് ഇംഗ്ലീഷ് ഓപ്ഷണൽ വിഭാഗം അസി. പ്രൊഫ.റോസ്‌വിൻ സി.പീറ്റർ ആയിരുന്നു.

**2. ഓണം ആഘോഷിച്ചു**

കോളേജ് യൂണിയന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 20ന് ഓണം ആഘോഷിച്ചു. 11 മണി മുതൽ 12.30 വരെ നടത്തിയ പരിപാടിയിൽ

സ്വാഗത പ്രസംഗം ജനറൽ ക്യാപ്റ്റൻ ഷമീർ ഹസ്സൻ, അധ്യക്ഷ പ്രസംഗം പ്രിൻസിപ്പൽ റവ.ഡോ.ഫാ.ചാക്കോ ചിറമ്മൽ, ആശംസകൾ ഫിലോസഫി വിഭാഗം അസി. പ്രൊഫ.രാധാദേവി, എം.എഡ്.പ്രതിനിധി ജിനു റോസ്‌ലിന്റ് എന്നിവർ നിർവഹിച്ചു. പൂക്കളം വീഡിയോ അവതരണം, ഓണപ്പാട്ട്, ഓണസദ്യ, തിരുവാതിരക്കളി, വഞ്ചിപ്പാട്ട് എന്നീ പരിപാടികളും മലയാളി മങ്ക, കേരള ശ്രീമാൻ, ഡിജിറ്റൽ പൂക്കളം എന്നീ മത്സരങ്ങളും ഉണ്ടായിരുന്നു. മലയാളി മങ്ക– ഒന്നാം സ്ഥാനം ശ്രുതി, കേരള ശ്രീമാൻ – ശ്രീജിത്ത്.കെ.ആർ എന്നിവർ കരസ്ഥമാക്കി.

**3. യുവജന ദിനം ആചരിച്ചു**

അഞ്ചാം മാസ്റ്റർ ട്രെയിനി ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 12ന് യുവജന ദിനം ആചരിച്ചു. ഇതിന്റെ ഭാഗമായി അടിക്കുറിപ്പ് മത്സരം സംഘടിപ്പിച്ചു. ഇതിൽ ഒന്നാം സമ്മാനം സോഷ്യൽ സയൻസ് വിഭാഗ ത്തിലെ മരിയ മാത്യു, രണ്ടാം സ്ഥാനം ലിനി ആന്റോ, മൂന്നാം സമ്മാനം മാത്തമാറ്റിക്സ് വിഭാഗത്തിലെ അഞ്ജു.കെ.സോമൻ എന്നിവരും കരസ്ഥമാക്കി.

**4. വീഡിയോ പ്രദർശിപ്പിച്ചു**

ഓഗസ്റ്റ് 6 ഹിരോഷിമ ദിനത്തിൽ സോഷ്യൽ സയൻസ് വിഭാഗ ത്തിന്റെ നേതൃത്വത്തിൽ വീഡിയോ പ്രദർശിപ്പിച്ചു. ഹിരോഷിമ ദിനത്തി ന്റെ പ്രാധാന്യവും പ്രത്യാഘാതങ്ങളും വീഡിയോയിൽ പങ്കുവെച്ചു.

**5. യാത്രയയപ്പും സ്വീകരണവും നൽകി**

കോളേജിലെ ഫിലോസഫി വിഭാഗം അധ്യാപകൻ നസീർ എ, ഫിസി ക്കൽ സയൻസ് അധ്യാപകൻ അർജുൻ, നാച്ചുറൽ സയൻസ് അധ്യാപകൻ അനൂപ് വി.പി എന്നിവർക്ക് പ്രിൻസിപ്പാൾ റവ.ഫാ.ഡോ. ചാക്കോ ചിറമ്മലിന്റെ നേതൃത്വത്തിൽ യാത്രയയപ്പ് നൽകി. തുടർന്ന് പുതുതായി ചാർജ് എടുത്ത ഫിലോസഫി വിഭാഗം അസി.പ്രൊഫ.രാധാ ദേവി, ഫാ.ബിജു, ഫിസിക്കൽ സയൻസ് അസി.പ്രൊഫ.സിമി റാഫേൽ എന്നിവർക്ക് സ്വീകരണവും നൽകി.

**6. സ്വാതന്ത്ര്യദിനം ആഘോഷിച്ചു**

ഗംഗ ഹൗസിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 15ന് സ്വാതന്ത്ര്യദിനം സംഘടിപ്പിച്ചു. രാവിലെ 10 മണി മുതൽ 10.30 വരെ നടത്തിയ പരിപാടി യിൽ സ്വാഗതപ്രസംഗം ബി.എഡ് വിദ്യാർത്ഥിനി മൻപ്രീത് സെബാ സ്റ്റ്യൻ, ചടങ്ങിൽ സ്വാതന്ത്ര്യദിന സന്ദേശം പ്രിൻസിപ്പാൾ റവ. ഫാ.ഡോ. ചാക്കോ ചിറമ്മൽ, ആശംസ സോഷ്യൽ സയൻസ് വിഭാഗം അസി. പ്രൊഫ.ആശ എൻ.വി എന്നിവർ നൽകി. ചടങ്ങിൽ ദേശഭക്തിഗാനം, വീഡിയോ അവതരണം എന്നീ പരിപാടികളും ഉണ്ടായിരുന്നു.

**7. അധ്യാപകദിനം ആചരിച്ചു**

എം.എഡ് ബാച്ചിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 5ന് അധ്യാപകദിനം ആചരിച്ചു. രാവിലെ 11 മണി മുതൽ 12 മണി വരെ നടത്തിയ ചടങ്ങിൽ സ്വാഗതപ്രസംഗം എം.എഡ് വിദ്യാർത്ഥി ഫാ.അഭിലാഷ് വി.എസ്, അധ്യക്ഷ പ്രസംഗം അസി.മാനേജർ ഫാ.ഷിജു ചിറ്റിലപ്പിള്ളി, ആശംസ പ്രിൻസിപ്പാൾ റവ.ഡോ.ഫാ.ചാക്കോ ചിറമ്മൽ എന്നിവർ നിർവഹിച്ചു. ചടങ്ങിൽ വീഡിയോ അവതരണം, ഐസ് ബ്രേക്കിംഗ് സെഷൻ, ടോക്കൺ ഓഫ് ലൗ എന്നീ പരിപാടികളും ഉണ്ടായിരുന്നു.

**8. പരീക്ഷകൾ സമാപിച്ചു**

ബി.എഡ് വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷകൾ അവസാനിച്ചു. സെപ്റ്റംബർ 8 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ ഉച്ചയ്ക്ക് ശേഷവും 1.30 മുതൽ 4.30 വരെയാണ് പരീക്ഷകൾ ഉണ്ടായിരുന്നത്.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

Santhwanam
ARCHDIOCESE OF TRICHUR

**1. മൂന്ന് വീടുകൾ വെഞ്ചിരിച്ചു**

തൃശ്ശൂർ അതിരൂപതയുടെ സാമൂഹ്യ പ്രേഷിതത്വ കേന്ദ്രമായ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നിർമിച്ച 3 ഭവനങ്ങളുടെ ആശീർവാദവും താക്കോൽദാനവും തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ. ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. മനക്കൊടി ക്ലെയർ നഗറിൽ 2 വീടുകളും വടക്കെ കാരമുക്ക് ഇടവകയിൽ ഒരു വീടുമാണ് നിർമാണം പൂർത്തീകരിച്ച് നിർധനരായ കുടുംബങ്ങൾക്ക് കൈമാറിയത്. സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, അരിമ്പൂർ പള്ളി വികാരി ഫാ.പോളി നീലങ്കാവിൽ, അസ്സി. വികാരി ഫാ. ഷിജോ പള്ളിക്കുന്നത്ത്, മനക്കൊടി

വിമല മാതാ കോൺവെന്റ് മദർ സുപ്പീരിയർ സിസ്റ്റർ ലൈസ, കോൺ ട്രാക്ടർ ജോർജ്ജ്, വടക്കെ കാരമുക്ക് ഇടവക വികാരി ഫാ. ഫിനോഷ് കീറ്റിക്ക, കൈക്കാരൻമാർ എന്നിവർ പരിപാടിയിൽ സന്നിഹിതരായിരുന്നു.

## 2. " NURTURE " പ്രോജക്റ്റ്

ഓർഗാനിക് ഫാമിങ്ങിനെ ക്കുറിച്ച് പരിശീലനം നൽകി കർഷകരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ കേരള സോഷ്യൽ സർവ്വീസ് ഫോറം (KSSF) ആരംഭിച്ച NURTURE പ്രോജക്റ്റിന്റെ 2 ദിവസത്തെ ട്രെയിനിങ്ങ്, ഫോറത്തിന്റെയും സാന്ത്വനത്തിന്റെയും നേതൃത്വത്തിൽ തൃശൂർ സോണിലുള്ള 5 രൂപതകൾക്കുവേണ്ടി DBCLC ഹാളിൽവെച്ച് നടത്തുകയുണ്ടായി. ഫ്രാൻസീസ് പാപ്പയുടെ പ്രകൃതി സ്നേഹത്തെക്കുറിച്ചുള്ള **"ലൗദാത്തോ സി"** , എന്ന ചാക്രിക ലേഖനത്തെ അധികരിച്ചു നടന്ന ട്രെയിനിങ്ങ് പ്രോഗ്രാം തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. ഇരുപത്തിയഞ്ചോളം പേർ പങ്കെടുത്ത ട്രെയിനിങ്ങ് പ്രോഗ്രാമിന്റെ ഉദ്ഘാടനയോഗത്തിൽ KSSF ഡയറക്ടർ ഫാ.ജേക്കബ് മാവുങ്കൽ, സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ, അസ്സോ.ഡയറക്ടർ ഡോ.ജോസ് വട്ടക്കുഴി, അസി.ഡയറക്ടർമാരായ ഫാ.സിന്റോ തൊറയൻ, ഫാ.പോൾ മാളിയമ്മാവ് KSSF ആനിമേറ്റർ സിസ്റ്റർ ജെസീന, KSSF പ്രോഗ്രാം കോർഡിനേറ്റർ ശ്രീ.ജിറ്റു തുടങ്ങിയവർ സന്നിഹിതരായിരുന്നു. തദവസരത്തിൽ മണ്ണുത്തി അഗ്രികൾച്ചർ യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. മേരി റെജീന, കാരിത്താസ് ഇന്ത്യ ക്ലൈമറ്റ് ജസ്റ്റിസ് ഡോ.വി.ആർ ഹരിദാസ്, സി.ജെസീന എന്നിവർ " പ്രകൃതി പരിപോഷണം നമ്മുടെ കടമ" എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സുകൾ നയിച്ചു.

## 3. സ്വയം സഹായസംഘങ്ങൾ

അതിരൂപത സാന്ത്വനത്തിന്റെ കീഴിലുള്ള ഗ്രേഡിങ്ങ് നടത്തിയ സ്വയം സഹായസംഘങ്ങൾക്ക് (SHG) ഓൺലൈൻ മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. റോസ്മേരി SHG പുറനാട്ടുകര, പാവന SHGപനമുക്ക്, ശ്രേയസ് SHG മുക്കാട്ടുകര, സമ്പന്ന SHG അരണാട്ടുകര, മരിയ SHG വെട്ടുകാട് എന്നീ സംഘങ്ങൾക്കാണ് സാന്ത്വനം അസോ.ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി, കോർഡിനേറ്റർ ബീന വർഗ്ഗീസ്, ആനിമേറ്റർ അനിത ജോസഫ് എന്നിവർ ചേർന്ന് മീറ്റിങ്ങുകൾ സംഘടിപ്പിച്ചത്. ആലപ്പാടിലെ കൃപ, ഒല്ലൂരിലെ മേരിമാത, സെന്റ് ജോസഫ്, മുക്കാട്ടുകരയിലെ ശ്രേയസ് എന്നീ സംഘങ്ങൾക്ക് സാന്ത്വനം സ്വിഫ്റ്റ് മാർട്ടിന്റെ നൂറ് സെൽഫ്

കെയർ കിറ്റുകൾ സംഘാംഗങ്ങൾ വഴി വിറ്റഴിക്കുന്നതിനായി എത്തിച്ചു കൊടുത്തു. കിറ്റ് വിറ്റഴിച്ച സംഘങ്ങൾക്ക് ഡിസ്ട്രിബ്യൂഷൻ ചാർജ്ജ് വിതരണം ചെയ്തു.

**4. ഗോഡ്സ് ഓൺ ഫാമിലി, സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ പദ്ധതികൾ**

ഈ പദ്ധതികൾ വഴി സഹായം ലഭിച്ച ഇടവകകളും സംഖ്യകളും താഴെ ചേർക്കുന്നു.

അടാട്ട്–Rs.10,000/–, പൂച്ചുണ്ണിപ്പാടം–Rs.2,000/–, പെരിങ്ങോട്ടുകര–Rs.51,865/–, ആളൂർ–Rs.28,140/–, ഇരവിമംഗലം–Rs.6,572/–, തണ്ടിലം–Rs.8,555/–, മനക്കൊടി–Rs.6,971/–, കൂനംമൂച്ചി–Rs.7,289/–, അമ്മാടം–Rs.33,353/–, പെരുവല്ലൂർ– Rs.30,596/–, വാക– Rs.34,646/–, മുണ്ടൂർ–Rs.28,024/–, മരത്തംകോട്– Rs.28,777/–, മറ്റം– Rs.9,928/–, ചെവ്വൂർ–Rs.6,338/–, ഒളരി– Rs.31,756/–, അരിമ്പൂർ–Rs.7,425/–, പാലയൂർ–Rs.1,01,455/–, വൈലത്തൂർ–Rs.39,471/–.

**5. നവജീവൻ**

കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ സാന്ത്വനം നടപ്പിലാക്കുന്ന നവജീവൻ പദ്ധതി ചാഴൂർ പഞ്ചായത്തിൽ പുരോഗമിക്കുന്നു. പദ്ധതി നടപ്പിലാക്കുന്ന പത്ത് വാർഡുകളിലെയും വിവരശേഖരണം നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. സിന്റോ തൊറയൻ**
അസി.ഡയറക്ടർ

**ഫാ. പോൾ മാളിയമ്മാവ്**
അസി.ഡയറക്ടർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**നന്ദിയുടെ ഒരു വാക്ക്**

ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ വിവാഹ കോഴ്സിന് സംബന്ധിച്ച കുട്ടികളുടെ മാതാപിതാക്കളുടെ സെമിനാർ ഏറെ ഹൃദ്യമായിരുന്നു. സെമിനാർ നയിച്ച റവ.ഫാ. പോൾ പൊട്ടക്കലച്ചനും ഉദ്ഘാടനം ചെയ്ത അഭിവന്ദ്യ മാർ ടോണി പിതാവിനും പങ്കെടുത്ത എല്ലാ മാതാപിതാക്കൾക്കും ഒത്തിരി നന്ദി. ഈ സെമിനാറിന് നേതൃത്വം കൊടുത്ത ഫാമിലി അപ്പൊസ്റ്റൊലേറ്റ് ടീമംഗങ്ങൾക്കും നന്ദി പറയുന്നു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജിന്റോ ചൂണ്ടൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

ജീവന്റെമൂല്യം വരും തലമുറയ്ക്ക് കൈമാറിക്കൊടുക്കുന്നതിന് മുഖ്യമായ പങ്കുവഹിക്കുന്ന അദ്ധ്യാപകർക്കുവേണ്ടി പ്രോലൈഫ് അദ്ധ്യാപക വെബിനാർ നടത്തുകയുണ്ടായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വെബിനാർ ഉദ്ഘാടനം ചെയ്തു. ആധുനിക കാലഘട്ടത്തിൽ ജീവന്റെ മൂല്യത്തിന്റെ പ്രാധാന്യവും പ്രസക്തിയും എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ഫിന്റോ ഫ്രാൻസീസ് വിഷയാവതരണം നടത്തി. പ്രോലൈഫ് സമിതി ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ സ്വാഗതം അർപ്പിച്ചു. അതിരൂപത പ്രോലൈഫ് പ്രസിഡണ്ട് ശ്രീ. ജെയിംസ് ആഴ്ചങ്ങാടനും അതിരൂപത പ്രോലൈഫ് ഭാരവാഹികളും

നേതൃത്വം നൽകി. പങ്കെടുത്ത എല്ലാ അദ്ധ്യാപകർക്കും, ടീച്ചേഴ്സ് വെബിനാറിന് നേതൃത്വം കൊടുത്ത അതിരൂപത പ്രോലൈഫ് ഭാരവാഹികൾക്കെല്ലാവർക്കും ഒത്തിരി നന്ദി.

**ജീവനുവേണ്ടിയുള്ള അഖണ്ഡ ജപമാല യജ്ഞം**

എല്ലാ വർഷത്തെയും പോലെ ഒക്ടോബറിലെ ജപമാല പ്രാർത്ഥനായജ്ഞം ജീവനുവേണ്ടി നാം സമർപ്പിക്കുകയാണ്. ഈ ജപമാല യജ്ഞം ജീവന്റെ മേഖലയ്ക്കുവേണ്ടിയും കോവിഡ് മഹാമാരിയിൽ നിന്ന് ദേശം രക്ഷപ്പെടുന്നതിനുവേണ്ടിയും ഭീകരപ്രവർത്തകരുടെ മാനസാന്തരത്തിനുവേണ്ടിയും സാധിക്കുന്നിടത്തോളം ജപമാല ചൊല്ലി നമ്മുക്ക് ഈ ലക്ഷ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാം.

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

## മാതൃവേദി

**1. പ്രസംഗമത്സരത്തിന്റെ വിജയികൾ**

അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം പ്രമാണിച്ച് മാതൃവേദി അംഗങ്ങൾക്കുവേണ്ടി വിശുദ്ധ യൗസേപ്പിതാവിനെപറ്റി നടത്തിയ പ്രസംഗ മത്സരത്തിന്റെ വിജയികൾ.

**ഒന്നാം സമ്മാനം** – ഷീജ ജോസ്, ചൂണ്ടൽ ഇടവക, *മറ്റം ഫൊറോന.*

**രണ്ടാം സമ്മാനം** – ഷൈനാ ഡെന്നി, കോട്ടപ്പടി ഇടവക, *പാലയൂർ ഫൊറോന.*

**മൂന്നാം സമ്മാനം** – സ്മിയാ ജോഫിൻ, അന്തിക്കാട് ഇടവക, *പഴുവിൽ ഫൊറോന.*
– മേഗി പിയൂസ്, പുത്തൻപീടിക ഇടവക, *പഴുവിൽ ഫൊറോന.*
– ജോളി തോമസ്, വരന്തരപ്പിള്ളി ഈസ്റ്റ് ഇടവക, *പുതുക്കാട് ഫൊറോന.*

**നാലാം സമ്മാനം** – ബിന്ദു ഷാജി, നടത്തറ ഇടവക, *ലൂർദ്ദ് ഫൊറോന.*
– ജീനാ ഡേവീസ്, സ്നേഹപുരം ഇടവക, *പുതുക്കാട് ഫൊറോന.*
– മിനി സാബു, സരിതപുരം ഇടവക, *വടക്കാഞ്ചേരി ഫൊറോന.*

**പ്രോത്സാഹന സമ്മാനം**

1. ബീന ജോഷി, പാലയൂർ ഇടവക, *പാലയൂർ ഫൊറോന.*
2. ലിസി ഔസേപ്പ്, പറപ്പൂർ ഇടവക, *പറപ്പൂർ ഫൊറോന.*
3. ഷേർളി ചാക്കോ, കണ്ണംകുളങ്ങര ഇടവക, *ബസിലിക്ക ഫൊറോന.*
4. സ്വീറ്റി ലിയോൺ, അഞ്ഞൂർ ഇടവക, *പാലയൂർ ഫൊറോന.*
5. ലീന ജോർജ്ജ്, അവണൂർ ക്വാസി ഇടവക, *കൊട്ടേക്കാട് ഫൊറോന.*
6. ടെസ്സി ജോൺസൻ, അമലനഗർ ഇടവക, *പറപ്പൂർ ഫൊറോന.*
7. ലിസ്സി വർഗ്ഗീസ്, കരുമത്ര ഇടവക, *വടക്കാഞ്ചേരി ഫൊറോന.*
8. കൊച്ചുത്രേസ്യ ജോസ്, മങ്ങാട് ഇടവക, *എരുമപ്പെട്ടി ഫൊറോന.*
9. ജിജി ഡാനി, പുല്ലഴി ഇടവക, *ബസിലിക്ക ഫൊറോന.*
10. ലിജി റോയ്, തൊയക്കാവ് ഇടവക, *കണ്ടശ്ശാംകടവ് ഫൊറോന.*
11. ഷീജ തോമസ്, ചൊവ്വന്നൂർ ഇടവക, *എരുമപ്പെട്ടി ഫൊറോന.*

**പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ**

## 2. കോവിഡ് രോഗി ശുശ്രൂഷകർക്കുള്ള തുക കൈമാറി

അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ കോവിഡ് മഹാമാരിമൂലം പേടിച്ച് കഴിയുന്ന കോവിഡ് രോഗികളുടെ ഇടയിൽ സന്മനസോടെ ത്യാഗമനോഭാവത്തോടെ നിസ്വാർത്ഥമായി ശുശ്രൂഷ ചെയ്യുന്നവർക്കുവേണ്ടിയുള്ള പി.പി.കിറ്റ്, സാനിറ്റൈസർ, മാസ്ക് എന്നിവയ്ക്ക് വരുന്ന തുക അതിരൂപത മാതൃവേദി അമ്മമാർ കൂപ്പൺ വിറ്റതിൽ നിന്നുള്ള ഓഹരി ജൂബിലി മിഷ്യൻ ആശുപത്രി ഡയറക്ടർ റവ.ഫാ. ഫ്രാൻസീസ് പള്ളിക്കുന്നതച്ചന് കൈമാറി. അതിരൂപത മാതൃവേദി ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അസി.ഡയറക്ടർ ഫാ. ഷാന്റോ തലക്കോട്ടൂർ, പ്രസിഡണ്ട് ശ്രീമതി മേരി വിൻസെന്റ്, സെക്രട്ടറി ശ്രീമതി ജൂലി ബാബു മറ്റ് അതിരൂപത ഭാരവാഹികളും നേതൃത്വം കൊടുത്തു.

## 3. ലേഖനമത്സരത്തിന്റെ വിജയികൾ

അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷത്തിൽ വി.യൗസേപ്പിതാവിനെപറ്റി നടത്തിയ ലേഖന മത്സരത്തിന്റെ വിജയികൾ.

**ഒന്നാം സമ്മാനം** – ഉഷ മോൻസി, പേരാമംഗലം ഇടവക.

**രണ്ടാം സമ്മാനം** – ജീന ഡേവീസ്, സ്നേഹപുരം ഇടവക.
**മൂന്നാം സമ്മാനം** – കൊച്ചുമേരി എം.ജെ., ആർത്താറ്റ് ഇടവക.
**പ്രോത്സാഹന സമ്മാനങ്ങൾ**

1. മോളി ഫ്രാൻസീസ്, ചൂണ്ടൽ ഇടവക.
2. ബീന ജോഷി, പാലയൂർ ഇടവക.
3. ശ്രുതി ബെന്നി, എരുമപ്പെട്ടി ഇടവക.
4. മറിയാമ്മ ജോസ്, ബസിലിക്ക ഇടവക.
5. ഓമന പൗലോസ്, ചിറ്റിലപ്പിള്ളി ഇടവക.
6. ഉഷ ചാക്കോ, ചെമ്മാപ്പിള്ളി ഇടവക.
7. ഷൈജി ജോസഫ്, വാക ഇടവക.
8. അൽഫോൺസ സി.പി, കാരമുക്ക് ഇടവക.
9. റീന തോമാസ്, പൂവത്തൂർ ഇടവക.
10. സിമി സണ്ണി, ഗുരുവായൂർ ഇടവക.
11. സിന്ദു തോമാസ്, പാലയൂർ ഇടവക.
12. മാൻസി ജോയ്, ചെങ്ങാലൂർ ഇടവക.
13. ബിന്ദു ഷാജി, നടത്തറ ഇടവക.
14. ജോയ്സി ജോഷ്ലി, പോന്നോർ ഇടവക.
15. റോസിലി ജോൺസൻ, തൊയക്കാവ് ഇടവക.
16. എൽസി ഫ്രാൻസീസ്, ഒല്ലൂർ ഇടവക.
17. ഷൈന ഡെന്നി, കോട്ടപ്പടി ഇടവക.
18. കാതറിൻ കെ.സി., മറ്റം ഇടവക.
19. മിനി ജോയ്സൻ, ചിറ്റാട്ടുക്കര ഇടവക.

**ലേഖന മത്സരത്തിൽ ഏറ്റവും കൂടുതൽ മാതൃവേദി അമ്മമാർ പങ്കെടുത്ത ഇടവകയ്ക്കുള്ള സമ്മാനം കരസ്ഥമാക്കിയത് എരുമപ്പെട്ടി ഇടവകയാണ്. ലേഖന മത്സരത്തിൽ ഏറ്റവും കൂടുതൽ മാതൃവേദി അമ്മമാർ പങ്കെടുത്ത ഫൊറോനയ്ക്കുള്ള സമ്മാനം കരസ്ഥമാക്കിയത് എരുമപ്പെട്ടി ഫൊറോനയാണ്.**

**പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ**

**4. ജപമാല മത്സരം**

ജപമാല മാസമായ ഒക്ടോബർ മാസത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ഈ ജപമാല മാസത്തിൽ നമ്മുടെ ഭവനത്തിൽ ജപമാല അലങ്കരിച്ചുവെച്ചതിന്റെ ഫോട്ടോ എടുത്ത് **9207119554** എന്ന വാട്ട്സ് ആപ്പ് നമ്പറിലേക്ക് നവംബർ ഒന്നാം തിയ്യതിക്ക് മുൻപായി അയച്ച് തരേണ്ടതാണ്. ഏറ്റവും

നന്നായി അലങ്കരിച്ചു വച്ച ഭവനങ്ങൾക്ക് സമ്മാനം നൽകുന്നതാണ്. അലങ്കാരം ലളിതവും സുന്ദരവും ഭക്തി നിർഭരവുമാകണം. യാതൊരു കാരണവശാലും അമിതമായി പണം ചിലവഴിച്ച് അലങ്കരിക്കരുതെന്ന് ഓർമ്മപ്പെടുത്തുന്നു. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

| | |
|---|---|
| **ഫാ. ഷാന്റോ തലക്കോട്ടൂർ**<br>അസി. ഡയറക്ടർ | **ഫാ. ഡെന്നി താണിക്കൽ**<br>ഡയറക്ടർ |
| **ശ്രീമതി ജൂലി ബാബു**<br>സെക്രട്ടറി | **ശ്രീമതി മേരി വിൻസെന്റ്**<br>പ്രസിഡണ്ട് |

# കുടുംബക്കൂട്ടായ്മ

**1. ദീപിക പ്രചരണ തീവ്രയജ്ഞം**

കുടുംബകൂട്ടായ്മകളുടെ നേതൃത്വത്തിൽ ദീപിക തീവ്രപ്രചരണ ഒന്നാം ഘട്ടം ഭംഗിയാക്കാൻ പരിശ്രമിച്ച എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ. ദീപിക പ്രചരണ പ്രവർത്തനങ്ങൾ തുടർന്നും നടത്തുവാനും പുതിയ വരിക്കാരെ കണ്ടെത്തുവാനും ഭാരവാഹികൾ പരിശ്രമിക്കുമല്ലോ.

**2. ഓൺലൈൻ ജപമാല**

ഒക്ടോബർ മാസത്തിൽ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ അതിരൂപതയിലെ കുടുംബങ്ങൾക്കുവേണ്ടി പ്രത്യേകം നിയോഗം വച്ച് ഓൺലൈൻ ജപമാല നടത്തുന്നു. ഒക്ടോബർ 15 മുതൽ 31 വരെ 16 ഫൊറോനകളിലായും അവസാന ദിവസം ഡി.ബി.സി.എൽ.സിയിൽ വച്ചും ജപമാല നടത്തപ്പെടുന്നു. ഫൊറോനയിലുള്ള ജപമാലയ്ക്ക് ഫൊറോന ഭാരവാഹികളും സമാപന ദിവസത്തെ ജപമാലയ്ക്ക് അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികളും നേതൃത്വം കൊടുക്കുന്നു.

വൈകീട്ട് 7 മുതൽ 8 വരെയായിരിക്കും. ലിങ്ക്, പാസ്കോഡ്, ഐഡി എന്നിവയും മറ്റ് വിശദവിവരങ്ങളും ഭാരവാഹികളുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പിലൂടെ പിന്നീട് അറിയിക്കുന്നതാണ്.

**3. കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായുള്ള സാഹിത്യമത്സരം**

കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി സാഹിത്യമത്സരം (കഥ, കവിത, ലേഖനം) സംഘടിപ്പിക്കുന്നു. കൃതികൾ അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ ലഭിക്കേണ്ട അവസാന തിയ്യതി നവംബർ 1 നാണ്.

1. ലേഖനം – മാക്സിമം 5 പേജ്/മാക്സിമം 100 വരി
2. ചെറുകഥ – മാക്സിമം 4 പേജ്/ 80 വരി
3. കവിത – മാക്സിമം 2 പേജ്/ 40 വരി

**നിബന്ധനകൾ**

1. മത്സരങ്ങൾ എല്ലാം തന്നെ ക്രൈസ്തവ മൂല്യാധിഷ്ഠിതമായവ ആയിരിക്കണം.
2. മത്സരാർത്ഥികൾ നിലവിലെ കുടുംബകൂട്ടായ്മ ഭാരവാഹികൾ ആയിരിക്കണം.
3. മത്സരങ്ങളുടെ വിഷയം ഒക്ടോബർ 1 ന് ഭാരവാഹികളുടെ ഗ്രൂപ്പിലൂടെ അറിയിക്കുന്നതാണ്.
4. സാഹിത്യസൃഷ്ടികളോടൊപ്പം മറ്റൊരു ഷീറ്റിൽ മത്സരാർത്ഥിയുടെ പേര്, ഭാരവാഹിത്വം, യൂണിറ്റ്, ഇടവക, ഫൊറോന എന്നിവ കാണിച്ച് വികാരിയച്ചൻ സാക്ഷ്യപ്പെടുത്തി നവംബർ 1 ന് മുൻപായി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്.
5. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും. വിശദവിവരങ്ങൾക്കായി ബന്ധപ്പെടാവുന്നതാണ്.

**പോൾ പാറക്കൽ** *ജനറൽ കൺവീനർ (9447049517)*
**ഷിന്റോ ജനറൽ** *സെക്രട്ടറി (9744258394)*

**4. എസ്.എസ്.എൽ.സി., പ്ലസ് ടു ഫുൾ എപ്ലസ്**

ഈ വർഷം പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലായി വിവിധ സിലബസുകളിൽ ഫുൾ എപ്ലസ്, ഫുൾ എ വൺ നേടിയ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മക്കൾക്ക് സമ്മാനം നൽകുന്നതിന് മുന്നോടിയായി സമ്മാനാർഹരുടെ മാർക്ക്ഷീറ്റിന്റെ കോപ്പിയുടെ പുറകിൽ ഇടവകയുടെ പേരും ഭാരവാഹിയുടെയും യൂണിറ്റിന്റെ പേരും ഭാരവാഹിത്വവും വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയതിനുശേഷം അതിന്റെ കോപ്പിയും സമ്മാനർഹയായ കുട്ടിയുടെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും കോൺടാക്ട് നമ്പറും ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ഒക്ടോബർ 31 ന്

മുൻപായി ഏൽപിക്കേണ്ടതാണ്. സമ്മാനവിതരണ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

**1. ഒന്നാം പിറന്നാൾ**

2020 വർഷത്തിൽ കോവിഡിന്റെ ഒന്നാം തരംഗം അവസാനിച്ചപ്പോൾ കൂടിയ സംഘടന ഭാരവാഹികളുടെ അതിരൂപത തല യോഗത്തിലെ പ്രധാന ചർച്ചാ വിഷയങ്ങളിൽ ഒന്നായിരുന്നു വിദ്യാഭ്യാസ–സാമൂഹിക–ക്ഷേമ മേഖലകളിൽ ലഭിക്കുന്ന പൊതു ആനുകൂല്യങ്ങളും സേവനങ്ങളും നേടിയെടുക്കുന്നതിൽ ക്രൈസ്തവ സമൂഹം നേരിടുന്ന അവഗണനയും കാണിക്കുന്ന വിമുഖതയും പരിഹരിക്കുക എന്നത്. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ക്രൈസ്തവസംഘടനകൾ തങ്ങളുടെ അംഗങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ അവതരിപ്പിച്ചിട്ടും നേടിയെടുക്കുന്നതിനായി പരിശ്രമിച്ചിട്ടും വേണ്ടത്ര ക്രൈസ്തവ സമുദായാംഗങ്ങൾ ഇത് ഉപയോഗിക്കുന്നില്ല എന്ന വസ്തുത നിലനിൽക്കെ തന്നെ ന്യൂനപക്ഷ അവകാശങ്ങൾ, വിവിധ സർക്കാർ ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ എന്നിവ നേടിയെടുക്കാൻ തൃശ്ശൂർ അതിരൂപതാംഗങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മ രൂപീകരിക്കുന്നതിനായി യോഗം തീരുമാനിച്ചു. ഒരു മാസത്തിനു ശേഷം കൃത്യമായി പറഞ്ഞാൽ 2020 ഒക്ടോബർ 11നു ആ കൂട്ടായ്മ രൂപീകൃതമായി. അതി രൂപത ഫെസിലിറ്റേഷൻ സെന്റർ അഥവാ എ.എഫ്.സി.

**2. ഘടന**

തൃശൂർ അതിരൂപത ഫാമിലി അപ്പസ്തൊലേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് അതിരൂപത ഫെസിലിറ്റേഷൻ സെന്റർ. ചെയർമാൻ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, ഡയറക്ടർ റവ.ഡോ. ഡെന്നി താണിക്കൽ 9605043327, കൺവീനർ ജോമി ജോൺസൺ 9447769815, ജോ. കൺവീനർ ജെയിംസ് ആഴ്ചങ്ങാടൻ 9846142576, ബോർഡ് ഓഫ് കൺസൽട്ടേഴ്സ് ഡോ. മേരി റെജീന 9446130239, റോണി അഗസ്റ്റിൻ 9946221499, ഓഫീസ് സെക്രട്ടറിമാർ എൻ.കെ. മാത്യു 7909293325, പി.ആർ. മേഴ്സി 7902713325, കൂടാതെ ആനിമേറ്റേഴ്സ് ആയി കുടുംബ കൂട്ടായ്മ കേന്ദ്രസമിതി, എ.കെ.സി.സി, കെ.സി.വൈ.എം, സി.എൽ.സി, ജീസസ് യൂത്ത്, കെ.എൽ.എം, വിശ്വാസ പരിശീലനം, ടീച്ചേഴ്സ് ഗിൽഡ്, സാന്ത്വനം, മാതൃവേദി എന്നീ സംഘടനകളുടെ അതിരൂപത പ്രതിനിധികളും ഉൾപ്പെടുന്നതാണ് അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ഗെവേർണിങ്ങ് ബോഡി. അതിരൂപത ഫാമിലി അപ്പസ്തൊലേറ്റ് കേന്ദ്രത്തിൽ ആണ് എ.എഫ്.സിയുടെ ഓഫീസ് സ്ഥിതി ചെയ്യുന്നത്.

രൂപത തലത്തിലും ഇടവക തലത്തിലും പ്രവർത്തനം ഏകോപിപ്പിക്കുന്നതിലൂടെ മാത്രമേ ഗുണഭോതാക്കളിലേക്ക് വിവിധ ആനുകൂല്യങ്ങൾ എത്തിക്കുവാൻ സാധിക്കുകയുള്ളു എന്നതിനാൽ തന്നെ ഓരോ ഇടവകയിലും ഒരു ഹെൽപ് ഡെസ്ക് (പാരിഷ് ഫെസിലിറ്റേഷൻ സെന്റർ അഥവാ പി.എഫ്.സി.) രൂപീകരിച്ചു. ആദ്യ ഘട്ടമെന്നോണം നിലവിൽ 20 ഇടവകകളിലാണ് പി.എഫ്.സി പ്രവർത്തനം നടക്കുന്നത്. എ.എഫ്.സി. കണ്ടെത്തുന്ന ഓരോ സർക്കാർ പദ്ധതികളും ഇടവക ജനങ്ങളിലേക്ക് പി.എഫ്.സി വഴി നേരിട്ടെത്തിക്കുകയും അവ നേടിയെടുക്കുന്നതിനായി സഹായിക്കുകയും ചെയ്യുന്നു.

**3. പ്രവർത്തന ശൈലി**

വിവിധ സർക്കാർ വകുപ്പുകളും പ്രഖ്യാപിക്കുന്ന പൊതു ആനുകൂല്യങ്ങളും പ്രത്യേകമായി ന്യൂനപക്ഷങ്ങൾക്ക് വേണ്ടി മാത്രമുള്ള ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളും, വായ്പ പദ്ധതികളും സാധാരണക്കാരിലേക്ക് എത്തിക്കുന്നത്തിനായി ഇവ വിവിധ പ്രൊജെക്റ്റുകൾ ആക്കി മാറ്റുന്നു. വിദഗ്ധ സമിതി ഇവ വിലയിരുത്തി www.afctcr.com എന്ന വെബ്സൈറ്റിൽ പദ്ധതിയെപ്പറ്റിയുള്ള വിശദവിരങ്ങൾ, അപേക്ഷിക്കുന്നതിനുള്ള ഓൺലൈൻ ലിങ്ക്, അനുബന്ധ ഫോമുകൾ എന്നിവ അപ്ലോഡ് ചെയ്യുകയും ചെയ്യുന്നു. പരിചയപ്പെടുത്തുന്ന ഓരോ പദ്ധതികളെയും കുറിച്ചുള്ള അറിയിപ്പ്, വെബ്സൈറ്റ് ലിങ്ക്,

ഓഫീസ് സെക്രട്ടറിമാരുടെ ഫോൺനമ്പർ എന്നിവ ഉൾപ്പെടുത്തി വാട്ട്സ്ആപ്പ് മെസേജുകളിലൂടെ വിവിധ ഗ്രൂപ്പുകളിലേക്ക് അയയ്ക്കുന്നു. ഇടവക വികാരിമാർ, കുടുംബകൂട്ടായ്മ-സംഘടന ഭാരവാഹികൾ, അൽമായ നേതാക്കൾ, പി.എഫ്.സി സെക്രട്ടറിമാർ തുടങ്ങി അയ്യായിരത്തോളം പേർക്ക് നിലവിൽ നേരിട്ട് ഈ സന്ദേശം അയച്ചുവരുന്നു. കൂടാതെ എല്ലാ മാസവും കത്തോലിക്കാ സഭ പത്രത്തിലൂടെയും വിവിധ പദ്ധതികൾ പരിചയപ്പെടുത്തുന്നു. അതുവഴി അതിരൂപത മുഴുവനിലേക്കും സർക്കാർ പദ്ധതിയെ പറ്റിയുള്ള മുഴുവൻ വിവരങ്ങളും എത്തിച്ചേരുന്നു. പദ്ധതിയെപ്പറ്റിയുള്ള വിശദവിവരങ്ങൾ വെബ്സൈറ്റിൽ നൽകുന്നതിനാൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ആർക്കും എവിടെ നിന്നു വേണമെങ്കിലും സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

**4. നാഴിക കല്ലുകൾ**

വെൽഫെയർ സ്കീമിൽ ഉൾപ്പെടാത്ത അഗതി മന്ദിരങ്ങൾ, ആശ്രമങ്ങൾ, മഠങ്ങൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന കന്യാസ്ത്രീകളേയും വൈദികരേയും അഗതികളെയും അന്തേവാസികളെയും പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി ഇവർക്ക് അഞ്ചാമത് ഒരു പുതിയ വിഭാഗം റേഷൻ കാർഡ് അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ ഇക്കഴിഞ്ഞ ഫെബ്രുവരി മാസം ഉത്തരവിറക്കിയിരുന്നു. ഫെബ്രുവരി 18ന് അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഗുണഭോക്താക്കൾക്ക് റേഷൻ കാർഡ് നേടിയെടുക്കുന്നതിനുള്ള ഹെൽപ് ഡെസ്ക് ആരംഭിച്ചതിലൂടെ ഒരു മാസത്തിനകം 2248 പേർക്ക് റേഷൻ കാർഡിനുള്ള അപേക്ഷ ഓൺലൈൻ ആയി സമർപ്പിച്ച് റേഷൻകാർഡ് വാങ്ങി നൽകുവാൻ സാധിച്ചു. ദിവസവും രാവിലെ 8.30 മുതൽ രാത്രി 11.00 വരെ 35 ഓളം കമ്പ്യൂട്ടറുകളുടെ സഹായത്തോടെ ഹെൽപ് ഡെസ്ക്കിന്റെ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ പൂർത്തിയാക്കി. 25 ഓളം യുവജനങ്ങളും 10 ഓളം കന്യാസ്ത്രീകളും ഫാമിലി അപ്പസ്തൊലേറ്റ് സ്റ്റാഫും ആത്മാർത്ഥമായി ഹെൽപ് ഡെസ്ക്കുകളിൽ സഹായികളായി. ഇന്നും പ്രവർത്തനം തുടരുന്ന റേഷൻ കാർഡ് ഹെല്പ് ഡെസ്കിലൂടെ നിലവിൽ മൂവായിരത്തിലധികം പേർക്ക് റേഷൻകാർഡ് ലഭിച്ചു.

അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഏറ്റെടുത്ത മറ്റൊരു പ്രധാന പ്രവർത്തനമാണ് സീറോ മലബാർ ക്രൈസ്തവരായ നമുക്ക് കൂടി സർക്കാർ അനുവദിച്ചു നൽകിയ ഋണട റിസർവേഷൻ. സർക്കാർ ജോലികളും, പ്ലസ് വൺ മുതലുള്ള വിദ്യാർത്ഥി പ്രവേശനങ്ങളിലും 10% സംവരണം ഏർപ്പെടുത്തിയിരിക്കുന്നു എന്ന ആനുകൂല്യം അറിയുവാൻ

ഭൂരിപക്ഷ ക്രൈസ്തവരും വൈകിയപ്പോൾ അതിരൂപതയിലെ വിശ്വാസ പരിശീലന യൂണിറ്റുകളുടെ സഹകരണത്തോടെ വിവിധ ഫൊറോനകൾക്കായി പത്തോളം ഓൺലൈൻ സെമിനാറിലൂടെ ഇൗ റിസർവേഷനെ പരിചയപ്പെടുത്തി. പ്ലസ് വൺ, പ്ലസ് ടു ,എ.സി.സി ക്ലാസിൽ പഠിക്കുന്നവരും മറ്റു യുവജനങ്ങളുമായി ഏകദേശം രണ്ടായിരത്തോളം പേർ ഇതിനെ പറ്റിയറിയുകയും നൂറുകണക്കിന് പേർ ഈ ആനുകൂല്യം നേടിയെടുക്കുയും ചെയ്തു. ഇന്ന് ഈ സംവരണത്തിലൂടെ ഇന്ന് സർക്കാർ ജോലി, എം.ബി.ബി.എസ്, എം.ബി.എ മുതൽ പ്ലസ് വൺ അഡ്മിഷൻ വരെ നേടിയവരിൽ അല്മയരും വൈദികരും ഉൾപ്പെടുന്നു എന്നതിൽ എ.എഫ്.സി അഭിമാനിക്കുന്നു.

**5. ലക്ഷ്യം**

അതിരൂപത ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനം ഒരു വർഷം തികയുമ്പോൾ ഒത്തിരി ലക്ഷ്യങ്ങൾ കൈവരിക്കേണ്ടതായിട്ടുണ്ട്. അതിരൂപതയിലെ എല്ലാ ഇടവകകളിലും പി.എഫ്.സി സ്ഥാപിച്ചു അതിലൂടെ നമുക്ക് നിലവിൽ ലഭ്യമായിട്ടുള്ള സംവരണങ്ങളും, ആനുകൂല്യങ്ങളും, സ്കോളർഷിപ്പുകളും ഗുണഭോക്താക്കളിലേക്ക് എത്തിക്കുന്നതിനും അവ നേടിയെടുക്കാൻ ഒപ്പം നിൽക്കുന്നതിനുമാണ് പ്രഥമ പരിഗണന. സർക്കാർ ഉദ്യോഗങ്ങൾ നേടിയെടുക്കാൻ പ്രോത്സാഹിപ്പിക്കുക, അതിനായി പി.എസ്.സി – എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ നടത്തിക്കുക, EWS സംവരണം, സാമൂഹിക ക്ഷേമ പദ്ധതികൾ, ന്യൂനപക്ഷ സ്കോളർഷിപ്പുകൾ, ക്ഷേമ പദ്ധതികൾ, വില്ലേജ്തല സർട്ടിഫിക്കറ്റുകൾ, ഗ്രാമപഞ്ചായത്ത്/ മുനിസിപാലിറ്റി/കോർപറേഷൻതല അപേക്ഷകൾ, കൃഷി വകുപ്പ് ആനുകൂല്യങ്ങൾ, ആധാർ, പാൻകാർഡ്, വോട്ടർ കാർഡ് സേവനങ്ങൾ തുടങ്ങി ഒരു പൗരനു സ്വയം അപേക്ഷിക്കാവുന്നതും നേടിയെടുക്കാവുന്നതുമായ എല്ലാ സേവനങ്ങളിലും അവന്റെ കൂടെ ഒരു കൈത്താങ്ങായ് നിലകൊള്ളുക. അതുവഴി വ്യക്തിയുടെയും ഇടവകയുടെയും സഭയുടെയും ഉന്നമനത്തിനായി പ്രവർത്തിക്കുക. അതിരൂപതയിലെ കുടുംബകൂട്ടായ്മകളുടെയും വിവിധ സംഘടനകളുടെയും സഹകരണത്തോടെ ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ എ.എഫ്.സിക്ക് കഴിയട്ടെ.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

EXCEL
ACADEMY
DBCLC, East Fort, Thrissur - 680005
mob: 9744941585
email : excelacademytcr@gmail.com
web : www.excelacademytcr.com

excel ACADEMY
Archdiocese of Trichur
Institute for Career Formation

## 1. K-TET Course

അധ്യാപകർക്കുള്ള **K-TET** പരീക്ഷക്കുള്ള പതിനൊന്നാമത്തെ ബാച്ചിന്റെ കോച്ചിങ്ങ്, സെപ്റ്റംബർ അവസാനം ആരംഭിക്കും. അഡ്മിഷൻ ആരംഭിച്ചു.

## 2. KER/KSR Course

സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രൊമോഷന് വേണ്ടിയുള്ള KER/KSR Course സെപ്റ്റംബർ 11–ാം തിയതി ശനിയാഴ്ച ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.

## 3. Foundation Course ( Junior IAS/Science Genius)

എട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി ഒരു ഫൗണ്ടേഷൻ കോഴ്സ് സെപ്റ്റംബർ 11–ാം തിയതി ശനിയാഴ്ച ആരംഭിച്ചു. സയൻസ്, സിവിൽ സർവ്വീസ്, വിഷയങ്ങൾ പഠിപ്പിക്കുന്നു. എല്ലാ രണ്ടാം ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും ക്ലാസ്സുകൾ ഉണ്ടായിരിക്കും. അഡ്മിഷൻ തുടരുന്നു.

കൂടുതൽ വിവരങ്ങൾക്ക് – 9847276657 / 9744941585

എക്സൽ അക്കാദമിയുടെ പുതിയ സംരംഭങ്ങളിലും പ്രവർത്തനങ്ങളിലും ആത്മാർത്ഥമായി സഹകരിക്കുന്ന എല്ലാ ഇടവകകളേയും, ബഹു. വികാരിയച്ചന്മാരേയും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# കത്തോലിക്ക കോൺഗ്രസ്സ്

**1. ഏകീകൃത കുർബാന ക്രമത്തിൽ പൂർണ്ണ ഐക്യദാർഢ്യം**

കുർബാന ഏകീകൃതമായ് ബന്ധപ്പെട്ട് മാർപാപ്പയുടെ ആഹ്വാന പ്രകാരം സിനഡ് എടുത്ത തീരുമാനത്തിനും അത് നടപ്പിൽ വരുത്തുന്നതിനും കത്തോലിക്ക കോൺഗ്രസിന്റെ പൂർണ്ണ ഐക്യദാർഢ്യവും പിൻതുണയും പ്രഖ്യാപിച്ചു. ഇതിനെ ചൊല്ലിയുള്ള മറ്റ് അസ്വസ്ഥതകൾക്ക് കഴമ്പില്ലെന്നും അതിരൂപത എക്സിക്യൂട്ടീവ് യോഗം വിലയിരുത്തി.

**2. മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന് ഐക്യദാർഢ്യം**

നർക്കോട്ടിക് ജിഹാദുമായി ബന്ധപ്പെട്ട് പാല രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നടത്തിയ പ്രസംഗത്തിന് സമ്പൂർണ്ണ ഐക്യദാർഢ്യം പ്രഖ്യാപിച്ചു. കാലഘട്ടത്തിന്റെ സമ്പൂർണ്ണത ഉൾക്കൊണ്ടു കൊണ്ട് പിതാവ് നടത്തിയ പ്രസംഗം ഏവരും ജാഗ്രതയോടെയും, കരുതലോടെയും ഉൾക്കൊള്ളണമെന്നും അടിയന്തിര എക്സിക്യൂട്ടീവ് യോഗം ആവശ്യപ്പെട്ടു. പിതാക്കന്മാർക്കെതിരെയുള്ള ഏത് പ്രകോപനവും ശക്തമായി എതിർക്കും എന്നും മുന്നറിയിപ്പ് നൽകി.

**3. കോവിഡാനന്തര ചികിത്സാ രീതികൾ**

കോവിഡാനന്തര ചികിത്സാ രീതികളെക്കുറിച്ചും മറ്റ് ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും ഓൺലൈൻ വഴി സിമ്പോസിയം സംഘടിപ്പിച്ചു.

**4. ദീപിക പ്രചരണം**

ദീപിക ദിനപത്രത്തിന്റെ പ്രചരണം ഏറ്റെടുക്കണമെന്നും ഏവരും ദിനപത്രത്തിന്റെ വരിക്കാരാകണമെന്നും സമുദായ പത്രം എന്ന നിലയ്ക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകണമെന്നും അതിരൂപത എക്സിക്യൂട്ടീവ് യോഗം ആഹ്വാനം ചെയ്തു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്

**എൻ.പി. ജാക്സൻ**
ജനറൽ സെക്രട്ടറി

# KCYM

**1. മലയോര കർഷകർക്ക് ഐക്യാദാർഡ്യം**

വന്യമൃഗങ്ങളുടെ ആക്രമണം നിത്യസംഭവമായ ഈ സാഹചര്യത്തിൽ നാട്ടുകാരുടെയും തോട്ടം തൊഴിലാളികളുടെയും ജീവനും സ്വത്തും സംരക്ഷിക്കുക, വന്യജീവികളുടെ ആക്രമണത്തിൽ നിന്നും മലയോര കർഷകരെ സംരക്ഷിക്കാൻ വേണ്ട ശാശ്വത പരിഹാരം കാണുക, വന്യജീവികളുടെ ആക്രമത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുക എന്നിവ ഉന്നയിച്ച് കൊണ്ട് കെ.സി.വൈ.എം തൃശ്ശൂർ അതിരൂപത കളക്ട്രേറ്റ് മാർച്ചും പ്രതിഷേധ ധർണ്ണയും സംഘടിപ്പിച്ചു. അതിരൂപത ജനറൽ സെക്രട്ടറി അഖിൽ ജോസ് സ്വാഗതം പറഞ്ഞു. അതിരൂപത പ്രസിഡന്റ് സാജൻ ജോയ് മാസങ്ങളായി പാലപ്പിള്ളി റേഞ്ച് ഓഫീസറുടെ നിയമനം പോലും നടത്താത്ത സർക്കാരിന്റെ നടപടിയെ പ്രതിഷേധ ധർണ്ണയിൽ അധ്യക്ഷത വഹിച്ച് രൂക്ഷമായി വിമർശിച്ചു. അതിരൂപത ഡയക്ടർ റവ ഫാ. ലിൻസൺ തട്ടിൽ കർഷകർക്കും മലയോര കർഷക മേഖലയിലെ തോട്ടം തൊഴിലാളികൾക്കും കാർഷിക വിളകൾക്കും കുണ്ടായിലെയും പാലപ്പിള്ളിയിലും മരണപ്പെട്ടവരുടെ നിർദന കുടുംബങ്ങൾക്ക് സർക്കാർ ആവശ്യ സംരക്ഷണം നൽകാൻ മുന്നോട്ട് വരണം എന്ന് ആമുഖ പ്രഭാഷണത്തിൽ അച്ചൻ ആവശ്യപ്പെട്ടു. കേരള സഭ പത്രം മുൻ അസി. ഡയറകട്റും ചൊക്കന ഇടവക വികാരിയുമായ ഫാ.ഫ്രാങ്കോ പറപ്പുള്ളി പ്രതിഷേധ സദസ്സ് ഉദ്ഘാടനം ചെയ്തു. ജില്ലാ ഭരണകൂടം നോക്കുകുത്തികളായും, ജില്ലയിലെ മന്ത്രിമാർ നിസ്സഹായരായി മാറുന്നു തായാണ് കാണാൻ കഴിയുന്നത്. കേരളത്തിൽ 519 ജീവനുകളാണ് രണ്ടായിരത്തി പതിനഞ്ച് മുതൽ വന്യജീവികളുടെ ആക്രമണത്തിൽ നഷ്ടപെട്ടത് വനം വകുപ്പും ഭരണകൂടവും കണ്ണടക്കുകയാണെന്നും

നടപടികൾ ഇനിയെങ്കിലും ഉണ്ടാകണമെന്ന് ഉദ്ഘാടന പ്രഭാഷണത്തിൽ ഉദ്ഘാടകൻ കുറ്റപ്പെടുത്തി. പ്രതിഷേധ സദസ്സിന് അഭിസംബോധന ചെയ്ത് അഡ്വക്കേറ്റ് ഫോറം മുൻ പ്രസിഡന്റ് പാസ്റ്ററൽ അഡ്വ.സോജൻ ജോബ് മുഖ്യ പ്രഭാഷണം നടത്തി സംസാരിച്ചു. പ്രതിഷേധ സദസ്സ് അഭിസംബോധന ചെയ്ത് മുൻ തൃശ്ശൂർ അതിരൂപത പ്രസിഡന്റും സംസ്ഥാന സിൻഡിക്കേറ്റ് മെമ്പറുമായ സാജൻ ജോസ് സം

സാരിച്ചു. പ്രതിഷേധ സദസ്സിനും കളക്ട്രേറ്റ് മർച്ചിനും അതിരൂപത ട്രഷ
റർ ജിഷാദ് ജോസ് നന്ദി അർപ്പിച്ചു സംസാരിച്ചു. വൈസ് പ്രസിഡന്റ്
ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, സെനറ്റ് അംഗങ്ങളായ ടോണി
കല്ലൂക്കാരൻ, മെജോ പൊറത്തൂർ, വിപിൻ ലൂവിസ്, ഷെറിൻ വർഗ്ഗീസ്,
ടങ്ങഥങ്ങ പ്രതിനിധി ഡാനിയേൽ ജോസഫ് എന്നിവർ നേതൃത്വം നൽ
കി. ഫൊറോനാ പ്രസിഡന്റ് മാർ ഫൊറോന ഭാരവാഹികൾ സന്നിഹി
തരായിരുന്നു.

മലയോര മേഖലയിലെ വന്യജീവികളുടെ ആക്രമണം, ഡെ
പ്യൂട്ടി കളക്ടർക്ക് നിവേദനം നൽകി : കെ സി വൈ എം തൃശ്ശൂർ അതി
രൂപത മലയോര മേഖലയിലെ കർഷകർക്ക് ആവശ്യമായ സുരക്ഷ സം
വിധാനങ്ങൾ ഒരുക്കുക, വന്യജീവികളുടെ ആക്രമണത്തിൽ മരിച്ച കു
ടുംബങ്ങൾക്ക് തക്കതായ നഷ്ട്ട പരിഹാരം നൽക്കുക, ആക്രമണം നട
ന്ന തോട്ടം മേഖലയിൽ കളക്ടർ സന്ദർശിക്കുക എന്നീ ആവശ്യങ്ങൾ
ചൂണ്ടിക്കാട്ടി കൊണ്ട് തൃശ്ശൂർ ഡെപ്യൂട്ടി കളക്ടർക്ക് കെ സി വൈ എം
തൃശ്ശൂർ അതിരൂപത ഭാരവാഹികൾ നിവേദനം സമർപ്പിച്ചു. ഡയറക്റ്റർ
ഫാ. ലിൻസൺ തട്ടിൽ, ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ
ജിഷാദ് ജോസ്, വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ എന്നിവർ പ
ങ്കെടുത്തു...

**2. വിശുദ്ധ മദർ തെരേസ അനുസ്മരണം**

സെപ്റ്റംബർ 5 പാവങ്ങളുടെ അമ്മയായ വിശുദ്ധ മദർ തെരേ
സയുടെ ചരമദിനത്തോടനുബന്ധിച്ച് അഗതികളുടെ അമ്മയായ മദർ
തെരേസയുടെ ചിത്രത്തിനു മുൻപിൽ പുഷ്പാർച്ചനയും പ്രാർത്ഥനയും
നടത്തി. അനുസ്മരണ സമ്മേളന ഉദ്ഘാടനം തൃശ്ശൂർ അതിരൂപത അ
ദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. 'യുവജന
ങ്ങൾ കാരുണ്യത്തിന്റെ മുഖം കൈ കൊണ്ട് സമൂഹത്തിലെ നിർധന
രായ ആളുകൾക്ക് വേണ്ടി പ്രവർത്തിക്കണമെന്ന് ' പിതാവ് പറഞ്ഞു.
കെ സി വൈ എം തൃശ്ശൂർ അതിരൂപത പ്രസിഡന്റ് സാജൻ മുണ്ടൂർ
അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ റവ ഫാ ലിൻസൺ ത
ട്ടിൽ അനുസ്മരണ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി അഖിൽ
ജോസ്,ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റ് ജെസ്ന ജീജോ
എന്നിവർ സംസാരിച്ചു. ജിയോ മാഞ്ഞൂരാൻ, വിന്നി വിൻസെന്റ്, സാ
ജൻ ജോസ്, ടോണി കല്ലൂക്കാരൻ, മേജോ പൊറുത്തൂർ, വിബിൻ ലൂവി
സ്, ഷെറിൻ വർഗ്ഗീസ്, സ്നേഹ ബെന്നി എന്നിവർ നേതൃത്വം നൽകി.
മറ്റു ഫൊറോന പ്രസിഡന്റുമാർ, യുവജന സുഹൃത്തുക്കൾ സന്നിഹിത
രായിരുന്നു.

**3. ദേശീയ അദ്ധ്യാപക ദിനാചരണം**

ദേശീയ അദ്ധ്യാപക ദിനത്തോട് അനുബന്ധിച്ച് കെ സി വൈ എം തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ കെ.സി.ബി.സി ബെസ്റ്റ് ടീച്ചർ പുരസ്കാരം നേടുകയും, മണലൂർ സ്കൂൾ പ്രധാനാധ്യാപിക യും ആയ കെ സി കാതറിൻ ടീച്ചറെ ആദരിച്ചു. സ്കൂൾ മാനേജറും, മ ണലൂർ ഇടവക വികാരി ഫാ ജോൺസൻ ഒലക്കെങ്കിൽ അധ്യക്ഷത വ ഹിച്ചു. വാർഡ് മെബർ ശ്രീജിത്ത് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. അ തിരൂപത ഡയറക്ടർ റവ ഫാ ലിൻസൺ തട്ടിൽ അദ്ധ്യാപക ദിന സന്ദേ ശം നൽകി. അതിരൂപത പ്രസിഡന്റ് സാജൻ ജോയ് ആശംസകൾ അർ പ്പിച്ച് സംസാരിച്ചു. ജനറൽ സെക്രട്ടറി അഖിൽ ജോസ്, വൈസ് പ്രസി ഡന്റ് ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, സെക്രട്ടറി വിന്നി വിൻ സെന്റ്, സെനറ്റ് മെമ്പർമാരായ ടോണി കല്ലൂക്കാരൻ, വിബിൻ ലൂവിസ്, ഷെറിൻ വർഗ്ഗീസ്, ടങഥങ പ്രതിനിധി സ്നേഹ ബെന്നി എന്നിവർ നേ തൃത്വം നൽകി.

**4. കാരുണ്യ സ്പർശം 2021**

കെ സി വൈ എം സംസ്ഥാന സമിതിയുടെ ആഹ്വാനപ്രകാരം തെരുവിൽ ദുരിതമനുഭവിക്കുന്നവർക്കും, അശരണർക്കും ആശ്രയമാ യ വി.മദർ തെരേസ അനുസ്മരണ ദിനാചരണത്തോടനുബന്ധിച്ച് അ ഗതിമന്ദിരത്തിൽ ഭക്ഷണ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ എടക്കള ത്തൂർ നിർമ്മൽ സദൻ ഹോമിൽ പലചരക്ക് സാധനങ്ങൾ കൈമാറി. അതിരൂപത ഡയറക്ടർ റവ ഫാ ലിൻസൺ തട്ടിൽ, പ്രസിഡന്റ് സാജൻ മുണ്ടൂർ, ജനറൽ സെക്രട്ടറി അഖിൽ ജോസ്,ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, വിന്നി വിൻ സെന്റ, മദർ എൽസി സിസ്റ്റർ എന്നിവർ സംസാരിച്ചു. ടോണി കല്ലൂക്കാ രൻ,വിബിൻ ലൂവിസ്, ഷെറിൻ വർഗ്ഗീസ്, സ്നേഹ ബെന്നി എന്നിവർ നേതൃത്വം നൽകി.

**5. മദർ തെരേസ അനുസ്മരണ ദിനത്തിൽ കാരുണ്യ പ്രവർത്തനം**

കെ സി വൈ എം തൃശ്ശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ മദർ തെരേസ അനുസ്മരണ ദിനത്തിൽ 16 ഫൊറോനകൾക്കായി 2 ഡ യാലിസിസ് കിറ്റ് വിതരണം നടത്തി. '100 രൂപ ചലഞ്ചിൽ ' നിന്ന് ലഭിച്ച തുകയിൽ നിന്നാണ് ആദ്യഘട്ട കിറ്റ് വിതരണം നടത്തിയത്. ഡയാലി സസ് കിറ്റ് വിതരണ ഉദ്ഘാടനം അതിരൂപത അദ്ധ്യക്ഷൻ മാർ ആൻ ഡ്രൂസ് താഴത്ത് പിതാവ് നിർവഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ലിൻ സൺ തട്ടിൽ ആമുഖ പ്രഭാഷണവും, പ്രസിഡന്റ് സാജൻ ജോയ് അ

ധ്യക്ഷതയും വഹിച്ചു. ജനറൽ സെക്രട്ടറി അഖിൽജോസ് പങ്കെടുത്ത എല്ലാവർക്കും സ്വാഗതമാശംസിച്ചു. വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, സെക്രട്ടറി വിന്നി വിൻസെന്റ്, സംസ്ഥാന സിൻഡിക്കേറ്റ് മെമ്പർ സാജൻ ജോസ്, സെനറ്റ് അംഗങ്ങളായ ടോണി കല്ലൂക്കാരൻ, മേജോ പൊറുത്തൂർ, വിബിൻ ലൂവിസ്, ഷെറിൻ വർഗ്ഗീസ്, ടങ്ങഥങ്ങ പ്രതിനിധി സ്നേഹ ബെന്നി എന്നിവർ നേതൃത്വം നൽകി. ട്രഷറർ ജിഷാദ് ജോസ് പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു. മറ്റു ഫൊറോന പ്രസിഡന്റുമാർ, യുവജന സുഹൃത്തുക്കൾ സന്നിഹിതരായിരുന്നു.

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ

**സാജൻ ജോയി**
പ്രസിഡന്റ്

**അഖിൽ ജോസ്**
സെക്രട്ടറി

# ചിൽഡ്രൻസ് മിനിസ്ട്രി

**1. തിരുബാലസഖ്യം**

ഒക്ടോബർ 4 ന് പാപ്പാദിനമായി ആചിരിക്കേണ്ടതാണ്. അന്ന് പതാകദിനമായി ആചരിക്കാൻ ശ്രദ്ധിക്കുമല്ലോ. ഒകടോബർ മാസത്തിൽ ഗ്രൂപ്പുകളായി തിരിഞ്ഞ് കുട്ടികൾ ജപമാല ചൊല്ലാനും വിവിധ നിയോഗങ്ങൾക്കായി പ്രത്യേകിച്ച് പലതരത്തിൽ പീഡിപ്പിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിക്കേണ്ടതാണ്. അതോടൊപ്പം മിഷൻ പ്രവർത്തനത്തെ സഹായിക്കാൻ കുഞ്ഞുങ്ങൾ ചെറിയ ഫണ്ട് രൂപീകരണം യൂണിറ്റ് തലത്തിൽ നടത്തേണ്ടതാണ്. ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിക്കുന്നവർക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

**2. ജൂനിയർ സി.എൽ.സി.**

ഒക്ടോബർ മ ാസം ജൂനിയർ സി.എൽ.സി. അംഗങ്ങൾ കൊന്ത മാസം ആചരിക്കേണ്ടതാണ്. കോവിഡ് മൂലം പലതരത്തിൽ വേദനയ

നുഭവിക്കുന്ന എല്ലാവരേയും സമർപ്പിച്ച് പ്രാർത്ഥിക്കാം. ഒക്ടോബർ 1 ന് വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ തിരുനാളാണ്. അന്ന് ജൂനിയർ സി.എൽ.സി. യുടെ പതാകദിനം കൂടിയാണ്. യൂണിറ്റിൽ പതാകയുയർത്തി പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്.

**3. അൾത്താരസംഘം**

ഒക്ടോബർ 1–ാം തിയ്യതി മുതൽ 31–ാം തിയ്യതി വരെ കൊന്ത മാസം ആചരണമാണല്ലോ. അൾത്താരബാലന്മാർ 2 പേർ അടങ്ങുന്ന ഗ്രൂപ്പുകളായി തിരിഞ്ഞ് വിവിധ നിയോഗങ്ങൾക്കായി ജപമാലചൊല്ലി പ്രാർത്ഥിക്കേണ്ടതാണ്. വൃദ്ധരായ രോഗികൾക്കും, അനാഥരായ കുഞ്ഞുങ്ങൾക്കുവേണ്ടിയും പ്രത്യേകം ജപമാലചൊല്ലി പ്രാർത്ഥിക്കേണ്ടതാണ്.

**4. Saints' Quiz 2021-2022**

Saints' Quiz 2021-2022 ഇടവകതലം ഒക്ടോബർ 3–ാം തിയ്യതി ഞായറാഴ്ച്ച ഉച്ചതിരിഞ്ഞ് 2.00 മുതൽ 2.30 വരെ Online വഴിയായി നടത്തുന്നു. Online പരീക്ഷയ്ക്കുവേണ്ടിയുള്ള ഗൂഗിൾ ഫോം ലിങ്ക് മതാദ്ധ്യാപകർക്കും ആനിമേറ്റേഴ്സിനും നേരത്തെ അയച്ചുതരുന്നതായിരിക്കും. മതാദ്ധ്യാപകർ അത് കുട്ടികളിലേക്ക് എത്തിക്കുമല്ലോ. ഇടവകതലത്തിൽ നടത്തുന്ന മത്സരത്തിൽ ഏറ്റവും കൂടുതൽ മാർക്കോടുകൂടെ ആദ്യം Submit ചെയ്യുന്ന വ്യക്തിയെയായിരിക്കും ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനത്തിന് അർഹരാകുന്നത്. (ഒന്നിൽ കൂടുതൽ പേർക്ക് ഒരേ മാർക്ക് ഉണ്ടെങ്കിൽ അതിൽ ആദ്യം Submit ചെയ്ത വ്യക്തിയെയായിരിക്കും ഒന്നാം സ്ഥാനത്തിന് പരിഗണിക്കുക.) ഇടവകതലത്തിൽ ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനത്തിന് അർഹരാകുന്ന കുട്ടികളെ ചേർത്ത് 3 പേർ മാത്രമടങ്ങുന്ന ഒരു ടീമായിരിക്കും ഫൊറോനതലത്തിലുള്ള മത്സരത്തിൽ പങ്കെടുക്കേണ്ടത്. നവംബർ 28–ാം തിയ്യതി ഞായറാഴ്ച്ച 3.00 മുതൽ 4.00 വരെ പ്രൊമോട്ടറുടെ നേതൃത്വത്തിലായിരിക്കും ഫൊറോന തലമത്സരം നടത്തപ്പെടുന്നത്.

**5. സാഹിത്യമത്സരങ്ങൾ 2021**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുബാലസഖ്യം അൾത്താരസംഘം, ജൂനിയർ സി.എൽ.സി. എന്നീ സംഘടനകളിലെ കുട്ടികൾക്കായി നവംബർ മാസത്തിൽ അതിരൂപതാ തലത്തിൽ സാഹിത്യമത്സരങ്ങൾ നടത്തുന്നു. മത്സര നിബന്ധനകളും മറ്റും പിന്നീട് അറിയിക്കുന്നതായിരിക്കും.

**6. പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "ഈ ചെറിയവരിൽ ആരെയും നിന്ദിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ എന്റെ സ്വർഗ്ഗസ്ഥനായ

പിതാവിന്റെ മുഖം എപ്പോഴും ദർശിച്ചുകൊണ്ടിരിക്കുകയാണെന്ന് ഞാൻ നിങ്ങളോട് പറയുന്നു." (മത്തായി 18:10)

**സുകൃതജപം:** എന്റെ കാവൽമാലാഖേ, അങ്ങയുടെ സൂക്ഷത്തിന് ഏല്പിച്ചിരിക്കുന്ന എന്നെ കാത്തുസൂക്ഷിക്കണമേ.

**പ്രാർത്ഥനാ നിയോഗം:** വിവിധ രാജ്യങ്ങളിൽ സുവിശേഷവേല ചെയ്യുന്ന മിഷനറിമാരെ ഓർക്കാം. വിശ്വാസത്തിനുവേണ്ടി പീഡിപ്പിക്കപ്പെടുമ്പോൾ തീക്ഷ്ണതചോർന്നുപോകാതെ മുന്നേറുവാൻവേണ്ട കൃപയ്ക്കായി പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** "എന്റെ ദൈവമേ, എന്റെ സർവ്വസ്വമേ എന്നെ സമാധാനത്തിന്റെ ഉപകരണമാക്കണമേ." വി. ഫ്രാൻസിസ് അസിസി (ഒക്ടോബർ 4 )

**പ്രവർത്തനം**: ഈ ജപമാല മാസത്തിൽ കൂട്ടുകാരുമൊന്നിച്ച് എല്ലാ ശനിയാഴ്ച്ചകളിലും ഒരു ജപമാല ചൊല്ലുക.

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

# KCSL

**1. കലാസാഹിത്യോത്സവം**

2021–22 അധ്യയനവർഷത്തെ തൃശൂർ അതിരൂപതാ KCSL കലാസാഹിത്യോത്സവം 2021 ഒക്ടോബർ 2ന്. കാലത്ത് 9.30 ന് പരിപാടികൾ ആരംഭിക്കും. ഓൺലൈനായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. മത്സരങ്ങളുടെ വിശദാംശങ്ങൾ മാർഗ്ഗരേഖയിൽ കൊടുത്തിട്ടുണ്ട്. നിർദ്ദേശങ്ങൾ മത്സരാർത്ഥികളെ അറിയിക്കാൻ ആനിമേറ്റർമാർ ശ്രദ്ധിക്കണം. ഓൺലൈൻ സംവിധാനങ്ങളുടെ അപര്യാപ്തതകൊണ്ട് ആരും മത്സരത്തിൽ പങ്കെടുക്കാതിരിക്കരുത്. കൃത്യസമയം പാലിക്കുവാൻ ഏവരും ശ്രദ്ധിക്കുമല്ലോ?

**2. 2020–21 അധ്യയനവർഷ കലാസാഹിത്യോത്സവ സമ്മാനദാനം**

2020–21 അധ്യയനവർഷത്തിൽ സംഘടിപ്പിക്കപ്പെട്ട കലാസാഹിത്യ മത്സരങ്ങളുടെ സമ്മാനങ്ങൾ തൃശൂർ സെന്റ് തോമസ് കോളേജ് ഒടടൽ കൊണ്ടുവന്നു വെച്ചിട്ടുണ്ട്. ഒക്ടോബർ 15ന് മുൻപ് ആനിമേറ്റർമാർ വന്ന് വാങ്ങികൊണ്ടു പോകണം. മറ്റാരെങ്കിലുമാണ് വരുന്നതെങ്കിൽ HM/ Principal ന്റെ കൈയിൽനിന്നും എഴുത്ത് കൊണ്ടുവരേണ്ടതാണ്. ഈ അധ്യയനവർഷത്തെ കലോത്സവവിജയികൾക്കുള്ള സമ്മാനങ്ങൾ ഡിസംബർ 5ന് അതിരൂപതാ KCSL ദിനത്തോടനുബന്ധിച്ച് വിതരണം ചെയ്യും. വിശദവിവരങ്ങൾ ബ്ലോഗിൽ നൽകുന്നതണ്.

**3. യൂണിറ്റ് സെമിനാറുകൾ**

പഠനവിഷയത്തോടനുബന്ധിച്ച് ഓൺലൈനായി എല്ലാ യൂണിറ്റുകളും സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്. യൂണിറ്റ് സെമിനാറിനുള്ള ക്രമീകരണങ്ങൾ അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളുമായി ബന്ധപ്പെട്ട് തീരുമാനിക്കേണ്ടതാണ്. യൂണിറ്റ് സെമിനാറുകളുടെ വിശദവിവരങ്ങൾ അതത് ആനിമേറ്റർമാർ ണവമമ്മൈു ഗ്രൂപ്പിൽ പങ്കുവയ്ക്കേണ്ടതാണ്.

**4. ബെസ്റ്റ് ആനിമേറ്റർ അവാർഡ് – സിസ്റ്റർ ട്രീസ ജെയ്ക്കബിന്**

സംസ്ഥാന കെ.സി.എസ്.എല്ലിന്റെ ബെസ്റ്റ് സിസ്റ്റർ ആനിമേറ്റർ അവാർഡിന് തൃശ്ശൂർ അതിരൂപത കെ.സി.എസ്.എൽ എക്സിക്യൂട്ടീവ് അംഗം റവ. സിസ്റ്റർ ട്രീസ ജെയ്ക്കബ് എഫ്.സി.സിക്ക് ലഭിച്ചു. കഴിഞ്ഞ പത്ത് വർഷത്തോളമായി സിസ്റ്റർ അതിരൂപത കെ.സി.എസ്.എൽ. ലും സംസ്ഥാന കെ.സി.എസ്.എൽ ക്യാമ്പിലും പ്രവർത്തിച്ചുവരികയാണ്. അഭിനന്ദനങ്ങളും ആശംസകളും.

**ഫാ. ജോയ് അടമ്പുകുളം**
ഡയറക്ടർ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**ദത്തെടുക്കുന്ന പാവപ്പെട്ട 16 കിഡ്നി രോഗികൾക്ക് ശാന്തിഭവനിൽ സൗജന്യ ഡയാലിസീസ്**

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ തൃശൂർ സെൻട്രൽ കൗൺസിലിന്റെ സഹകരണത്തോടെ ശാന്തിഭവൻ പാലിയേറ്റീവ് ഹോസ്പിറ്റലിൽ എല്ലാ മത വിഭാഗങ്ങളിൽപ്പെട്ട പാവപ്പെട്ട 16 കിഡ്നി രോഗികളെ ദത്തെടുത്ത് സൗജന്യമായി ഡയാലിസീസ് നടത്തുന്നതിന്റെ ഉദ്ഘാടനം തൃശൂർ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. കൊറോണ മൂലം ഉണ്ടായ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി നടത്തുന്ന കാരുണ്യ പ്രവർത്തികൾ മാതൃകാപരമാണെും മരണാസന്നർക്ക് ശാന്തിയോടേയും സമാധാനത്തോടേയും മരിക്കാൻ സാഹചര്യം ഒരുക്കുന്ന സേവനങ്ങളിലൂടെ ശാന്തിഭവൻ പാലിയേറ്റീവ് ഹോസ്പിറ്റലിന്റെ സാമൂഹ്യപ്രതിബദ്ധതയാണ് വ്യക്തമാക്കുന്നതെന്നും പ്രസ്തുത പ്രവർത്തനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയ്ക്ക് അഭിമാനിക്കാവുന്നണെന്നും ആർച്ച് ബിഷപ്പ് മാർ. ആൻഡ്രൂസ് താഴത്ത് പറഞ്ഞു.

ശാന്തിഭവൻ പാലിയേറ്റീവ് ഹോസ്പിറ്റലിൽ ചേർന്ന ചടങ്ങിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജിക്സൺ താഴത്ത് അധ്യക്ഷനായിരുന്നു. ശാന്തിഭവൻ പാലിയേറ്റീവ് ഹോസ്പിറ്റൽ കോ–ഫൗണ്ടറും സി.ഇ.ഒ.യുമായ റവ. ഫാ. ജോയ് കൂത്തൂർ മുഖ്യപ്രഭാഷണം നടത്തി. ഹോസ്പിറ്റൽ അഡിമിനിസ്ട്രേറ്റർ സി. റോസാൽബ എഫ്.എസ്.സി., സെന്റ് വിൻസെന്റ് ഡി പോൾ ഒല്ലൂർ ഏരിയാ കൗൺസിൽ പ്രസിഡന്റ് ബ്ര. സണ്ണി പി. ആർ. തുടങ്ങിയവർ ആശംസകൾ നേർന്നു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്ര. ജോസ് ജെ. മഞ്ഞളി സ്വാഗതവും, വൈസ് പ്രസിഡന്റ് ബ്ര. ഷിബു കെ.എ. നന്ദിയും പറഞ്ഞു.

**ഫാ. ജിക്സൺ താഴത്ത്**
ആദ്ധ്യാത്മിക ഉപദേഷ്ടാവ്

**ജോസ് ജെ. മഞ്ഞളി**
പ്രസിഡന്റ്

**പ്രശാന്ത് ചിറ്റിലപ്പിള്ളി**
സെക്രട്ടറി

# ലോഫ്

## 1. LOAF ACADEMIC DAY

എല്ലാ മാസവും 4–ാം ഞായറാഴ്ച്ച ലോഫിന്റെ Academic Day (ZOOM) Online ലൂടെ സംഘടിക്കപ്പെടുന്നു. വയസ്സിനനുസൃതമായി 3 ഗ്രൂപ്പുകളായി തിരിച്ച് കുട്ടികൾക്കും, ദമ്പതികൾക്കും മാത്രമായും ക്ലാസ്സുകൾ നടക്കുന്നു. കഴിഞ്ഞ Academic Day ആഗസ്റ്റ് 22 ന് നടന്നു.

1. ബത്‌ലേഹം – (3 മുതൽ 7 വയസ്സ് വരെ) ശ്രീമതി നിമ്മി ജോർജ് (എറണാകുളം) ക്ലാസ്സുകൾ നയിച്ചു.
2. നസ്രത്ത് – (8 മുതൽ 12 വയസ്സ് വരെ) ശ്രീമതി അനി ജോർജ്ജ് ടീച്ചർ (LOAF) ക്ലാസ്സുകൾ നയിച്ചു.
3. ഗലീലി – (12 വയസ്സിനു മുകളിൽ) റവ.ഫാ. ജിം OCD, (ബാംഗ്ലൂർ) ക്ലാസ്സുകൾ നയിച്ചു.
4. ദമ്പതികൾക്ക് വേണ്ടിയുള്ള ക്ലാസ്സ് ഡോ. അലോഷ് (LOAF) നയിച്ചു.

## 2. LOAF's FEP (Family Enrichment Programme)

ആഗസ്റ്റ് മാസത്തിലെ രണ്ടാമത്തെ **FEP** പ്രോഗ്രാം 29–ാം തിയതി ഓൺലൈനിലൂടെ സംഘടിക്കപ്പെട്ടു. ലോഫിലെ കുടുംബങ്ങൾ കണ്ടെത്തിയ മറ്റ് കുടുംബങ്ങൾക്ക് വേണ്ടിയാണ് ഇത്തവണ പ്രോഗ്രാം സംഘടിപ്പിച്ചത്. 35 ഓളം കുടുംബങ്ങൾ ഇതിൽ പങ്കെടുത്തു. ഡോ. അനുമോദ് (ലോഫ്) ക്ലാസ്സും, ലോഫിലെ തന്നെ മറ്റ് മൂന്ന് കുടുംബങ്ങൾ (ഡോ. ജോർജ്ജ് & അനി, സനോജ് & ബിൻസി, സിത്താർ & റെൻസി) അവരുടെ ദൈവാനുഭവങ്ങൾ പങ്കുവെച്ചു.

## 3. LOAF NIGHT VIGIL

സെപ്റ്റംബർ മാസം 3–ാം തിയതി (ആദ്യ വെള്ളിയാഴ്ച) LOAF Intercession Ministryയുടെ നേതൃത്വത്തിൽ Night Vigil നടന്നു. ലോഫിന്റെ അസി. ഡയറക്ടർ ഫാ. ഡെന്നി ചിറയത്ത് വചനസന്ദേശം നൽകി.

## 4. LOAF SUNDAY CHAIN ROSARY

എല്ലാ ഞായറാഴ്ചയും രാവിലെ 9 മണിമുതൽ രാത്രി 9 മണി വരെ എല്ലാ ലോഫ് കുടുംബാംഗങ്ങളും സമയക്രമമനുസരിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു.

## 5. LOAF CORE TEAM

സെപ്റ്റംബർ മാസത്തെ LOAF Core Team 10–ാം തിയതി (വെള്ളിയാഴ്ച) ഫാമിലി അപ്പസ്റ്റോലേറ്റിൽ വച്ച് നടന്നു.

## 6. LOAF SPIRITUAL DAY

സെപ്റ്റംബർ മാസം 11–ാം തിയതി എല്ലാ കുടുംബങ്ങൾക്കും വേണ്ടി ലോഫ് ഒരുക്കുന്ന സ്പിരിച്ച്വൽ ഡേ നടന്നു. ആരാധനയ്ക്കും, വി.ബലിക്കും ഫാ. വിൽസൺ പാറേക്കാട്ടിൽ (ഷേൺസ്റ്റാട്ട്) നേതൃത്വം നൽകി. വചന സന്ദേശം ജോസ് സർ (കുളത്തുവയൽ ധ്യാനകേന്ദ്രം) നൽകി.

## 7. LA FAMILIA (കുടുംബനവീകരണ ധ്യാനം)

ലോഫിന്റെ നേതൃത്വത്തിൽ ഒക്ടോബർ 1, 2, 3 തിയതികളിൽ കുടുംബങ്ങൾക്ക് വേണ്ടി ഓൺലൈനിൽ ധ്യാനം സംഘടിപ്പിക്കുന്നു.

**ഡോ. ടോണി & ഡോ. സുനി**
പ്രസിഡണ്ട് കപ്പിൾസ്

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# കാത്തലിക് നേഴ്സസ് ഗിൽഡ്

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ നേതൃത്വത്തിൽ ഈ വർഷത്തെ നേഴ്സസ് ഡെയുടെ ഭാഗമായി അടുത്ത കാലഘട്ടത്തിൽ ആധുനിക ശുശ്രൂഷാ മേഖലയിൽ ഒരു നേഴ്സിന്റെ പ്രസക്തിയും സ്വാധീനവും എന്ന വിഷയത്തെ ആസ്പദമാക്കി ഓൺലൈൻ പ്രസംഗമത്സരം നേഴ്സസിനുവേണ്ടി നടത്തുകയുണ്ടായി. ഇതിന്റെ ആദ്യത്തെ ഘട്ടമായി തൃശ്ശൂർ അതിരൂപതയിലെ ആതുരാലയ ങ്ങളിൽ ഓൺലൈൻ പ്രസംഗമത്സരം നടത്തുകയും അതിൽ വിജയിക ളായ 17 പേരെ തിരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് വിജയികളായ വരിൽ നിന്ന് തൃശ്ശൂർ അതിരൂപതാ CNGAT ഭാരവാഹികൾ വിലയിരു ത്തൽ നടത്തി വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തു. സമ്മാനർഹ രായവർ താഴെ പറയുന്നവരാണ്.

| | | |
|---|---|---|
| **First Prize** | - | Mrs Vinaya Joffy, Amala Hospital |
| **Second Prize** | - | Miss Aleena K Joshy, St. Vincent Depaul Hospital, Ollur |
| **Third Prize** | - | Rev. Sr. Hrdhya Therese FCC,MI Hospital, Engandiyoor |

ഓൺലൈൻ പ്രസംഗമത്സര വിജയികൾക്ക് CNGAT ഡയറക്ടർ റവ.ഫാ.ജിമ്മി എടക്കളത്തൂർ CASH AWARD നൽകി ആദരിച്ചു. നേഴ്സുമാരെ പങ്കെടുപ്പിച്ച് പ്രോത്സാഹനം നൽകിയ ആതുരാ ലയങ്ങളിലെ അധികാരികളെയും സഹപ്രവർത്തകരെയും ഡയറക്ടറും ഭാരവാഹികളും ചേർന്ന് അഭിനന്ദിച്ചു.

**ഫാ. ജിമ്മി എടക്കളത്തൂർ**
ഡയറക്ടർ

**സി. റൊസീന ഡേവിഡ് FCC**
സെക്രട്ടറി

# ജീസസ് യൂത്ത്

### 1. വിയാനി ദിനാഘോഷം

Aug 4 വൈദീകരുടെ മാദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുന്നാളിനോടാനുബന്ധിച്ചു തൃശ്ശൂർ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ, തൃശ്ശൂർ സോണിലെ പാരിഷ് കോർ ടീമുകളുടെയും സബ്സോണിന്റെയും നേതൃത്വത്തിൽ എല്ലാ ഇടവക വികാരിമാരെയും അതാതു ഇടവകയിലെ ജീസസ് യൂത്ത് സന്ദർശിക്കുകയും ആശംസ കൾ അർപ്പിക്കുകയും ചെയ്തുകൊണ്ട് വിയാനിദിനം അവിസ്മരണീയ മാക്കി.

### 2. പുതിയ നേതൃത്വങ്ങൾക്ക് ട്രെയിനിംഗ്

2021–23 കാലഘട്ടത്തിലെക്കായി പുതുതായി തിരഞ്ഞെടുക്ക പെട്ട സബ്സോണിലെയും മിനിസ്ട്രിയിലെയും വിവിധ ടീമുകളിലെയും സർവീസ് ടീമുകൾക്കായി തൃശൂർ ജീസസ് യൂത്ത് സോണൽ കൗൺസി ലിന്റെ നേതൃത്വത്തിൽ SMTG (സബ്സോൺ മിനിസ്ട്രി ടീം ഗാത്തെ റിങ്) എന്ന പേരിൽ 4 ദിവസങ്ങളിലായി ഓൺ ലൈൻ ട്രെയി നിംഗ് പ്രോഗ്രാം നടത്തപെടുകയുണ്ടായി.

ഓഗസ്റ്റ് 11 ന് വൈകിട്ട് 7.30 to 9 വരെ നടത്തപെട്ട പ്രീഗാത്തെ റിങ്ങിലൂടെ SMTG ക്കു തുടക്കംകുറിച്ചു. ഓഗസ്റ്റ് 13,14 ദിവസങ്ങളിലായി 16 സബ്സോണുകൾക്കായും 15,16 തിയ്യതികളിലായി 8 മിനിസ്ട്രിക ളുടെയും 7 ടീമുകളുടെയും ട്രെയിനിംങ്ങുകൾ നടത്തപെട്ടു. കൂടാതെ ഓഗസ്റ്റ് 22 ഞായറാഴ്ച നടന്ന മെഗാഗാത്തെറിങ്, തൃശ്ശൂർ അതിരൂപത മെത്രാപോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് ഉത്ഘാടനം നിർവഹിച്ചു. ജീസസ് യൂത്ത് ഇന്റർനാഷണൽ കൌൺസിലിന്റെ എക്ലെസ്സിയാസ്റ്റിക്കൽ അഡ്വൈസർ (Ecclesiastical advisor) ആയ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് അനുഗ്രഹ പ്രഭാഷണവും മിഷൻ അനുഭവങ്ങളും പങ്കുവെച്ചിരുന്നു. കൂടാതെ വിവിധ സബ്സോണുകളെ നയിക്കുന്ന ആനിമേറ്റർ അച്ചന്മാരും, ഇടവക വൈദീകരും, ഇരുന്നൂറോളം വരുന്ന ലീഡേഴ്സും അണിനിരണ ഈ

പ്രോഗ്രാം എല്ലാവർക്കും വേറിട്ട അനുഭവം സമ്മാനിച്ചു. വരും വർഷങ്ങളിൽ തൃശ്ശൂർ സോണിലൂടെ സംഭവിക്കാനാഗ്രഹിക്കുന്നവയെ ഉൾപെടുത്തികൊണ്ട് സോണൽ ഫോക്കസ്സ് അവതരിപ്പിക്കുകയും കേരള ജീസസ് യൂത്തിനോട് ചേർന്നുകൊണ്ട് 'എന്റെ പള്ളി' എന്ന ആശയത്തെപറ്റിയും മറ്റു പാരിഷ് റീചൗട്ട്സ്സിനെപറ്റിയും തൃശ്ശൂർ ജീസസ് യൂത്ത് കോർഡിനേറ്റർ ബ്രിട്ടോ പരിചയപെടുത്തുകയും ഉണ്ടായി. കൂടാതെ ജനറൽ കോർഡിനേറ്റർ ആയ അഖിലിനും ഗ്ലോറിക്കും, പ്രോഗ്രാം കോർഡിനേറ്റർ ആയ ജോപോളിനും, ഇന്റർസെഷൻ കോർഡിനേറ്റർ ആയ വിൻപോളിനും, മൊബിലൈസെഷൻ കോർഡിനേറ്റർ ആയ ആൽവിനും, സഹകരിച്ച മറ്റു ടീം അംഗങ്ങൾക്കും പ്രോഗ്രാമിന്റെ ഭാഗമായവർക്കും അദ്ദേഹം നന്ദി രേഖപെടുത്തുകയും ചെയ്തു.

ഈ ദിവസങ്ങളിലെല്ലാം പ്രോഗ്രാമിന്റെ വിജയത്തിനായി, പ്രോഗ്രാം നടക്കുന്ന മുഴുവൻ സമയവും സ്.എം.ടി.ജി ഇന്റർസെഷൻ ടീം മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിയത് വലിയ ദൈവാനുഭവത്തിന് ഇടയാക്കിയത് എടുത്തുപറയേണ്ട ഒന്നുതന്നെ ആണ്.

**3. തൃശ്ശൂർ ഹൗസ്ഹോൾഡ് ട്രെയിനിംങ്**

തൃശൂർ ജീസസ് യൂത്ത് ഹൗസ് ഹോൾഡ് ടീമിന്റെ നേതൃത്വത്തിൽ എല്ലാ ഹൗസ് ഹോൾഡ് കോർ ടീം മെംബേർസിനുംവേണ്ടി ട്രെയിനിംഗ് പ്രോഗ്രാം നടത്തുകയുണ്ടായി. ഓഗസ്റ്റ് 28 ശനിയാഴ്ച 7.30 മുതൽ 9 വരെ 5 ഹൗസ്ഹോൾഡ് കോർ ടീമുകൾക്കും, ഓഗസ്റ്റ് 29 ഞായറാഴ്ച 2.30 മുതൽ 4 വരെ 4 ഹൗസ്ഹോൾഡ് കോർ ടീമുകൾക്കുമാണ് ട്രെയിനിംഗ് നടത്തിയത്. 80 ഓളം പേർ പങ്കെടുത്ത ഈ ഓൺലൈൻ പ്രോഗ്രാമിന്റെ പ്രധാന വിഷയം ഹൗസ് ഹോൾഡിന്റെ പ്രാധാന്യവും ടീം ബിൽഡിംങ്ങും ആയിരുന്നു. അറ്. റൈജു വർഗീസ്, അറ്. ജോജോ ജേക്കബ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

സെപ്റ്റംബർ 5 ന് വൈകീട്ട് 7 മണിക്കു എല്ലാ ഹൗസ് ഹോൾഡ് കോർ ടീം അംഗങ്ങൾക്കുംവേണ്ടി നടത്തിയ ഗാത്തെറിങ്ങിൽ ബഹു. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിലച്ചൻ ദിവ്യകാരുണ്യ ആരാധന നയിച്ചു. ജനറൽ കോർഡിനേറ്റർ അർപ്പിതക്കും മറ്റു സഹകരിച്ച എല്ലാവർക്കും കോർഡിനേറ്റർ ജോയൽ ജോസഫ് നന്ദി രേഖപെടുത്തുകയും, മാസാദ്യ ഞായറാഴ്ചയിലേക്ക് ഹൗസ്ഹോൾഡ് കൂട്ടായ്മകൾ മാറ്റിയ വിവരം എല്ലാവരെയും അറിയിക്കുകയും ചെയ്തു.

**4. ഇമെയിൽ ക്യാമ്പെയ്ൻ**

കേരള ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റിസ് (റിട്ടയേർഡ്) ജെ. ബി. കോശി കമ്മീഷന്റെ മുമ്പാകെ 2021 Aug 1 നു മുൻപായി സമർപ്പിക്കത്തക്ക രീതിയിൽ, തൃശൂർ അതിരൂപതയോടുചേർന്നു തൃശ്ശൂർ ജീസസ് യൂത്ത് ഇമെയിൽ ക്യാമ്പെയ്നു നേതൃത്വം വഹിച്ചു.

**5. വിമലഹൃദയ പ്രതിഷ്ഠ**

മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുന്നാളിനോടൊരുക്കമായി ജൂലൈ 13 മുതൽ ഓഗസ്റ്റ് 15 വരെ വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി വിമലഹൃദയ പ്രതുഷ്ഠ ജപങ്ങളും അതിനോടാനുബന്ധിച്ച ഒരുക്കങ്ങളും നടത്തുകയുണ്ടായി. സ്വർഗ്ഗാരോപണത്തിരുന്നാളിൽ ഇതിന്റെ ഭാഗമായവരെല്ലാവരും ഒരുമിച്ചുകൂടുകയും രാവിലെ 5.15 നു ജീസസ് യൂത്ത് തൃശ്ശൂരിന്റെ യൂട്യൂബ് ചാനലിലൂടെ ഡയറക്ടറായ ബഹു. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിലച്ചന്റെ നേതൃത്വത്തിൽ കോലഴി സെയിന്റ് ബെനഡിക്റ്റ് പള്ളിയിൽനിന്നും തത്സമയം സംപ്രേക്ഷണംചെയ്ത ആരാധനയുടെയും, പരി. കുർബാനയുടെയും ഭാഗമാകുകയും, തങ്ങളോരോരുത്തരെയും പരി. അമ്മയുടെ വിമലഹൃദയത്തിന് പ്രത്യേകം പ്രതിഷ്ഠിക്കുകയും ചെയ്തു. തൃശ്ശൂർ ജീസസ് യൂത്ത് ഇന്റർസെഷൻ മിനിസ്ട്രിയുടെ നേത്വത്തിൽ നടത്തിയ ഈ വിമലഹൃദ പ്രതിഷ്ഠയിൽ 100ഓളം പേർ ഇതിന്റെ ഭാഗമാകുകയും ചെയ്തിരുന്നു.

**6. ചൊവ്വാഴ്ച കൂട്ടായ്മ**

തൃശൂർ സോണിലെ എല്ലാ ജീസസ് യൂത്തും ഒരുമിച്ചുവരുവാനും ഒന്നിച്ചു പ്രാർത്ഥിക്കുന്നതിനുമായി എല്ലാ ചൊവ്വഴ്ചകളിലും രാത്രി 7.30 മുതൽ 8.30 വരെ ഓൺലൈൻ ആയി ചൊവ്വാഴ്ച കൂട്ടായ്മ ഇന്റർസെഷൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ പതിവുപോലെ നടത്തിവരുന്നു.

**7. ഒത്തുചേരലുകൾ**

തൃശ്ശൂർ സോണിലെ വിവിധ സബ്സോൺ, മിനിസ്ട്രി, ടീം ന്റെ നേതൃത്വത്തിൽ എല്ലാ മാസവും സബ്സോൺ/ മിനിസ്ട്രി വൺഡേ ഒത്തുചേരലുകൾ ഓൺലൈനായായി പതിവുപോലെ നടത്തിവരുന്നു.

കൂടാതെ ഇന്റർനാഷണൽ ജീസസ് യൂത്തിനോട് ചേർന്നുകൊണ്ട് എല്ലാ മാസവും രണ്ടാം ഞായറാഴ്ച പ്രായഭേദമന്യേ എല്ലാ

ജീസസ് യൂത്തും ഒരുമിച്ചുകൂടുന്ന ഹൗസ്ഹോൾഡ് കൂട്ടായ്മകൾ തൃശ്ശൂർ സോണിലും മുടക്കംകൂടാതെ നടത്തിവരുന്നു. വചനം ധ്യാനിക്കുവാനും ഒരുമിച്ചു പ്രാർത്ഥിക്കുവാനും വിശേഷങ്ങൾ പങ്കുവെക്കുവാനും സഹായിക്കുന്ന മാസംതോറുമുള്ള ഇത്തരം സ്നേഹക്കൂട്ടായ്മകൾ തികച്ചും വേറിട്ട അനുഭവമാണ് ഓരോരുത്തർക്കും സമ്മാനിക്കുന്നത്.

**ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

## സ്ലം സർവ്വീസ് സെന്റർ

സ്ലം സർവ്വീസ് സെന്ററിന്റെ കീഴിലുള്ള അയൽക്കൂട്ടങ്ങളിലെ 150 കുടുംബങ്ങൾക്ക് തൃശൂർ കൾച്ചറൽ സിറ്റി റോട്ടറി ക്ലബ്ബിന്റെ സഹായത്തോടെ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു. അഡ്വ. പി. ബാലചന്ദ്രൻ എം.എൽ.എ. ഉദ്ഘാടനം നിർവ്വഹിച്ചു.
ഫാ. തോമസ് ചൂണ്ടൽ, ഫാ. സിന്റോ തൊറയൻ, ബേബി മൂക്കൻ, റോട്ടറി ക്ലബ്ബ് ഭാരവാഹികളായ ഡോ. മനോജ് പോൾ, ഡോ. ഡേവിഡ് സാജ്, പ്രതാപ് വർക്കി, അഡ്വ. ആന്റോ ഡേവീസ്, ജോഫി ജോൺ എന്നിവർ സംസാരിച്ചു.

**ബേബി മൂക്കൻ**
പ്രസിഡണ്ട്

**ഫാ. സിന്റോ തൊറയൻ**
ഡയറക്ടർ

# മദ്യവിരുദ്ധ സമിതി

**1. ക്വിറ്റ് ലിക്വർ ഡേ ആചരണം**

9.8.2021 ൽ മദ്യവിരുദ്ധസമിതി ഒല്ലൂക്കര സെന്റ് ജോസഫ് പള്ളിയിൽ വച്ച് ക്വിറ്റ് ലിക്വർ ഡേ ആചരിച്ചു. റവ. സി. ഡാരിയ സി. എം. സി.യുടെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ അതിരൂപത പ്രസിഡന്റ് സി.പി. ഡേവീസ് അദ്ധ്യക്ഷത വഹിച്ചു. ഒല്ലൂക്കര ഇടവക വികാരിയും ലൂർദ്ദ് ഫൊറോന മദ്യവിരുദ്ധസമിതി പ്രൊമോട്ടറുമായ ബഹു. ഫാ. ഫ്ളർജിൻ തയ്യാലക്കൽ ആണ് സ്വാഗതം ആശംസിച്ചത്. സംഘടനയുടെ അതിരൂപത ഡയരക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ആമുഖപ്രഭാഷണം നടത്തി. ഉദ്ഘാടനം നിർവ്വഹിച്ചത് NEST ഡയരക്ടർ ബഹു. ഫാ. ജിജോ മുള്ളക്കരയാണ്. ചടങ്ങിന് മുഖ്യാതിഥിയായി പങ്കെടുത്തത് കേരള ടെക്സ്റ്റൈൽ കോർപ്പറേഷൻ ചെയർമാൻ ശ്രീ. സി.ആർ. വത്സൻ ആയിരുന്നു. സെന്റ് തോമസ് കോളെജ് പ്രൊഫസറായ ഡോ. സനൽരാജ് ആണ് ഇന്ന് ലിക്വർ സന്ദേശം നൽകിയത്. ഒല്ലൂക്കര മദ്യവിരുദ്ധസമിതി പ്രസിഡന്റ് ശ്രീ. ടി.വി. തോമസ് ആശംസകൾ നേർന്നു. അതിരൂപത ഭാരവാഹികളായ ടി.എസ്. അബ്രാഹം, ടി.ടി കൊച്ചുവർക്കി, സിജോ. ഐ.ജെ., വിവിധ യൂണിറ്റ് പ്രതിനിധികൾ എന്നിവർ ആചരണ യോഗത്തിൽ പങ്കുചേർന്നു.

വടക്കാഞ്ചേരിയിൽ ഇന്നേ ദിവസം കാലത്ത് 10 മണിക്ക് മദ്യനിരോധന സമിതിയുടെ നേതൃത്വത്തിൽ അരങ്ങേറിയ ക്വിറ്റ് ലിക്വർ ഡേ ആചരണം മദ്യവിരുദ്ധസമിതി തൃശൂർ അതിരൂപത ഡയരക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരനാണ് ഉദ്ഘാടനം ചെയ്തത്. രൂപതാ ഭാരവാഹികളായ ടി.എസ്. അബ്രാഹം, ജോൺസൺ കുന്നംപിള്ളി, എം.ജെ. അഗസ്റ്റിൻ, പോൾ പാലയൂർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**2. ആദരാഞ്ജലികൾ**

തൃശൂർ അതിരൂപത മദ്യവിരുദ്ധസമിതിയുടെ മുൻട്രഷററും ദീർഘകാലം എക്സിക്യൂട്ടീവ് അംഗവുമായിരുന്ന ടി.ഡി. കുര്യാക്കോസ് മാഷിന്റെ ദേഹവിയോഗത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും അതിരൂപത ഭാരവാഹികൾ മൃതസംസ്കാരകർമ്മങ്ങളിൽ പങ്കെടുത്ത്

സ്നേഹാദരമർപ്പിക്കുകയും ചെയ്തു. ഡയരക്ടറച്ചനും ഭാരവാഹികളും കബറിടം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പരേതനോടുള്ള ആദരവ് പ്രകടിപ്പിക്കുകയും ചെയ്തു.

**3. രോഗീസന്ദർശനം**

തൃശൂർ അതിരൂപത മദ്യവിരുദ്ധസമിതിയുടെ ആനിമേറ്ററായ റോസ്‌ലിൻ സിസ്റ്ററുടെ രോഗാവസ്ഥയിൽ മമ്മിയൂരിലുള്ള സിസ്റ്ററിന്റെ കോൺവെന്റിൽ അതിരൂപത ഡയരക്ടറച്ചന്റെ നേതൃത്വത്തിൽ ഭാരവാഹികൾ സന്ദർശനം നടത്തുകയും രോഗമുക്തി ആശംസിക്കുകയും ചെയ്തു.

**4. കോടന്നൂർ ബാർ വിരുദ്ധസമരം**

കോടന്നൂർ ബാർ വിരുദ്ധ ജനകീയ സമരത്തിന്റെ 14-ാം വർഷത്തിന്റെ ആരംഭം കുറിക്കുന്ന 2021 ആഗസ്റ്റ് 8-ാം തീയതി ബാറിനു മുന്നിലുള്ള സമരപ്പന്തലിൽ അരങ്ങേറിയ 'മദ്യരാക്ഷസ ദഹനം' മദ്യവിരുദ്ധ സമിതി ഡയരക്ടർ ദേവസ്സി പന്തല്ലൂക്കാരനച്ചനാണ് നിർവ്വഹിച്ചത്. അതിരൂപത ഭാരവാഹികളും തദവസരത്തിൽ സന്നിഹിതരായിരുന്നു.

ബാർ വിരുദ്ധ സമരത്തിന്റെ ഭാഗമായി നടന്നുവരുന്ന ഭവനസത്യാഗ്രഹ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഡയരക്ടറച്ചൻ തിരുവോണദിവസമായ 21.8.21 ന് ഭവനസത്യാഗ്രഹികളെ സന്ദർശിച്ച് ആശംസകൾ അർപ്പിക്കുകയുണ്ടായി.

**5. മൂന്നാം രചനാ മത്സരം**

22.8.2021 ൽ എക്സിക്യൂട്ടീവ് യോഗം ചേർന്നു. യോഗത്തിൽ വച്ച് 24-ാം വാർഷികം ഒക്ടോബർ 2-ാം തീയതി സമുചിതമായി ആഘോഷിക്കണമെന്ന് തീരുമാനിച്ചു. അതിനു മുന്നോടിയായി നാലു മേഖലകളുടെയും സമ്മേളനങ്ങൾ നടത്തണമെന്നും തീരുമാനമായി. മേഖലാ സമ്മേളനങ്ങളുടെ കൺവീനർമാരെ തീരുമാനിച്ചു. വാർഷികത്തിന്റെ നടത്തിപ്പിന് കൺവീനറായി സെക്രട്ടറി ടി.എസ്. അബ്രാഹത്തെ ചുമതലപ്പെടുത്തി.

മുമ്പ് നടത്തിയിരുന്ന തിരുവചനാധിഷ്ഠിതമായ മത്സരങ്ങളുടെ തുടർച്ചയായി മൂന്നാമത് വചനാധിഷ്ഠിത രചനാമത്സരം നടത്തുവാൻ തീരുമാനിക്കുകയും ലഹരിവിരുദ്ധ തിരുവചനങ്ങളെ ആസ്പദമാക്കി ഒരു രചനാമത്സരം സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ആയതിന്റെ നിബന്ധനകളും ചോദ്യാവലിയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സെപ്തംബർ 30-ാം തീയതി കാലാവധി നിശ്ചയിച്ചിരിക്കുന്ന മത്സരം 17 വയസ്സിന് താഴെയുള്ളവർക്കായി ജൂനിയർ വിഭാഗവും 17 വയ

സ്സിന് മുകളിൽ സീനിയർ വിഭാഗവുമായാണ് നടത്തപ്പെടുക. ലിംഗവ്യത്യാസമെന്യേ, ദേശവ്യത്യാസമെന്യേ എല്ലാവരും ഈ മത്സരത്തിൽ പങ്കെടുക്കണമെന്ന് ഡയരക്ടറച്ചൻ ആഹ്വാനം ചെയ്തു.

**6. ശ്രീനാരായണഗുരു സ്മൃതി**

സുപ്രസിദ്ധമായ ശ്രീനാരായണഗുരു 'മദ്യം ഉണ്ടാക്കരുത്, വിൽക്കരുത്, കുടിക്കരുത്' എന്ന മദ്യവിരുദ്ധ സന്ദേശം നൽകിയതിന്റെ നൂറാം വർഷാചരണത്തിന്റെ ഭാഗമായി ഡയരക്ടറച്ചന്റെ നേതൃത്വത്തിൽ 23.8.2021 ന് കൂർക്കഞ്ചേരി മഹേശ്വരക്ഷേത്രത്തിനു മുന്നിലുള്ള ഗുരു പ്രതിഷ്ഠയ്ക്കു മുന്നിൽ ഗുരുവിന്റെ സൂക്തങ്ങൾ എഴുതിയ പ്ലക്കാർഡുകൾ പിടിച്ച് പ്രണാമമർപ്പിക്കുകയും സ്മരണ പുതുക്കുകയും ചെയ്തു.

**7. കെ.എസി.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലെ മദ്യവിപണനത്തിനെതിരെ സമരം**

മദ്യവിതരണ ശാലകൾ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിൽ തുടങ്ങുവാനുള്ള സർക്കാർ നീക്കത്തിൽ പ്രതിഷേധിച്ച് തൃശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിനു മുന്നിൽ പ്ലക്കാർഡുകളുമേന്തി അതിരൂപത മദ്യവിരുദ്ധസമിതി തങ്ങളുടെ ഡയരക്ടറച്ചന്റെ നേതൃത്വത്തിൽ നിൽപ്പുസമരം നടത്തി. തൃശൂർ വെൽഫയർ പാർട്ടി വൈസ് പ്രസിഡന്റ് എൻ.കെ. ഷാജഹാനാണ് സമരം ഉദ്ഘാടനം ചെയ്തത്. അതിരൂപത ഭാരവാഹികളായ സി.പി. ഡേവീസ്, ടി.എസ്. അബ്രാഹം, ടി.ടി. കൊച്ചുവർക്കി, ഐ.ജെ. സിജോ, ബെന്നി പുളിക്കൻ, ജോസ് വി.ഐ. എന്നിവർ സമരത്തിൽ സന്നിഹിതരായി.

ഈ വിഷയത്തോടനുബന്ധിച്ച് അതിരൂപതയിലെ എല്ലാ യൂണിറ്റുകളേയും ഉൾപ്പെടുത്തി ഒരു പോസ്റ്റർ ക്യാംപയിൻ നടത്തുകയും എല്ലാ യൂണിറ്റുകളിലും പൊതുസ്ഥലങ്ങളിൽ സർക്കാരിന്റെ വികലമായ മദ്യനയത്തിനെതിരെ പോസ്റ്ററുകൾ പതിക്കുകയും ചെയ്തു. ഇതേ ആവശ്യം ഉന്നയിച്ച് വെൽഫയർ പാർട്ടി സംഘടിപ്പിച്ച പ്രതിഷേധസമരത്തിൽ ഡയരക്ടറച്ചൻ മുഖ്യപ്രഭാഷണം നടത്തി.

**8. തെക്കൻ മേഖല സമ്മേളനം**

ഒക്ടോബർ രണ്ടിലെ വാർഷികാചരണത്തിനൊരുക്കമായി ഒല്ലൂർ, പുതുക്കാട്, പുത്തൂർ, പഴുവിൽ എന്നീ ഫൊറോനകളടങ്ങുന്ന തെക്കൻ മേഖല സമ്മേളനം 12.8.21 ന് പാലക്കൽ ഇടവകയിൽ വച്ച് ചേർന്നു. ഒല്ലൂർ ഫൊറോനപ്രൊമോട്ടർ ബഹു. ഫാ. ബൈജു കാഞ്ഞിരത്തിങ്കലിന്റെ നേത്വത്തിൽ ചേർന്ന യോഗം അതിരൂപത ഡയരക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ഉദ്ഘാടനം നിർവ്വഹിച്ചു. സമ്മേള

നയോഗത്തിൽ അതിരൂപത ഭാരവാഹികളായ സി.പി. ഡേവീസ്, ടി.എസ്. അബ്രാഹം, ജോസ് വേലൂക്കാരൻ, ഐ.ജെ. സിജോ എന്നിവരും വിവിധ ഫൊറോനകളിൽ നിന്നും യൂണിറ്റുകളിൽ നിന്നുമുള്ള പ്രതിനിധികളും പങ്കെടുത്തു.

നാർക്കോട്ടിക് ജിഹാദിനെ ചൊല്ലി ആരോപണവിധേയനായ പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിനു പിന്തുണ പ്രഖ്യാപിച്ചു കൊണ്ട് ലിജിമോൻ പ്രമേയമവതരിപ്പിച്ചു. തോമസ് പൂപ്പാടി 13 വർഷം പിന്നിട്ട കോടന്നൂർ ബാർ വിരുദ്ധ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രമേയം അവതരിപ്പിച്ചു.

കെ.എസ്.ആർ.ടി.സി. ഡെപ്പോകളിൽ മദ്യശാല തുറക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങളെ അപലപിച്ചുകൊണ്ട് ജോഷി കോടന്നൂർ പ്രമേയം അവതരിപ്പിച്ചു. ട്രഷറർ ജോസ് വേലൂക്കാരൻ സ്വാഗതമോതി; പി.ആർ.ഒ. ജോസ് വടക്കേത്തല നന്ദിയും.


**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

# തിരുനാളാശംസകൾ



**വി. ഫ്രാൻസിസ് അസ്സീസി**
ഒക്ടോബർ 4



**വാഴ്ത്തപ്പെട്ട**
**തേവർപറമ്പിൽ കുഞ്ഞച്ചൻ**
ഒക്ടോബർ 16



**വി. ജോൺ പോൾ രണ്ടാമൻ**
ഒക്ടോബർ 22

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.09.2021
**October - 2021**



പരിശുദ്ധ ജപമാല രാജ്ഞി
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor